കേരള സർക്കാർ

SOCIAL JUSTICE DEPARTMENT
care, protection & empowerment



# ഭിന്നശേഷിക്കാർക്കായി നടപ്പിലാക്കുന്ന പദ്ധതികൾ

## 2023-24

# ഉള്ളടക്കം


| | | |
|---|---|---|
| | | പേജ് നമ്പർ |
| 1. | ആമുഖം | 3 |
| 2. | സാമൂഹ്യനീതി ഡയറക്ടറേറ്റ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ | 4 |
| 3. | സംസ്ഥാന ഭിന്നശേഷി കമ്മീഷണറേറ്റ് | 11 |
| 4. | കേരള സംസ്ഥാന ഭിന്നശേഷി ക്ഷേമ കോർപ്പറേഷൻ | 12 |
| 5. | കേരള സാമൂഹ്യ സുരക്ഷാമിഷൻ | 17 |
| 6. | നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആന്റ് റീഹാബിലിറ്റേഷൻ (എൻ.ഐ.പി.എം.ആർ) | 22 |
| 7. | നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആന്റ് ഹിയറിങ് (നിഷ്) | 28 |
| 8. | കേന്ദ്ര സർക്കാർ പദ്ധതികൾ | 37 |
| 9. | മറ്റ് വകുപ്പുകൾ | 41 |
| 10. | സാമൂഹ്യനീതി വകുപ്പിന് കീഴിലുള്ള ഓഫീസുകളുടെ പേരും വിലാസവും | 57 |

# സാമൂഹ്യനീതി ഡയറക്ടറേറ്റ്

www.sjd.kerala.gov.in 04712306040

## ആമുഖം

ഭിന്നശേഷിക്കാരെ സമൂഹത്തിന്റെ പൊതുധാരയിലേയ്ക്ക് ഉയർത്തിക്കൊണ്ടു വരികയെന്നത് സാമൂഹ്യനീതി വകുപ്പിന്റെ പ്രവർത്തനലക്ഷ്യങ്ങളിൽ സുപ്രധാനമായ ഒന്നാണ്. മെച്ചപ്പെട്ട ജിവിത സാഹചര്യങ്ങൾ ഉറപ്പു വരുത്തി സുരക്ഷയും അവകാശ സംരക്ഷണവും നിയമ പരിരക്ഷയും ഉറപ്പാക്കുന്നതിനായി വിവിധ പദ്ധതികളും, സേവനങ്ങളും കേന്ദ്ര സംസ്ഥാന സർക്കാരുകൾ സാമൂഹ്യനീതി വകുപ്പ് മുഖേന നേരിട്ടും കേരള സംസ്ഥാന ഭിന്നശേഷി കമ്മീഷണറേറ്റ്, കേരള സംസ്ഥാന ഭിന്നശേഷി ക്ഷേമ കോർപ്പറേഷൻ, കേരളാ സാമൂഹ്യസുരക്ഷാ മിഷൻ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് & ഹിയറിംഗ്, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആന്റ് റീഹാബിലിറ്റേഷൻ (എൻ.ഐ.പി.എം.ആർ) എന്നിവയുമായി ചേർന്നും നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതികളെയും, സേവനങ്ങളെയും കുറിച്ചുള്ള സംക്ഷിപ്ത വിവരണമാണ് ഈ കൈപുസ്തകത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. കൂടാതെ ഭിന്നശേഷിക്കാർക്കായി മറ്റ് വകുപ്പുകൾ നടത്തി വരുന്ന പദ്ധതികളും ഇതിന്റെ ഭാഗമായി ചേർത്തിട്ടുണ്ട്.

സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കുന്ന വ്യക്തിഗത ഗുണഭോതൃ പദ്ധതികൾക്ക് ഇപ്പോൾ ''സുനീതി'' പോർട്ടൽ മുഖേന അപേക്ഷിക്കുന്നതിന് സാധ്യമാണ്. സംസ്ഥാന സർക്കാരിന്റെ പ്രഖ്യാപിത നയമായ 'സർക്കാർ സേവനങ്ങൾ വീട്ടുപടിക്കൽ' എന്ന ലക്ഷ്യം സാർത്ഥകമാക്കുന്നതിനും സേവനങ്ങൾ താമസം വിനാ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനും വേണ്ടിയാണ് 'സുനീതി' പോർട്ടൽ സജ്ജമാക്കിയിരിക്കുന്നത്. പൊതുജനങ്ങൾക്ക് വകുപ്പിന്റെ വ്യക്തിഗത ഗുണഭോക്തൃ പദ്ധതികളെ സംബന്ധിക്കുന്ന വിശദാംശങ്ങൾ അറിയുവാനും അപേക്ഷകൾ ഓൺലൈൻ വഴി സമർപ്പിക്കുവാനും പ്രസ്തുത പോർട്ടൽ മുഖേന സാധ്യമാകും. അപേക്ഷകരിൽ നിന്നും അർഹരായ ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് സുതാര്യമായും സമയക്ലിപ്തത പാലിച്ചുകൊണ്ടും വകുപ്പിന്റെ ആനുകൂല്യങ്ങൾ നേരിട്ട് ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുവാനും ഈ സംവിധാനത്തിലൂടെ സാധിക്കും.

suneethi.sjd.kerala.gov.in

## സാമൂഹ്യനീതി ഡയറക്ടറേറ്റ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ

### ❖ വിദ്യാഭ്യാസ സഹായങ്ങൾ

1. വിദ്യാകിരണം - 40%മോ അതിന് മുകളിലോ ഭിന്നശേഷിക്കാരായ രക്ഷകർത്താക്കളുടെ മക്കൾക്കുള്ള വിദ്യാഭ്യാസ ധനസഹായ പദ്ധതി. ഒന്നാം ക്ലാസ് മുതൽ Degree, PG, Poly Technic, വരെയുള്ള വിദ്യാർത്ഥികൾക്ക് അപേക്ഷിക്കാവുന്നതാണ്.
2. വിദ്യാജ്യോതി - സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന 9-ാം ക്ലാസ്സ് മുതൽ PG തലം വരെയുള്ള ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ, യൂണിഫോം എന്നിവയ്ക്കുള്ള ധനസഹായം.
3. ഭിന്നശേഷി കുട്ടികൾക്കുള്ള സ്കോളർഷിപ്പ് - 40% യോഗ്യതാമാർക്കുള്ള ഒന്നാം ക്ലാസ് മുതൽ Professional, PG courses വരെ പഠിക്കുന്ന ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്ന പദ്ധതി.
4. വിദൂര വിദ്യാഭ്യാസ ധനസഹായം - വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പോകാൻ കഴിയാതെ വീട്ടിൽതന്നെ പഠനം നടത്തുന്ന ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് ഓപ്പൺ സ്കൂൾ/കോളേജ്, വിദൂര വിദ്യാഭ്യാസം മുഖേന ഡിഗ്രി തലത്തിലും പി.ജി തലത്തിലും വിദ്യാഭ്യാസം ചെയ്യുന്നതിന് ഒരു വർഷം വരെ ധനസഹായം നൽകുന്ന പദ്ധതി.
5. വിജയാമൃതം - ഭിന്നശേഷിക്കാരായ വിദ്യാർത്ഥികളിൽ ബിരുദം/തത്തുല്യ കോഴ്സുകൾ, ബിരുദാനന്തര ബിരുദം/പി.ജിക്ക് തത്തുല്യമായ പ്രൊഫഷണൽബിരുദം വിഭാഗങ്ങളിൽഉന്നത വിജയം കരസ്ഥമാക്കിയവർക്ക് ധനസഹായം നൽകുന്ന പദ്ധതി.
6. സഹചാരി ഗവൺമെന്റ്, എയ്ഡഡ്, പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഭിന്നശേഷിക്കാരായ വിദ്യാർത്ഥികളെ പഠന കാര്യത്തിലും മറ്റ് പ്രവർത്തനങ്ങളിലും സഹായിക്കുന്നതും വിദ്യാഭ്യാസ സ്ഥാപനത്തിന് പുറത്തും ഭിന്നശേഷിക്കാർക്കായി നടത്തുന്ന മെഡിക്കൽ ക്യാമ്പുകളിലും മറ്റു പരിപാടികളിലും സഹായിക്കുന്നതുമായ NSS / NCC / SPC യൂണിറ്റുകൾക്ക് ധനസഹായം നൽകുന്ന പദ്ധതി

### ❖ വിവാഹധന സഹായം

പരിണയം - സാമ്പത്തികമായി പിന്നോക്കാവസ്ഥയിലുള്ള ഭിന്നശേഷിക്കാരായ മാതാപിതാക്കളുടെ പെൺമക്കൾക്കും ഭിന്നശേഷിക്കാരായ പെൺകുട്ടികൾക്കും വിവാഹ ധനസഹായം അനുവദിക്കുന്ന പദ്ധതി

## ❖ ചികിൽസാ ധനസഹായ പദ്ധതികൾ

1. വികലാംഗ ദുരിതാശ്വാസ നിധി ഭിന്നശേഷിക്കാർക്ക് ചികിത്സയ്ക്കായി ധനസഹായം നൽകുന്ന പദ്ധതി – ചികിത്സയിലാണെന്ന് ബന്ധപ്പെട്ട ഡോക്ടർനൽകുന്ന സാക്ഷ്യപത്രം ഹാജരാക്കുന്ന ഭിന്നശേഷിക്കാരായ വ്യക്തികൾക്ക് ഒറ്റത്തവണ ധനസഹായം അനുവദിക്കുന്നു.
2. നിരാമയ–നാഷണൽട്രസ്റ്റ് ആക്ട്, 1999 പരിധിയിൽ ഉൾപ്പെടുന്ന (ഓട്ടിസം, സെറിബ്രൽ പാൾസി, ബൗദ്ധിക വെല്ലുവിളി, മൾട്ടിപ്പിൾ ഡിസെബിലിറ്റീസ്) ഭിന്നശേഷിക്കാരായ വ്യക്തികൾക്ക് ഒരു ലക്ഷം രൂപ വരെ ആരോഗ്യ ചികിത്സ സഹായം നൽകുന്ന പദ്ധതി.
3. സഹായ ഉപകരണ വിതരണ പദ്ധതി – ഭിന്നശേഷിത്വം മറികടക്കാനും ജീവിതം ആയാസ രഹിതമാക്കാനും ഉകതുന്ന നൂതന സാങ്കേതിക ഉപകരണങ്ങൾ നൽകുന്നതിലൂടെ അവരുടെ പുനരധിവാസം ഉറപ്പു വരുത്തുന്ന പദ്ധതി.
4. പരിരക്ഷാ പദ്ധതി – അടിയന്തിര സാഹചര്യം നേരിടേണ്ടി വരുന്ന ഭിന്നശേഷിക്കാർക്കും വളരെ പരിതാപകരമായ അവസ്ഥയിലുള്ള ഭിന്നശേഷിക്കാർക്കും ഒന്നിൽ കൂടുതൽ ഭിന്നശേഷിക്കാരായ വ്യക്തികൾ ഉള്ളകുടുംബങ്ങൾക്കും ധനസഹായം അനുവദിക്കുന്ന പദ്ധതി
5. ഇംപ്രസ്റ്റ് മണി – പൊതുസ്ഥലങ്ങളിൽ ഉപേക്ഷിക്കപ്പെടുന്ന അനാഥരുടേയും അശരണരുടേയും പുനരധിവാസം ഉറപ്പാക്കുന്നതിനും അടിയന്തര സഹായം നൽകുന്നതിനുമായി രൂപീകരിച്ചിട്ടുള്ള പദ്ധതി.

## ❖ തൊഴിൽ

1. ഭിന്നശേഷിക്കാരുടെ നിയമനം – ഭിന്നശേഷി അവകാശ നിയമം 2016–ൽ നിഷ്ക്കർഷിച്ചിട്ടുള്ളതു പ്രകാരം സർക്കാർ/ അർദ്ധ സർക്കാർ/ പൊതുമേഖല സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ 4% ഭിന്നശേഷി സംവരണം അനുവദിച്ച് ഉത്തരവായിട്ടുണ്ട്. നാല് ശതമാനം ഭിന്നശേഷി സംവരണം ഏർപ്പെടുത്തുന്നതിനായി കോമൺ കാറ്റഗറി വിഭാഗത്തിൽ ഭിന്നശേഷിക്കാർക്ക് അനുയോജ്യമായ തസ്തികകൾ കണ്ടെത്തി ഉത്തരവായിട്ടുണ്ട്. 2677 സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിച്ച് താൽക്കാലിക അടിസ്ഥാനത്തിൽ വിവിധ വകുപ്പുകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി സേവനം അനുഷ്ഠിച്ചിട്ടുള്ള 2186 ഭിന്നശേഷിക്കാർക്ക് സ്ഥിര നിയമനം നൽകിയിട്ടുണ്ട്. ഭിന്നശേഷിക്കാർക്ക് സർക്കാർ സർവ്വീസിൽ അനുയോജ്യമായ 654 തസ്തികകളുടെ പോസ്റ്റ് ഐഡന്റിഫിക്കേഷൻ പൂർത്തിയാക്കുകയും ടി തസ്തികകൾക്ക് 4% ഭിന്നശേഷി സംവരണം അനുവദിച്ച് ഉത്തരവു പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

2. കാഴ്ച പരിമിതി നേരിടുന്ന അഡ്വക്കേറ്റുമാർക്കുള്ള പദ്ധതി - സംസ്ഥാനത്തെ കോടതികളിൽ പ്രാക്ടീസ് ചെയ്യുന്ന കാഴ്ചാ പരിമിതിയുള്ള അഡ്വക്കേറ്റുമാർക്ക് എക്സ്ഗ്രേഷ്യാ അലവൻസും വായനാ സഹായി അലവൻസും അനുവദിക്കുന്നു.
3. സ്വാശ്രയ പദ്ധതി - ഭർത്താവ് ഉപേക്ഷിച്ചതോ/ മരണപ്പെട്ടതോ ആയതും തീവ്ര ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വ്യക്തികളെ സംരക്ഷിക്കേണ്ടി വരുന്നതുമായ മാതാവിന് /രക്ഷിതാവിന് (സ്ത്രീകൾ) സ്വയം തൊഴിൽ ചെയ്യുന്നതിന് ഒറ്റത്തവണ ധനസഹായം അനുവദിക്കുന്നു.
4. സ്നേഹയാനം - നാഷണൽട്രസ്റ്റ് നിയമത്തിൽഉൾപ്പെട്ട ഭിന്നശേഷിക്കാരുടെ നിർധനരരും മറ്റ് വരുമാന മാർഗങ്ങൾ ഒന്നും ഇല്ലാത്തവരും ഭർത്താവ് ഉപേക്ഷിച്ചതോ/മരിച്ചതോ ആയ അമ്മമാർക്ക് ഇലക്ട്രിക് ഓട്ടോ നൽകുന്ന പദ്ധതി.

## ❖ ഭിന്നശേഷിക്കാരായ കുട്ടികളുടെ മാതാപിതാക്കൾക്കുള്ള പദ്ധതികൾ

1. മാതൃജ്യോതി പദ്ധതി - ഭിന്നശേഷി അവകാശ നിയമം, 2016 പരിധിയിൽ ഉൾപ്പെട്ടിട്ടുള്ള ഭിന്നശേഷിക്കാരായ അമ്മമാർക്ക് പ്രസവാനന്തരം കുഞ്ഞിനെ പരിപാലിക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുമുള്ള ധനസഹായ പദ്ധതി. ഒരാൾക്ക് പരമാവധി 2 തവണ മാത്രമേ ആനുകൂല്യം അനുവദിക്കുകയുള്ളൂ.
2. നിയമപരമായ രക്ഷാകർതൃത്വം - നാഷണൽ ട്രസ്റ്റ് ആക്ട്, 1999 പ്രകാരം ഓട്ടിസം, സെറിബ്രൽ പാൾസി, ബുദ്ധിമാന്ദ്യം, മൾട്ടിപ്പിൾ ഡിസെബിലിറ്റി എന്നിവ ബാധിച്ച വ്യക്തികൾക്ക് നിയമപരമായി രക്ഷകർത്താവിനെ കണ്ടെത്തി ലീഗൽ ഗാർഡിയൻഷിപ്പ് നൽകുന്നു.
3. NISH ONLINE INTERACTIVE DISABILITY AWERNESS SEMINAR (NIDAS) - ഇന്റർനെറ്റ് ടെക്നോളജി സംവിധാനം ഉപയോഗപ്പെടുത്തി പൊതുജനങ്ങൾക്ക്, പ്രത്യേകിച്ച് ഭിന്നശേഷിക്കാരുടെ രക്ഷിതാക്കൾക്കും, ഭിന്നശേഷിക്കാരെ പരിചരിക്കുന്നവർക്കും പരിശീലനം നൽകുന്ന പദ്ധതി. നിഷ് (നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആൻഡ് ഹിയറിങ്) മുഖേനയാണു പ്രസ്തുത പദ്ധതി നടപ്പിലാക്കി വരുന്നത്. പദ്ധതിയുടെ ഭാഗമായി എല്ലാ മാസവും യോഗം ചേരുകയും, വിവിധ സെക്ഷനുകളിലായി ക്ലാസ്സുകൾനടത്തുകയും ചെയ്യുന്നു. നിഡാസിനെക്കുറിച്ച് കൂടുതൽ അറിയാൻ www.nidas.nish.ac.in എന്നവെബ്സൈറ്റ് സന്ദർശിക്കുക.
4. പരിമിത രക്ഷകർതൃത്വം (Limited Guardianship) മതിയായതും, ഉചിതമായതുമായ പിന്തുണ കൊടുത്തിട്ടും, ഭിന്നശേഷിക്കാരനായ ഒരു വ്യക്തിയെ സംബന്ധിച്ചോ ആ വ്യക്തിയുടെ

വസ്തുവകകളെ സംബന്ധിച്ചോ നിയമ സാധുതയുള്ള തീരുമാനം കൈക്കൊള്ളുന്നതിന് ശാരീരിക മാനസിക പരിമിതികളുള്ളവർക്ക് വേണ്ടി ഒരു നിശ്ചിത കാലയളവിൽ ഒരു പ്രത്യേക കാര്യം നിർവ്വഹിക്കുന്നതിനുവേണ്ടി ഭിന്നശേഷിക്കാരന്റെ സമ്മത പ്രകാരം മറ്റൊരു വ്യക്തിയെ ചുമതലപ്പെടുത്തുന്ന സംവിധാനമാണ് പരിമിത രക്ഷകർതൃത്വം. സബ് ഡിവിഷണൽ മജിസ്ട്രേറ്റ് (RDO) മാരെയാണ് ഇതിനായി ചുമതലപ്പെടുത്തി യിരിക്കുന്നത്.

## ❖ ഭിന്നശേഷിക്കാരെ സംരക്ഷിക്കുന്ന സ്ഥാപനങ്ങൾക്കുള്ള ഗ്രാൻറുകൾ/പദ്ധതികൾ

1. RPwD രജിസ്ട്രേഷന് - സംസ്ഥാന ഭിന്നശേഷി അവകാശ ചട്ടം 2020 അധ്യായം IV സെക്ഷൻ 12 (1) പ്രകാരം ഭിന്നശേഷി സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷൻ നൽകുന്നതിനുള്ള Competent Authority ആയി സാമൂഹ്യനീതി വകുപ്പ് ജോയിന്റ് ഡയറക്ടറേയും അപ്പലേറ്റ് അതോറിറ്റിയായി സാമൂഹ്യനീതി ഡയറക്ടറേയും ചുമതലപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്ത് ഭിന്നശേഷിക്കാരുടെ ക്ഷേമം, വികസനം, തൊഴിൽ നൈപുണ്യം, പരിശീലനം, പുനരധിവാസം, ചികിത്സ തുടങ്ങിയ മേഖലകളിൽ പ്രവർത്തിക്കുന്ന ബഡ്സ് സ്കൂളുകൾ, ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററുകൾ, സ്പെഷ്യൽ സ്കൂളുകൾ, തെറാപ്പി സെന്ററുകൾ, സൈക്കോ-സോഷ്യൽ സ്ഥാപനങ്ങൾ തുടങ്ങിയവ രജിസ്റ്റർ ചെയ്യുന്നതിന് പ്രത്യേകം നടപടിക്രമങ്ങൾ അംഗീകരിച്ചിട്ടുണ്ട്. എല്ലാ വിഭാഗം സ്ഥാപനങ്ങൾക്കും പൊതുവായ മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് വരെ ഓരോ മേഖലയിലും പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് പ്രത്യേകമായി അംഗീകരിച്ചിട്ടുള്ള ഗൈഡ് ലൈൻസ് പ്രകാരവും ഇതുവരെ ഗൈഡ് ലൈൻസ് പുറപ്പെടുവിച്ചിട്ടില്ലാത്ത സ്ഥാപനങ്ങൾ G.O (MS) No.28/2013/സാ.നീ.വ തീയതി 25/03/2013 പ്രകാരമുള്ള പൊതു മാർഗനിർദ്ദേശങ്ങൾ പ്രകാരവും രജിസ്റ്റർ ചെയ്യുന്നതാണ്.
2. സൈക്കോ സോഷ്യൽസ്ഥാപനങ്ങൾക്ക് ഗ്രാന്റ് അനുവദിക്കൽ - കേരള സൈക്കോ-സോഷ്യൽ റൂൾ 2012 പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനങ്ങൾക്ക് സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഗ്രാന്റ് നൽകി വരുന്നു.
3. അതിജീവനം - ഭിന്നശേഷിക്കാരായ വ്യക്തികളുടെ അവകാശ സംരക്ഷണത്തിനും സാമൂഹിക മുന്നേറ്റത്തിനുമായുള്ള സമഗ്ര പദ്ധതി. സമൂഹത്തിൽ നിരാലംബരും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നതുമായ ഭിന്നശേഷിക്കാരുടെ അഭിരുചികൾ കണ്ടെത്തി തൊഴിൽ പരിശീലനം നൽകി പുനരധിവസിപ്പിക്കുന്നതിനായി 2 സർക്കാർ തൊഴിൽ പരിശീന

കേന്ദ്രങ്ങളുണ്ട്. എന്നാൽ ആവശ്യക്കാരുടെ എണ്ണവുമായി താരതമ്യം ചെയ്യുമ്പോൾ മതിയായ സർക്കാർ സ്ഥാപനങ്ങളുടെ എണ്ണം വളരെ കുറവാണ്. ഇത്തരം സാഹചര്യങ്ങളിൽ സർക്കാരിതര ഏജൻസികളുടെ സഹകരണത്തോടെ ഭിന്നശേഷിക്കാരുടെ പുനരധിവാസം ഉറപ്പുവരുത്തുന്നതിന് അതിജീവനം സമഗ്ര പദ്ധതി നടപ്പിലാക്കുന്നു.

## ❖ മറ്റ് പദ്ധതികൾ

1. ബാരിയർ ഫ്രീ കേരള പദ്ധതി -സംസ്ഥാനത്തെ എല്ലാ പൊതു ഇടങ്ങൾ, കെട്ടിടങ്ങൾ- വാർത്താ വിനിമയ- ഗതാഗത സൗകര്യങ്ങൾ എന്നിവ ഭിന്നശേഷി സൗഹൃദമാക്കുന്നതിന് ഉദ്ദേശിച്ചുള്ള പദ്ധതി. ബാരിയർ ഫ്രീ പ്രവർത്തനങ്ങളുടെ മോണിട്ടറിങ്ങും, ഇവാലുവേഷനും നടത്തുന്നതിനായും ആക്സസബിലിട്ടി നോംസ് സംബന്ധിച്ച ട്രെയിനിംഗ് നൽകുന്നതിനുമായി തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജുമായി ബന്ധപ്പെട്ടു ബാരിയർ ഫ്രീ കൺസൾട്ടൻസി സെൽ രൂപീകരിച്ചു. 2020-21 മുതൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.
2. മൊബിലിറ്റി മിഷൻ കേരള പദ്ധതി - സെറിബ്രൽ പാൾസി ഉൾപ്പെടെ ബുദ്ധിപരവും ശാരീരികവുമായി പരിമിതികളുള്ള കുട്ടികളെ കണ്ടെത്തി സാധ്യമായ വൈദ്യശാസ്ത്ര പരിചരണവും (കറക്ടീവ് സർജറി ഉൾപ്പെടെ) പുനരധിവാസവും, രക്ഷിതാക്കൾക്ക് പരിശീലനവും നൽകി തീവ്ര ഭിന്നശേഷിത്വത്തിലേക്ക് നയിക്കുന്നത് തടയുന്നതിനും, സ്വന്തമായോ അനുബന്ധ ഉപകരണങ്ങളുടെ സഹായത്തോടെയോ നടക്കാൻ പ്രാപ്തരാക്കുന്നതിനും, അനുയോജ്യമായ പരിശീലന ഉപകരണങ്ങൾ നല്കുന്നതിനും സാമൂഹ്യ നീതി വകുപ്പിന്റെയും മലപ്പുറം വളാഞ്ചേരി വി.കെ.എം. സ്പെഷ്യൽ സ്കൂളിന്റെയും സംയുക്ത സംരംഭമായ മൊബിലിറ്റി മിഷൻകേരള പദ്ധതി 2018-19 വർഷം മുതൽ നടപ്പിലാക്കിവരുന്നു.
3. CDMRP (Community Disability Management and Rehabilitation Programme) -ബുദ്ധിവികാസ പരിമിതിയുള്ളവർക്കു വേണ്ടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഡിസബിലിറ്റി ക്ലിനിക്കുകൾ സ്ഥാപിച്ച് ഭിന്നശേഷി പ്രതിരോധം, ചികിത്സാ-പുനരധിവാസ-പരിശീലന പ്രവർത്തനങ്ങൾ എന്നിവ നടപ്പിലാക്കുന്നതിനായി കോഴിക്കോട് യൂണിവേഴ്സിറ്റിയിലെ സൈക്കോളജി വിഭാഗത്തിന്റെ നേതൃത്വത്തിൽ, കോഴിക്കോട്, മലപ്പുറം, കണ്ണൂർ ജില്ലകളിലായി കമ്യൂണിറ്റി ക്ലിനിക്കുകൾ സ്ഥാപിച്ച് സാമൂഹ്യനീതി വകുപ്പ് 2015-16 മുതൽ തുടർച്ചയായി നടപ്പിലാക്കി വരുന്ന പദ്ധതിയാണ് CDMRP.
4. ശ്രേഷ്ഠം പദ്ധതി - കലാ-കായിക രംഗത്ത് മികവ് പുലർത്തുന്ന ഭിന്നശേഷിക്കാരായ വ്യക്തികൾക്ക് ധനസഹായം നൽകുന്ന പദ്ധതി. കലാ-കായിക മേഖലകളിൽ സംസ്ഥാനത്തെ

/രാജ്യത്തെ അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും പരിശീലനം നേടുന്നവരോ, സംസ്ഥാന/ദേശീയതല മത്സരങ്ങളിൽ ശ്രദ്ധിക്കപ്പെട്ടവരോ ആയ ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവർക്ക് അപേക്ഷിക്കാവുന്നതാണ്.

5. സംസ്ഥാന ഭിന്നശേഷി ദിനാചരണവും അവാർഡ് വിതരണവും -അന്താരാഷ്ട്ര ഭിന്നശേഷി ദിനമായ ഡിസംബർ 3 സാമൂഹ്യനീതി വകുപ്പിന്റെ നേതൃത്വത്തിൽ വിപുലമായ പരിപാടികളോടെ ആചരിച്ചു വരുന്നു. ജില്ലാതലത്തിൽ ഭിന്നശേഷിക്കാർക്കായി കലാ-കായിക മേളകളും, വകുപ്പു മന്ത്രിയുടെ നേതൃത്വത്തിൽ ഒരു ജില്ല കേന്ദ്രീകരിച്ച് സംസ്ഥാനതല ആഘോഷങ്ങളും സംഘടിപ്പിക്കുകയും അതോടൊപ്പം ഭിന്നശേഷിക്കാർക്കുള്ള സംസ്ഥാന അവാർഡ് വിതരണവും നടത്തുന്നു.

6. പ്രത്യാശ പദ്ധതി - സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചു വരുന്ന ക്ഷേമ സ്ഥാപനങ്ങളിലേയും ഓർഫനേജ് കണ്ട്രോൾബോർഡിന്റെ അംഗീകാരത്തോടെ പ്രവർത്തിച്ചു വരുന്നതും സർക്കാരിൽ നിന്നും ഗ്രാന്റ് ലഭിച്ചു വരുന്നതുമായ സൊക്കോസോഷ്യൽ റീഹാബിലിറ്റേഷൻ സെന്ററുകളിലും മാനസ്സിക രോഗം ഭേദമായിട്ടും / നിയന്ത്രണ വിധേയമായിട്ടും സ്വന്തം വീടുകളിൽ പോകുവാനോ കുടുംബത്തെ കണ്ടെത്തുവാനോ കഴിയാത്ത അന്യസംസ്ഥാനക്കാരെ സ്വന്തം ഭവനങ്ങളിലോ / കുടുംബത്തിലോ / സ്വദേശത്തേയ്ക്കോ എത്തിയ്ക്കുന്ന പദ്ധതിയാണ് പ്രത്യാശ പദ്ധതി.

7. പുനർജ്ജനി - പാലക്കാട് ജില്ലയിൽ അട്ടപ്പാടി ബ്ലോക്കിലെ മാനസിക രോഗബാധിതരായ ആദിവാസികളുടെ പുനരധിവാസത്തിനായി നടപ്പിലാക്കുന്ന പദ്ധതി. പദ്ധതിയുടെ ഭാഗമായി സാമൂഹ്യനീതി വകുപ്പിന്റെ മേൽനോട്ടത്തിൽ ആരോഗ്യം, പട്ടിക വർഗ്ഗ വികസനം, റവന്യു, തദ്ദേശ സ്വയം ഭരണം എന്നീ വകുപ്പുകളുടെ സഹകരണത്തോട് കുടി 50 പേരെ താമസിപ്പിക്കാവുന്ന കെയർഹോം അട്ടപ്പാടിയിൽ പ്രവർത്തിക്കുന്നു.

8. ഭിന്നശേഷിക്കാർക്കുള്ള പുനരധിവാസ സ്ഥാപനങ്ങൾ സാമൂഹ്യനീതി വകുപ്പിനു കീഴിൽ ഭിന്നശേഷിക്കാർക്കു വേണ്ടി ചുവടെ ചേർത്തിരിയ്ക്കുന്ന ക്ഷേമസ്ഥാപനങ്ങൾ പ്രവർത്തിയ്ക്കുന്നുണ്ട്.

   ആശാഭവൻ (6 എണ്ണം) - മാനസികാരോഗ്യം വീണ്ടെടുത്തിട്ടും സംരക്ഷിയ്ക്കുവാൻ ആളില്ലാത്ത രോഗികളുടെ പരിചരണത്തിനും സംരക്ഷണത്തിനുമായി പ്രവർത്തിയ്ക്കുന്നു.

   പ്രതീക്ഷ ഭവൻ മലപ്പുറം - മാനസിക വെല്ലുവിളി നേരിടുന്ന പുരുഷൻമാർക്ക് വേണ്ടി പ്രവർത്തിയ്ക്കുന്നു.

   പുണ്യഭവൻ, കോഴിക്കോട് - മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കു വേണ്ടി പ്രവർത്തിയ്ക്കുന്നു.

   പ്രത്യാശാ ഭവൻ, തൃശ്ശൂർ, പ്രിയാ ഹോം കൊല്ലം - മാനസിക

വെല്ലുവിളി നേരിടുന്ന സ്ത്രീകൾക്കു വേണ്ടി പ്രവർത്തിയ്ക്കുന്നു.
കെയർഹോം ഫോർ ഡിസേബിൾഡ് ചിൽഡ്രൻ – ഭിന്നശേഷിക്കാരായ കുട്ടികൾക്കു വേണ്ടി പ്രവർത്തിയ്ക്കുന്നു.
ഭിന്നശേഷി സദനങ്ങൾ – എറണാകുളം, തിരുവനന്തപുരം, കോഴിക്കോട് ജില്ലകളിൽ പ്രവർത്തിയ്ക്കുന്നു.
തിരുവനന്തപുരം, കോഴിക്കോട് ജില്ലകളിൽ ഭിന്നശേഷിക്കാർക്കു വേണ്ടിയുള്ള തൊഴിൽപരിശീലന കേന്ദ്രങ്ങൾ പ്രവർത്തിയ്ക്കുന്നു.

9. ബൗദ്ധിക വെല്ലുവിളി നേരിടുന്ന മുതിർന്നവരുടെ പുനരധിവാസത്തിനായി NGO പങ്കാളിത്തത്തോടു കൂടി പ്രതീക്ഷാ ഭവനുകൾ ആരംഭിയ്ക്കുന്ന പദ്ധതി – ബൗദ്ധിക വെല്ലുവിളി നേരിടുന്ന മുതിർന്നവരുടെ പുനരധിവാസത്തിനായി തെരഞ്ഞെടുക്കുന്ന അംഗീകൃത NGO യ്ക്ക് സർക്കാർ ധനസഹായം നൽകുന്നു. 2022–23 സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കി വരുന്ന പ്രസ്തുത പദ്ധതി പ്രകാരം സാമൂഹ്യനീതി വകുപ്പിൽനിന്നുള്ള താമസക്കാരെയാണ് ആദ്യഘട്ടത്തിൽ പുനരധിവസിപ്പിയ്ക്കുന്നത്.

10. Day Care Project (IMHANS) മാനസികരോഗ വിമുക്തരായവരുടെ പുനരധിവാസത്തിന്റെ ഭാഗമായി 2017 ഫെബ്രുവരി മുതൽ Kozhikode IMHANSന്റെ മേൽനോട്ടത്തിൽ Day Care Centre പ്രവർത്തിച്ചുവരുന്നു. കൗമാര പ്രായത്തിൽ തന്നെ രോഗ ലക്ഷണങ്ങൾ തുടങ്ങുന്നതിനാൽ സ്വന്തം കാര്യങ്ങൾ ചെയ്യാനുള്ള പ്രാപ്തി നഷ്ടപ്പെടുകയും സമൂഹത്തിൽ ഒറ്റപ്പെട്ടു പോകുകയും ചെയ്യുന്നു. ഇങ്ങനെ കഴിവുകൾ നഷ്ടപ്പെട്ടു പോയവരെ നിരന്തര പരിശീലനത്തിലൂടെ പഴയ ജീവിതത്തിലേയ്ക്ക് തിരികെ കൊണ്ടുവരികയും തൊഴിൽ നേടിക്കൊടുത്ത് ഉപജീവനമാർഗം നൽകുകയും ചെയ്യുക എന്നതാണ് ഈ പ്രോജക്ടിന്റെ ലക്ഷ്യം. ദീർഘകാലമായി മാനസിക രോഗം ബാധിച്ച് സമൂഹത്തിൽനിന്ന് ഒറ്റപ്പെട്ടു കഴിയുന്നവരാണ് ഈ പ്രോജക്ടിന്റെ ഗുണഭോക്താക്കൾ.

# സംസ്ഥാന ഭിന്നശേഷി കമ്മീഷണറേറ്റ്

www.scpwd.kerala.gov.in 04712720977

The Persons with Disabilities (Equal Opportunity Protection of Rights and Full Participation) Act 1995 പ്രകാരം 1999 ആണ് കേരളത്തിൽ ഭിന്നശേഷിക്കാരുടെ അവകാശ സംരക്ഷണത്തിനായുള്ള കമ്മീഷണറേറ്റ് സ്ഥാപിതമായത്. എന്നാൽ 1995 ലെ നിയമം 2016 ലെ The Rights of Persons with Disabilities Act നടപ്പിലാക്കുകയും 1999 ലെ നിയമം റദ്ദാകുകയും ചെയ്തു. തുടർന്ന് 2016 ലെ ഭിന്നശേഷി അവകാശ നിയമ പ്രകാരമാണ് കമ്മീഷണറേറ്റ് പ്രവർത്തിച്ചു വരുന്നത്. 2016 ലെ ഭിന്നശേഷി അവകാശ നിയമം സെക്ഷൻ 80 ൽ ഭിന്നശേഷി കമ്മീഷണറുടെ ചുമതലകൾ നിഷ്കർഷിച്ചിട്ടുണ്ട്. ആയത് ചുവടെ ചേർക്കുന്നു.

- ഭിന്നശേഷി അവകാശ നിയമം പൂർണ്ണമായും നമ്മുടെ സംസ്ഥാനത്ത് നടപ്പിലാക്കുകയും നിരീക്ഷിക്കുകയും ചെയ്യുക.
- പ്രസ്തുത നിയമ പ്രകാരമുള്ള ആനുകൂല്യങ്ങൾ ഭിന്നശേഷിക്കാർക്ക് ലഭിക്കുന്നതിന് വേണ്ട നടപടികൾ കൈക്കൊള്ളുക.
- അവ നടപ്പിലാക്കുമ്പോൾ ഉണ്ടാകുവാൻ സാദ്ധ്യതയുള്ള പ്രശ്നങ്ങളും പോരായ്മകളും സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി അവ ക്രിയാത്മകമായി പരിഹരിച്ച് ഭിന്നശേഷിക്കാരുടെ ക്ഷേമം ഉറപ്പു വരുത്തുക.
- ഭിന്നശേഷി അവകാശ നിയമത്തിന് വിരുദ്ധമായി മറ്റു നിയമങ്ങൾ/വകുപ്പുകൾ നിലവിലുണ്ടെങ്കിൽ അവ കണ്ടുപിടിക്കുക, തിരുത്തലുകൾ ശുപാർശ ചെയ്യുക,അവകാശ ലംഘനം കണ്ടെത്തുക.
- ഭിന്നശേഷിക്കാരുടെ അവകാശസംരക്ഷണത്തിനുള്ള മുൻകരുതലുകൾ പരിശോധിച്ച് ഫലവത്തായി നടപ്പിലാക്കുക
- ഭിന്നശേഷിക്കാരുടെ ക്ഷേമത്തിനായി സംസ്ഥാന സർക്കാർ ചെലവഴിക്കുന്ന ഫണ്ടുകളുടെ വിനിയോഗം വീക്ഷിക്കുക.
- ഭിന്നശേഷിക്കാർക്കായി സംസ്ഥാന സർക്കാർ തയ്യാറാക്കുന്ന മറ്റ് പദ്ധതികൾ നടപ്പിലാക്കുന്നതിന് മേൽനോട്ടം വഹിക്കുക.
- ഭിന്നശേഷി കമ്മീഷണർക്ക് സിവിൽ കോടതിയുടെതിന് തുല്യമായ അധികാരങ്ങൾ ഉണ്ടായിരിക്കും.

# കേരള സംസ്ഥാന ഭിന്നശേഷി ക്ഷേമ കോർപ്പറേഷൻ

www.hpwc.kerala.gov.in 04712347768

1979 സെപ്റ്റംബർ 1-ന് കേരള സർക്കാർ സാമൂഹ്യനീതി വകുപ്പിന് കീഴിൽ ഉള്ള ഒരു പൊതുമേഖല സ്ഥാപനമായി കേരള സംസ്ഥാന ഭിന്നശേഷി ക്ഷേമ കോർപ്പറേഷൻ ആരംഭിച്ചു. തിരുവനന്തപുരം പൂജപ്പുരയിലാണ് ആസ്ഥാന മന്ദിരം. എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ റീജിയണൽ ഓഫീസുകൾ പ്രവർത്തിക്കുന്നു. നാഷണൽ ഹാൻഡികാപ്പ്ഡ് ഫിനാൻസ് ഡവലപ്പ്മെന്റ് കോർപ്പറേഷന്റെ സംസ്ഥാന ചാനലിംഗ് ഏജൻസി കൂടിയാണ് കേരള സംസ്ഥാന ഭിന്നശേഷി ക്ഷേമ കോർപ്പറേഷൻ.

1. ഹൈടെക് ലിംബ്, ഇലക്ട്രോണിക് വീൽചെയർ തുടങ്ങിയ ആധുനിക ഉപകരണങ്ങളുടെയും പ്രത്യേക ആവശ്യങ്ങൾക്കുള്ള മറ്റ് സഹായ ഉപകരണങ്ങളുടെയും സൗജന്യ വിതരണം

ഈ പദ്ധതിയനുസരിച്ച് 1,00,000/ രൂപയിൽ താഴെ പ്രതിവർഷ വരുമാനമുള്ള ഭിന്നശേഷിക്കാർക്ക് സഹായോപകരണങ്ങൾ സൗജന്യമായി അനുവദിക്കുന്നു. മൂന്ന് വർഷത്തിലൊരിക്കലാണ് ഭിന്നശേഷിക്കാർക്ക് സഹായോപകരണങ്ങൾ നൽകി വരുന്നത്. ഹൈടെക് ലിംബ്, ഇലക്ട്രോണിക് വീൽചെയർ, വോയ്സ് എൻഹാൻസ്ഡ് സോഫ്ട് വെയറോടു കൂടിയ സ്മാർട്ട് ഫോൺ, വീൽചെയർ, മൂന്നുവീൽ സൈക്കിൾ, ആർട്ടിഫിഷ്യൽ ലിംബുകൾ, കാലിപ്പർ, ശ്രവണ സഹായി, കുടലിൽ ക്യാൻസർ ബാധിച്ചവർക്കുള്ള കൊളോസ്റ്റമി ബാഗുകൾ, വൈറ്റ് കെയിൻ, കുട്ടികൾക്കുള്ള സി.പി.ചെയറുകൾ, വാക്കർ തുടങ്ങി 100 ഓളം ഉപകരണങ്ങൾ കോർപ്പറേഷനിൽ നിന്നും നൽകി വരുന്നു. ഗവൺമെൻറ് ഡോക്ടർമാരുടെ ശുപാർശയോടു കൂടിയ നിശ്ചിത അപേക്ഷാ ഫോറത്തോടൊപ്പം രണ്ട് പാസ്സ്പോർട്ട് സൈസ് ഫോട്ടോയും റേഷൻ കാർഡ്, ഭിന്നശേഷിത്വം തെളിയിക്കുന്ന മെഡിക്കൽ ബോർഡ് സർട്ടിക്കിഫിക്കറ്റ് എന്നിവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പും ഹാജരാക്കേണ്ടതാണ്.

<u>നിബന്ധനകൾ</u>

- കേരളത്തിൽ സ്ഥിര താമസക്കാരായിരിക്കണം.
- 40% -മോ അതിന് മുകളിലോ ഭിന്നശേഷിത്വം ഉണ്ടായിരിക്കണം.
- വാർഷിക വരുമാനം 1,00,000/രൂപ വരെ അല്ലെങ്കിൽ BPL വിഭാഗത്താരായിരിക്കണം (വില്ലേജ് ഓഫീസറുടെ വരുമാന സർട്ടിഫിക്കറ്റ്)

- ഹൈടെക് ലിംബ്, ഇലക്ട്രോണിക് വീൽചെയർ, വോയ്സ് എൻഹാൻസ്ഡ് സോഫ്റ്റ് വെയറോടു കൂടിയ സ്മാർട്ട് ഫോൺ, സൈഡ് വീൽ സ്കൂട്ടർ എന്നിവ എട്ട് വർഷത്തിലൊരിക്കലും സഹായ ഉപകരണങ്ങൾ മൂന്ന് വർഷത്തിലൊരിക്കലും മാത്രം. (12 വയസ്സിന് താഴെയുള്ള കുട്ടികൾക്ക് സഹായ ഉപകരണങ്ങൾ വർഷത്തിലൊരിക്കൽ)

2. ട്രൈസ്കൂട്ടർ വിതരണം - നിർദ്ദിഷ്ട അപേക്ഷാ ഫോറത്തിൽ താഴെപ്പറയുന്ന നിബന്ധനകൾ പ്രകാരം അപേക്ഷ സമർപ്പിക്കാവുന്നതാണ്.

നിബന്ധനകൾ

- 18 വയസ്സിന് മുകളിൽ പ്രായം,
- 40-ഉം അതിന് മുകളിലും ശതമാനമുള്ള ചലന പരിമിതി,
- ഒരു ലക്ഷത്തിൽ കുറഞ്ഞ വാർഷിക വരുമാനം,
- സർക്കാർ ഉദ്യോഗസ്ഥർ ആകരുത്.
- ലോക്കോമോട്ടോർ ഡിസബിലിറ്റി വിഭാഗത്തിൽ ചലന പരിമിതി നേരിടുന്നവരുടെ ചലന സ്വാതന്ത്ര്യം ഉറപ്പ് വരുത്താൻ മാത്രമാണ് ഈ പദ്ധതി. മറ്റ് ഒരു ഭിന്ന ശേഷിക്കാരേയും ഈ പദ്ധതിയിൽ പരിഗണിക്കുന്നതല്ല.
- മേൽപ്പറഞ്ഞ വിഭാഗത്തിൽപ്പെടുന്ന വനിതകൾക്കും, എസ്.റ്റി. വിഭാഗത്തിൽപ്പെട്ടവർക്കും ഏറ്റവും പ്രഥമ പരിഗണന.

3. മോട്ടോറൈസ്ഡ് മുച്ചക്ര വാഹനങ്ങൾക്കുള്ള സബ്സിഡി

മോട്ടോറൈസ്ഡ് ട്രൈസൈക്കിൾ വാങ്ങി സൈഡ് വീൽ ഘടിപ്പിക്കുന്നതിനായി ഭിന്നശേഷിത്വമുള്ള വിദ്യാർത്ഥികൾക്കും സ്വയം തൊഴിൽ ചെയ്യുന്നവർക്കും 15,000/ രൂപ വരെ സബ്സിഡിയായി നൽകുന്നു. (ബിൽ തുക പരമാവധി 15,000/ രൂപ) നിശ്ചിത അപേക്ഷാഫോറത്തോടൊപ്പം സ്ക്കൂട്ടർ വാങ്ങി സൈഡ് വീൽ ഫിറ്റ് ചെയ്ത ബിൽ, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് 40% വും അതിൽ കൂടുതലോ ഭിന്നശേഷിത്വമുണ്ടെന്നുള്ള മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ്, റേഷൻ കാർഡിന്റെ 1, 2 പേജുകളുടെ കോപ്പി, വാഹനം ഇൻഷ്വർ ചെയ്ത സർട്ടിഫിക്കറ്റിൻറെ കോപ്പി, വാഹനത്തിന്റെ നമ്പർ കാണത്തക്കവിധം അപേക്ഷകൻ ഇരുന്നെടുത്ത ഫോട്ടോ, ലൈസൻസ്/ലേണേഴ്സ് ലൈസൻസ്, വില്ലേജ് ഓഫീസർ നൽകുന്ന വരുമാന സർട്ടിഫിക്കറ്റ് എന്നിവ സമർപ്പിക്കേണ്ടതാണ്.

4. സ്വയം തൊഴിൽ പദ്ധതി (ബാങ്ക് വായ്പ സബ്സിഡി)

സ്വയം തൊഴിൽ പദ്ധതിയിൻ കീഴിൽ വിവിധ വിഭാഗത്തിൽപ്പെട്ട ഭിന്നശേഷിത്വമുള്ളവർക്ക് കോർപ്പറേഷൻ സംസ്ഥാനത്തെ വിവിധ വാണിജ്യ ബാങ്കുകളിലൂടെ വായ്പ ലഭ്യമാക്കി വരുന്നു. വായ്പ അനുവദിക്കുന്ന മുറക്ക് ബാക്ക് എൻഡ് ആയി തിരിച്ചടവിൽ സബ്സിഡി മാത്ര അവശേഷിക്കുമ്പോൾ

ആനുപാതിക സബ്സിഡി നൽകുന്നു. ലോൺ തുക 20,000/ രൂപവരെ ലോൺ തുകയുടെ 50% (പരമാവധി 5000/ രൂപ) സബ്സിഡിയായും ലോൺ തുക 20,001/ മുതൽ 50,000/ രൂപവരെ ലോൺ തുകയുടെ 30% സബ്സിഡിയായും ലോൺ തുക 50,001/ മുതൽ 1,00,000/ രൂപവരെ ലോൺ തുകയുടെ 25% (മിനിമം 15,000/ രൂപ) സബ്സിഡിയായും, ലോൺ തുക ഒരു ലക്ഷം രൂപയ്ക്കു മുകളിൽ ലോൺ തുകയുടെ 20% (പരമാവധി ഒരു ലക്ഷം രൂപ വരെ) സബ്സിഡിയായും നൽകുന്നു. ആയത് അപേക്ഷകൻ നിർദ്ദേശിക്കുന്ന സർവ്വീസ് ഏരിയാ ബാങ്കിലേക്ക് ശിപാർശ ചെയ്യുന്നു. പൂർണ്ണമായി പൂരിപ്പിച്ച നിശ്ചിത അപേക്ഷാ ഫോറത്തോടൊപ്പം 40% ത്തിനു മുകളിൽ ഭിന്നശേഷിത്വം തെളിയിക്കുന്ന സർട്ടിഫിക്കറ്റിൻറെ കോപ്പി, റേഷൻ കാർഡിൻറെ 1, 2 പേജുകളുടെ ഫോട്ടോ കോപ്പി, രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോ എന്നിവ ഹാജരാക്കേണ്ടതാണ്.

5. സ്വയം സഹായ സംഘങ്ങളുടെ പരിപോഷണം.

സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഭിന്നശേഷിക്കാരാൽ പ്രവർത്തിപ്പിക്കപ്പെടുന്നതും തദ്ദേശ സ്ഥാപനങ്ങൾ/കുടുംബശ്രീകൾ മുഖേന രജിസ്റ്റർ ചെയ്തതുമായ സ്വയം സഹായ സംഘങ്ങൾക്ക് അനുയോജ്യമായ മൈക്രോ പ്രോജക്ടുകൾ തെരഞ്ഞെടുക്കാനും അതാരംഭിക്കാനുമായി കോർപ്പറേഷൻ 20,000/ രൂപ ധനസഹായം നൽകിവരുന്നു. സംഘത്തിൽ കുറഞ്ഞത് 5 ഭിന്നശേഷിക്കാരായ അംഗങ്ങളെങ്കിലും ഉണ്ടായിരിക്കണം.

6. ഭിന്നശേഷിക്കാരായ ലോട്ടറി ഏജൻറുമാർക്കുളള സാമ്പത്തിക സഹായം

ഭിന്നശേഷിക്കാരായ ലോട്ടറി ഏജൻറുമാർക്ക് ധനസഹായമായി 5000/ രൂപ അനുവദിക്കുന്നു.

<u>നിബന്ധനകൾ</u>

- 18 വയസ്സിന് മുകളിൽ പ്രായം,
- 40-ഉം അതിന് മുകളിലും ശതമാനമുള്ള ഭിന്നശേഷിത്വം
- ഒരു ലക്ഷം രൂപ വരെ വാർഷിക വരുമാനം,
- ലോട്ടറി വകുപ്പിൽ നിന്നുള്ള ലൈസൻസും, അതാത് വർഷത്തെ പുതിയ ഏജൻസി സർട്ടിഫിക്കറ്റ്
- പാസ്പോർട്ട് സൈസ് ഫോട്ടോ എന്നിവ ഹാജരാക്കേണ്ടതാണ്.

7. സ്വയം തൊഴിലിന് വായ്പ ലഭിക്കുന്നതിന് ഈട് നൽകാൻ കഴിവില്ലാത്തവർക്ക് സ്വയം തൊഴിലിന് സാമ്പത്തിക സഹായം.

സ്വയം തൊഴിൽ വായ്പക്കായി ഈട് നൽകാൻ സ്വന്തമായി വസ്തുവോ വീടോ ഇല്ലാത്ത ഭിന്നശേഷിക്കാർക്ക് 25000/ രൂപ നിബന്ധനകൾക്ക് വിധേയമായി അനുവദിക്കുന്നു.

## മാനദണ്ഡങ്ങൾ

- കേരളത്തിൽ സ്ഥിര താമസക്കാരനായിരിക്കണം.
- 40% –മോ അതിന് മുകളിലോ ഭിന്നശേഷിത്വം ഉണ്ടായിരിക്കണം.
- വാർഷിക വരുമാനം 1,00,000/രൂപ വരെ (വില്ലേജ് ഓഫീസറുടെ വരുമാന സർട്ടിഫിക്കറ്റ്)
- ഗുരുതരമായ ഭിന്നശേഷിത്വമുള്ളവർ, വിധവകൾ, ഗുരുതരമായ അസുഖം ബാധിച്ച വയോജനങ്ങൾ, 14 വയസ്സിന് താഴെ മാനസിക വൈകല്യമുള്ള കുട്ടികളുടെ രക്ഷകർത്താക്കൾ എന്നിവർക്ക് മുൻഗണനന.
- സ്വന്തമായോ, അച്ചൻ/അമ്മ/ഭാര്യ/ഭർത്താവ് എന്നിവരുടെ പേരിലോ വസ്തുവോ വീടോ ഇല്ല എന്ന വില്ലേജ് ആഫീസറുടെ സാക്ഷ്യപത്രം.

8. എൻ.ഡി.എഫ്.ഡി.സി വായ്പ (നാഷണൽ ദിവ്യംഗ്ജൻ ഫിനാൻസ് ആന്റ് ഡവലപ്മെന്റ് കോർപ്പറേഷൻ)

നാഷണൽ ദിവ്യംഗ്ജൻ ഫിനാൻസ് ആന്റ് ഡവലപ്മെന്റ് കോർപ്പറേഷന്റെ വായ്പ പദ്ധതി നടപ്പിലാക്കുന്ന കേരളത്തിലെ സ്റ്റേറ്റ് ചാനലിംഗ് ഏജൻസിയാണ് ഈ കോർപ്പറേഷൻ. സ്റ്റേറ്റ് ചാനലൈസിംഗ് ഏജൻസി (എസ്.സി.എ) യെന്ന നിലയിൽ, കുറഞ്ഞ പലിശ നിരക്കിൽ 2000 മുതൽ നാഷണൽ ദിവ്യാംഗ്ജൻ ഫിനാൻസ് ആൻറ് ഡവലപ്മെൻറ് കോർപ്പറേഷന്റെ പദ്ധതി പ്രകാരമുള്ള സ്വയംതൊഴിൽ, വിദ്യാഭ്യാസ, വാഹന, ഭവന വായ്പകൾ കോർപ്പറേഷൻ വിതരണം ചെയ്തു വരുന്നു. 50,000/ രൂപയ്ക്കു മുകളിൽ അനുവദിക്കുന്ന വായ്പയുടെ 5 ശതമാനം എസ്.സി.എ. ഷെയർ എന്ന നിലക്ക് കോർപ്പറേഷൻ നൽകുന്നു (വിശദമായി പ്രത്യക നോട്ട് നല്കുന്നതാണ്)

9. ഭിന്നശേഷിക്കാരായവർക്ക് എസ്.എസ്.എൽ.സി., +2 വിദ്യാർത്ഥികൾക്ക് പ്രൊഫിഷ്യൻസി അവാർഡ്

40 ശതമാനമോ അതിന് മുകളിലോ ഭിന്നശേഷിത്വമുള്ളവരും വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ താഴെ ഉള്ളവരുമായ എസ്.എസ്.എൽ.സി., പ്ലസ് ടു പരീക്ഷകളിൽ ബി ഗ്രേഡോ അതിന് മുകളിലോ മാർക്ക് വാങ്ങി ഉന്നത വിജയം നേടിയ വിദ്യാർത്ഥികൾക്ക് 5000/ രൂപ വീതം ക്യാഷ് അവാർഡ് നൽകുന്നു. (ബുദ്ധിപരമായ വെല്ലുവിളി നേരിടുന്ന വിഭാഗത്തിന് മാർക്ക് നിബന്ധനയില്ല).

10. ഗുരുതരമായ ഭിന്നശേഷിത്വമുള്ള കുട്ടികൾക്ക് വേണ്ടി സ്ഥിര നിക്ഷേപ പദ്ധതി (ഹസ്തദാനം)

ഗുരുതര ഭിന്നശേഷിയുള്ള കുട്ടികളുടെ പേരിൽ 20000/ രൂപ 18 വയസ്സ് വരെ സ്ഥിര നിക്ഷേപം നടത്തുന്നു. 50 ശതമാനമോ അതിൽ കൂടുതലോ ഭിന്നശേഷിത്വമുള്ളതും പ്രതിവർഷ കുടുംബ വരുമാനം 1,00,000 രൂപ വരെയുള്ളതുമായ നവജാതശിശു മുതൽ 12 വയസ് വരെയുള്ള കുട്ടികൾക്കാണ് അർഹത.

11. പാറശ്ശാലയിലെ (സാഫല്യം) വയോജന പരിചരണ കേന്ദ്രം

50 വയസ്സിന് മുകളിൽ പ്രായമുള്ള കിടപ്പ് രോഗികളല്ലാത്ത ഭിന്നശേഷിക്കാരായ വയോജനങ്ങളെ താമസിപ്പിക്കുന്നതിനും പരിപാലിക്കുന്നതിനും ആധുനിക സജ്ജീകരണങ്ങളോടുകൂടിയ (സാഫല്യം) എന്ന പേരിൽ ഒരു പരിചരണ കേന്ദ്രം തിരുവനന്തപുരം ജില്ലാ പഞ്ചായത്തും വികലാംഗക്ഷേമ കോർപ്പറേഷനും, സ്നേഹം പാലിയേറ്റീവ് കെയറും സംയുക്തമായി പാറശ്ശാലയിൽ നടത്തി വരുന്നു. ഇവിടെ സ്ത്രീകളും, പുരുഷനുമായി 40 പേരെ സംരക്ഷിക്കുന്നതിനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്.

# കേരള സാമൂഹ്യ സുരക്ഷാമിഷൻ

www.socialsecuritymission.gov.in 04712341200

വൈകല്യങ്ങൾക്ക് കാരണമാകുന്ന അവസ്ഥകൾ പ്രതിരോധിക്കുക, വൈകല്യം നേരത്തെ കണ്ടെത്തുക, ആവശ്യമായ ഇടപെടലുകളിലൂടെ വൈകല്യത്തിന്റെ തീവ്രത ലഘൂകരിക്കുക (Early Screening, Early detections and early Intervention) ഇതിനാവശ്യമായ സ്ഥാപന സംവിധാനങ്ങളുമായി Organized Network of Institution സ്ഥാപിക്കുക എന്ന സമീപനത്തിൽ അധിഷ്ഠിതമായാണ് സ്റ്റേറ്റ് ഇനീഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ് ആദ്യ ഘട്ടത്തിൽ രൂപം നൽകി നടപ്പാക്കി വരുന്നത്. 2017 ജൂൺ മാസം മുതൽ അനുയാത്ര എന്ന പേരിലുള്ള ഒരു സമഗ്ര പരിപാടിയുടെ ഭാഗമായാണ് സ്റ്റേറ്റ് ഇനീഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ് പ്രോജക്റ്റുകളുടെ നിർവ്വഹണം നടത്തി വരുന്നത്. സംസ്ഥാനത്തെ വിവിധ വകുപ്പുകൾ ഭിന്നശേഷി മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ തുടങ്ങിയവയുമായി സഹകരിച്ചാണ് സ്റ്റേറ്റ് ഇനീഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ് പദ്ധതികൾ നടപ്പിലാക്കുന്നത്.

സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ് നടപ്പിലാക്കി വരുന്ന പദ്ധതി പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

1. നവജാത ശിശുക്കളുടെ കേൾവി പരിശോധന/BERA സംവിധാനം (Brain Evoked Response Auditory)/ ആഡിറ്ററി വെർബൽ തെറാപ്പി സെന്റർ

ഒരു കുഞ്ഞ് ജനിച്ചയുടൻ തന്നെ കേൾവി പരിശോധന നടത്തുന്നതിനുള്ള സൗകര്യം സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ് നടപ്പാക്കി വരുന്നു. കേൾവി പ്രശ്നം കണ്ടെത്തുന്ന കുട്ടികളെ വിദഗ്ധ പരിശോധനയിലൂടെ കേൾവി വൈകല്യം സ്ഥിരീകരിക്കുന്നതിനുള്ള BERA (Brain Evoked Response Audiometry) സംവിധാനം 14 ജില്ലാ കേന്ദ്രങ്ങളിലും ലഭ്യമാക്കിയിട്ടുണ്ട്. ജില്ലകളിലെ ജില്ലാ / ജനറൽ ആശുപത്രികളിൽ പ്രവർത്തിക്കുന്ന നാഷണൽ പ്രോഗ്രാം ഫോർ പ്രിവൻഷൻ ആന്റ് കൺട്രോൾ ഓഫ് ഡെഫ്നെസ് കേന്ദ്രങ്ങളിലാണ് ഈ സൗകര്യം ലഭ്യമാക്കിയിട്ടുള്ളത്. കേൾവി പ്രശ്നം സ്ഥിരീകരിക്കുന്ന വർക്ക് തുടർന്ന് വിദഗ്ധ വൈദ്യസഹായവും ശ്രവണ ഉപകരണങ്ങളും ലഭ്യമാക്കുന്നതിനും കോക്ലിയാർ ഇംപ്ലാന്റേഷൻ ആവശ്യമുള്ളവർക്കും ഇംപ്ലാന്റേഷന് മുൻപുള്ള പ്രീ ഹാബിലിറ്റേഷൻ തെറാപ്പിയും ഇംപ്ലാന്റേഷന് ശേഷമുള്ള പോസ്റ്റ് ഹാബിലിറ്റേഷൻ തെറാപ്പികളും നൽകുന്നതിനുമായി തൃശ്ശൂർ ഇരിങ്ങാലക്കുടയിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ്

ഫിസിക്കൽ മെഡിസിൻ ആന്റ് റിഹാബിലിറ്റേഷൻ (NIPMR) കോഴിക്കോടും തിരുവനന്തപുരത്തുമുള്ള സർക്കാർമെഡിക്കൽ കോളേജുകളിലെ ENT വിഭാഗം എന്നിവിടങ്ങളിൽ ആധുനിക സജ്ജീകരണങ്ങളോടെയുള്ള ആഡിറ്ററി വെർബൽ തെറാപ്പി കേന്ദ്രങ്ങൾ സ്ഥാപിച്ച് നൽകിയിട്ടുണ്ട്.

2. റീജിയണൽ ഏർളി ഇന്റെർവെൻഷൻ സെന്റെർ

വൈകല്യങ്ങൾ എത്രയും നേരത്തെ കണ്ടെത്തുന്നതിനും, തെറാപ്പികൾ, പരിശീലനങ്ങൾ, ചികിത്സകൾ ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുമായി സംസ്ഥാനത്തെ അഞ്ച് മെഡിക്കൽ കോളേജുകളിൽ (തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്) റീജിയണൽ ഏർളി ഇന്റെർവെൻഷൻ സെന്റെറുകൾ സ്ഥാപിച്ച് പ്രവർത്തിച്ച് വരുന്നു. ഭിന്നശേഷിക്കാരായ കുട്ടികളിൽ തന്നെ അനുബന്ധ രോഗങ്ങൾ ഉള്ളവർക്കും, പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങളിൽ നിന്നും refer ചെയ്യുന്നവർക്കുമാണ് റീജിയണൽ ഏർളി ഇന്റെർവെൻഷൻ സെന്റെറുകളിൽ മുൻഗണന നൽകുന്നത്. സ്ക്രീനിംഗ്, ഏർളി ഇന്റെർവെൻഷൻ, വിവിധ തെറാപ്പികൾ, പരിശീലനങ്ങൾ, ചികിത്സ തുടങ്ങിയവ ഈ സെന്റെറുകളിലൂടെ ലഭ്യമാക്കുന്നു.

3. മൊബൈൽ ഇന്റെർവെൻഷൻ യൂണിറ്റുകൾ

ഭിന്നശേഷിക്കാരായ കുട്ടികൾക്ക് തുടർച്ചയായ തെറാപ്പികൾ ആവശ്യമാണ്. ഗ്രാമപ്രദേശങ്ങളിലുള്ള ഇത്തരം കുട്ടികൾക്കായി 25 മൊബൈൽ ഇന്റെർവെൻഷൻ യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നു. ഡെവലപ്മെന്റൽ തെറാപിസ്റ്റ്, സ്പെഷ്യൽ എഡ്യൂക്കേറ്റർ, ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, ഫിസിയോ തെറാപ്പിസ്റ്റ്, ഓഡിയോളജിസ്റ്റ് കം സ്പീച്ച് തെറാപിസ്റ്റ് എന്നിവരുടെ സേവനം മൊബൈൽ ഇന്റെർവെൻഷൻ യൂണിറ്റുകളിലൂടെ ലഭ്യമാക്കുന്നു. ദേശീയ ആരോഗ്യ ദൗത്യം (എൻ.എച്ച്.എം) മുഖേനയാണ് മൊബൈൽ ഇന്റെർവെൻഷൻ യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നത്.

4. സ്പെഷ്യൽ അങ്കണവാടികൾ

പ്രീ സ്കൂൾ തലത്തിൽ തന്നെ കുട്ടികളിലെ ബുദ്ധിമാന്ദ്യം, വളർച്ചാ വികാസ പ്രശ്നങ്ങൾ തുടങ്ങി പ്രത്യേക പരിചരണം ആവശ്യമുള്ള കുട്ടികളെ കണ്ടെത്തി അനുയോജ്യമായ പരിശീലനങ്ങളും പരിചരണങ്ങളും നൽകി പരമാവധി കുട്ടികളെ ജനറൽ സ്കൂളുകളിലേക്ക് എത്തിക്കുക എന്ന ലക്ഷ്യത്തോടെയുള്ള സ്പെഷ്യൽ അങ്കണവാടികളുടെ പ്രവർത്തനം കോഴിക്കോട് ജില്ലയിൽ നടന്നു വരുന്നു.

5. ഹെൽപ്പ് ഡെസ്ക്

കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ ഓഫീസിൽ അനുയാത്രയുടെ ഭാഗമായി ഒരു ഹെൽപ്പ് ഡെസ്ക് പ്രവർത്തിക്കുന്നു. 1800 120 1001 എന്ന ടോൾഫ്രീ നമ്പറിലൂടെ ഈ സേവനം ലഭ്യമാണ്.

6. ഓട്ടിസം സെന്ററുകൾ

ഓട്ടിസം ഉള്ള കുട്ടികൾക്ക് സേവനങ്ങൾ ലഭ്യമാക്കുന്നതിനായി സംസ്ഥാനത്തെ തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്, മഞ്ചേരി ഗവ.മെഡിക്കൽ കോളേജുകളിലും, കോഴിക്കോട് ഇംഹാൻസിലും ഓട്ടിസം സെൻററുകൾ സ്ഥാപിച്ചിട്ടുണ്ട്. ഈ സെന്ററിലൂടെ ഓട്ടിസം സ്ക്രീനിംഗ്, വിവിധ തെറാപ്പികൾ, പരിശീലനങ്ങൾ, കൗൺസിലിംഗ്, വൈദ്യസേവനങ്ങൾ എന്നിവ ലഭ്യമാക്കുന്നു.

7. റീജിയണൽ ഓട്ടിസം റിഹാബിലിറ്റേഷൻ ആൻറ് റിസർച്ച് സെന്റർ

ഓട്ടിസം മേഖലയിൽ ആധുനികവും ശാസ്ത്രീയവും ആയ ഇടപെടലുകളും പുനരധിവാസ പ്രവർത്തനങ്ങളും ലഭ്യമാക്കുന്നതിനും, ഓട്ടിസം മേഖലയിലെ പഠന ഗവേഷണങ്ങൾ നടത്തുന്നതിനുമായി NIPMR ൽ ആധുനിക സംവിധാനങ്ങളോടു കൂടിയ റീജിയണൽ ഓട്ടിസം റിഹാബിലിറ്റേഷൻ ആൻറ് റിസർച്ച് സെന്റർ സ്ഥാപിച്ച് പ്രവർത്തിച്ചു വരുന്നു.

8. ചൈൽഡ് ഡവലപ്പ്മെന്റ് ആന്റ് റിസർച്ച് സെന്റർ

ഓട്ടിസം സംശയിക്കുന്ന മൂന്ന് വയസ്സിന് താഴെ പ്രായമുള്ള കുട്ടികൾക്ക് ആധുനികവും ശാസ്ത്രീയവും ആയ ഇടപെടലുകളിലൂടെയുള്ള പുനരധിവാസ പ്രവർത്തനങ്ങൾ പ്രത്യേകമായി ലഭ്യമാക്കുന്നതിനും, ഓട്ടിസം മേഖലയിലെ പഠന ഗവേഷണങ്ങൾ നടത്തുന്നതിനുമായി NIPMR ൽ ആധുനിക സംവിധാനങ്ങളോടു കൂടിയ ചൈൽഡ് ഡവലപ്പ്മെന്റ് ആന്റ് റിസർച്ച് സെന്റർ പ്രവർത്തിച്ച് വരുന്നു.

9. സെറിബ്രൽ പാൾസി റീഹാബിലിറ്റേഷൻ ആന്റ് റിസർച്ച് സെന്റർ

സെറിബ്രൽ പാൾസി ഉള്ള കുട്ടികൾക്ക് ആധുനിക സംവിധാനങ്ങളോട് കൂടിയ പുനരധിവാസ പ്രവർത്തനങ്ങളും, ഈ മേഖലയിലെ ഗവേഷണ പ്രവർത്തനങ്ങളും പഠനങ്ങളും നടത്തുന്നതിനായി NIPMRൽ സെറിബ്രൽ പാൾസി റീഹാബിലിറ്റേഷൻ ആന്റ് റിസർച്ച് സെന്റർ സ്ഥാപിച്ചിട്ടുണ്ട്.

10. ഹോർട്ടികൾച്ചർ തെറാപ്പി

ഹോർട്ടികൾച്ചർ തെറാപ്പിയിലൂടെ ഭിന്നശേഷി പരിപാലനം നടത്തുന്ന ഒരു പദ്ധതി കേരള കാർഷിക സർവ്വകലാശാലയുടെ സഹകരണത്തോടെ 2018 മുതൽ നടപ്പിലാക്കി വരുന്നു. ഭിന്നശേഷിക്കാരായ കുട്ടികൾക്കും യുവാക്കൾക്കും തെറാപ്പി നൽകുകയും ഇതിലൂടെ അവരെ ശാക്തീകരിക്കുകയും സ്വയംതൊഴിൽ ചെയ്യുന്നതിനുള്ള ആത്മവിശ്വാസം ഉണ്ടാക്കിയെടുക്കുകയും ചെയ്യുക എന്നതാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

11. ആങ്കയിലോസിംഗ് സ്പോൺഡിലൈറ്റിസ് മൂലം ഉണ്ടാകാൻ സാധ്യതയുള്ള വൈകല്യം തടയുന്നതിനായുള്ള പ്രത്യേക പദ്ധതി

ആങ്കലോസിംഗ് സ്പോണ്ടിലൈറ്റിസ് മൂലം ഉണ്ടാകാൻ സാധ്യതയുള്ള വൈകല്യങ്ങൾ പ്രതിരോധിക്കുന്നതിന്റെ ഭാഗമായി സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന രോഗികൾക്ക് സൗജന്യമായി മരുന്ന് നൽകുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. ആങ്കയിലോസിംഗ് സ്പോണ്ടിലൈറ്റിസ് രോഗികൾക്കായി ഒരു സ്റ്റേറ്റ് രജിസ്ട്രിയും ആരംഭിച്ചിട്ടുണ്ട്. പദ്ധതിയുടെ നോഡൽ സെന്ററുകളായ തിരുവനന്തപുരം, തൃശ്ശൂർ സർക്കാർ മെഡിക്കൽ കോളേജുകളിലൂടെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

12. മൾട്ടിപ്പിൾ സ്ക്ലീറോസിസ് മൂലം ഉണ്ടാകാൻ സാധ്യതയുള്ള വൈകല്യം തടയുന്നതി നായുള്ള പ്രത്യേക പദ്ധതി

മൾട്ടിപ്പിൾ സ്ക്ലീറോസിസ് മൂലമുണ്ടാകാൻ സാധ്യതയുള്ള വൈകല്യം പ്രതിരോധിക്കുന്നതിന്റെ ഭാഗമായി സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന രോഗികൾക്ക് മരുന്നും ചികിത്സയും സൗജന്യമായി നൽകുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. ഇത്തരം രോഗികൾക്കായി സ്റ്റേറ്റ് രജിസ്ട്രി ആരംഭിക്കുകയും തിരുവനന്തപുരം ശ്രീചിത്തിര തിരുനാൾ ആശുപത്രിയും, കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജും നോഡൽ സെന്ററായി കണ്ടെത്തി രോഗികൾക്ക് മരുന്ന് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

13. മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്ററുകൾ

ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് തെറാപ്പികൾ, പരിശീലനം തുടങ്ങിയവ ലഭ്യമാക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ കണ്ണൂർ ജില്ലയിലെ മട്ടന്നൂർ മുനിസിപ്പാലിറ്റിയിൽ ആധുനിക സജ്ജീകരണങ്ങളോടെയുള്ള മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്റർ കെട്ടിടം നിർമ്മാണം പൂർത്തീകരിച്ചു. കണ്ണൂർ ജില്ലയിലെ മാടായി, എരിഞ്ഞോളി പഞ്ചായത്തുകൾ, മലപ്പുറം ജില്ലയിലെ താനാലൂർ എന്നിവിടങ്ങളിൽ മോഡൽ റീഹാബിലിറ്റേഷൻ സെന്ററുകളിൽ ഉപകരണങ്ങൾ, ഫർണ്ണിച്ചർ എന്നിവ ലഭ്യമാക്കിയിട്ടുണ്ട്. കാസറഗോഡ് ജില്ലയിൽ വിവിധ പഞ്ചായത്തുകളിലായി 10മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്ററുകൾ പ്രവർത്തിച്ചു വരുന്നു.

14. ഗുരുതരമായ നാഡീവ്യൂഹ വ്യവസ്ഥാ തകരാറുകൾ ബാധിച്ചവർക്കായുള്ള പദ്ധതികൾ

നാഡീവ്യൂഹ വ്യവസ്ഥയിലെ ഗുരുതരമായ തകരാറുകൾ കാരണം വിവിധ പ്രയാസങ്ങളും, വൈകല്യങ്ങളും ബാധിച്ചവർക്കുള്ള സേവനങ്ങൾ ശാക്തീകരിക്കുന്നതിന്റെ ഭാഗമായി NIPMR ൽ ആധുനിക സംവിധാനങ്ങളോടു കൂടിയ

ഗേറ്റ് ആന്റ് മോഷൻ അനാലിസിസ് ലാബും ഈ വിഭാഗം രോഗികൾക്കാവശ്യമായ സീലിംഗ് ലിഫ്റ്റ്, സെക്കണ്ടറി കോംപ്ലിക്കേഷൻ അസ്സസ്മെന്റ് മോണിറ്ററിംഗ് സംവിധാനങ്ങൾ, പേഷ്യൻറ് സപ്പോർട്ട് സർവ്വീസുകളുടെ ശാക്തീകരണം തുടങ്ങിയവ ലഭ്യമാക്കുന്നതിനും വേണ്ട ഉപകരണങ്ങൾ സ്ഥാപിച്ചിട്ടുണ്ട്.

15. രക്ഷിതാക്കൾക്കുള്ള പരിശീലനം (Parental Empowerment Programme)

ഭിന്നശേഷിക്കാരായ കുട്ടികൾക്ക് പ്രത്യേകിച്ച് മാനസിക വൈകല്യങ്ങൾ ഉള്ള കുട്ടികൾക്ക് അവരുടെ ശാരീരികവും മാനസികവുമായ വികസനം സാധ്യമാക്കുന്നതിനും തെറാപ്പിസ്റ്റുകൾ നിർദ്ദേശിക്കുന്ന ശാസ്ത്രീയ പരിചരണങ്ങളും തെറാപ്പികളും വീടുകളിൽ വച്ച് പരിശീലിപ്പിക്കുന്നതിനും ഉതകും വിധം മാതാപിതാക്കൾക്ക് പരിശീലനം നൽകുന്ന പേരന്റൽ എംപവർമെന്റ് പ്രോഗ്രാം (PEP) മലപ്പുറം ജില്ലയിൽ പൈലറ്റ് അടിസ്ഥാനത്തിൽ നടപ്പിലാക്കുകയുണ്ടായി. മാതാപിതാക്കൾക്ക് സഹായകമാകുന്ന അനുയാത്ര സഹയോഗി എന്ന കൈപുസ്തകവും ഇതിന്റെ ഭാഗമായി തയ്യാറാക്കി വിതരണം ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതി സംസ്ഥാന തലത്തിൽ നടപ്പാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

16. ഷോർട്ട് ഫിലുമുകൾ (ഡ്രീം, ഡെയർ, ഡു)

സ്പെഷ്യൽ സ്കൂളുകൾ, വികലാംഗർക്കായുള്ള സ്ഥാപനങ്ങൾ, സർക്കാർ വകുപ്പുകളും ഏജൻസികളും, അക്കാദമിക് - പരിശീലന സ്ഥാപനങ്ങൾ തുടങ്ങിയവയിലൂടെയും സോഷ്യൽ മീഡിയയിലൂടെയും ഭിന്നശേഷിക്കാരായ വ്യക്തികളുടെ കഴിവുകളും, വിജയങ്ങളും ഉയർത്തികാട്ടുന്ന 4 ഷോർട്ട് ഫിലിമുകൾ സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ് നിർമ്മിച്ചു പ്രദർശിപ്പിച്ചു വരുന്നു.

17. ഓട്ടിസം സ്ക്രീനിംഗിലും മാനേജ്മെന്റിലും റിസോഴ്സ് ബുക്ക് തയ്യാറാക്കലും വിഗദ്ധർക്കായുള്ള പരിശീലനവും

ഓട്ടിസം ഡിസോഡർ കണ്ടെത്തുന്നതിനും, രോഗനിർണയത്തിലും മാനേജ്മെന്റിലും പരിചയ സമ്പത്തുള്ള ശിശുരോഗ വിദഗ്ധരുടെ ഒരു സംഘത്തെ രൂപീകരിക്കുന്നതിനായി ശിശുരോഗ വിദഗ്ദ്ധർക്ക് പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയും ഓട്ടിസം സംബന്ധിച്ച സമഗ്രമായ ഒരു റിസോഴ്സ് ബുക്ക് വികസിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

18. ടാലൻറ് സെർച്ച് ഫോർ യൂത്ത് വിത്ത് ഡിസെബിലിറ്റീസ്

കല, സാഹിത്യ മേഖലകളിൽ പ്രാഗൽഭ്യവും കഴിവും തെളിയിച്ചിട്ടുള്ള 15 നും, 40 നും ഇടയിൽ പ്രായമുള്ള ഭിന്നശേഷിക്കാരെ കണ്ടെത്തി, അവർക്ക് കൂടുതൽ അനുകൂലമായ സാഹചര്യങ്ങളും, വിവിധ സഹായ സംവിധാനങ്ങളും ലഭ്യമാക്കി അവരുടെ കഴിവുകളെ പരിപോഷിപ്പിക്കുക എന്ന

ഉദ്ദേശത്തോടെ കേരള സാമൂഹ്യ സുരക്ഷാ മിഷനും, കേരള ഡെവലപ്മെൻറ് ഇന്നവേഷൻ ആൻറ് സ്റ്റാർറ്റെജിക് കൗൺസിലും സംയുക്തമായിടാലൻറ് സെർച്ച് ഫോർ യൂത്ത് വിത്ത് ഡിസെബിലിറ്റീസ് എന്ന പ്രോജക്ട് നടപ്പാക്കി വരുന്നു.

## നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആന്റ് റീഹാബിലിറ്റേഷൻ (NIPMR)

www.nipmr.org.in 04802881959

സംസ്ഥാന സാമൂഹ്യനീതി വകുപ്പിന് കീഴിൽ പുനരധിവാസ മേഖലയിൽ പ്രവർത്തിക്കുന്ന സ്വയംഭരണ സ്ഥാപനമാണ് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആന്റ് റീഹാബിലിറ്റേഷൻ (എൻ.ഐ.പി.എം.ആർ). വിവിധ കാരണങ്ങളാൽ കുട്ടികൾ അനുഭവിക്കുന്ന പരിമിതികളായ സെറിബ്രൽ പാൾസി, ഓട്ടിസം, ബൗദ്ധിക വെല്ലുവിളി, ഡൌൺസിൻഡ്രോം, പഠനവൈകല്യം, ഇതര ബഹുവൈകല്യങ്ങൾ എന്നിവക്കുള്ള സമഗ്രമായ ചികിത്സാ സംവിധാനമാണ് NIPMR-ൽ ഉള്ളത്. NIPMR നൽകുന്ന വിവിധ സേവനങ്ങൾ ചുവടെ ചേർക്കുന്നു.

### ❖ NIPMR നൽകി വരുന്ന തെറാപ്പി സേവനങ്ങൾ :

- ഫിസിയോ തെറാപ്പി സേവനത്തിന് അനുബന്ധമായി ഹൈഡ്രോ/ അക്വാട്ടിക് തെറാപ്പി, ന്യൂറോ ഫിസിയോ തെറാപ്പി യൂണിറ്റ്, ഓർത്തോ ഫിസിയോ തെറാപ്പി യൂണിറ്റ്, പീഡിയാട്രിക്ക് ഫിസിയോ തെറാപ്പി യൂണിറ്റ്, ഗെയ്റ്റ് ആന്റ് മോഷൻ അനാലിസിസ് ലാബ് എന്നിവ പ്രവർത്തിക്കുന്നു.
- ഓഡിയോ ആന്റ് സ്പീച്ച് സയൻസ് വിഭാഗത്തിൽ ഭിന്നശേഷിക്കാർക്കായി പ്യുവർ ടോൺ ഓഡിയോമെട്രി (PTA), ഇംപിഡൻസ് ഓഡിയോമെട്രി, ഓട്ടോ അക്വസ്റ്റിക് എമിഷൻ (OAE), ബ്രെയിൻസ്റ്റെം ഇവോക്ക്ഡ് റെസ്പോൺസ് ഓഡിയോമെട്രി (BERA), ഓഡിറ്ററി സ്റ്റെഡി സ്റ്റേറ്റ് റെസ്പോൺസ് (ASSR), ഹിയറിംഗ് എയ്ഡ് ട്രയൽ ആന്റ് ഫിറ്റിംഗ്, ഹിയറിംഗ് എയ്ഡ് പ്രോഗ്രാമിംഗ്, ഹിയറിംഗ് എയ്ഡ് ഡിസ്പെൻസിംഗ് യൂണിറ്റ്, ഇയർ മോൾഡ് ലാബ് തുടങ്ങിയ ഓഡിയോ ടെസ്റ്റുകൾ നടത്തുന്നതിനും കോക്ലിയാർ ഇംപാന്റേഷൻ ശസ്ത്രക്രിയക്ക് വിധേയരാകുന്നവർക്ക് ഓഡിറ്ററി വെർബൽ തെറാപ്പി (AVT) ട്രെയിനിംഗ് നൽകുന്ന

അഗീകൃത സ്ഥാപനം, സ്പീച്ച് ആന്റ് ലാംഗ്വേജ് തെറാപ്പി, ഡിസ്ഫേജിയ മാനേജ്മെന്റ് തുടങ്ങിയ സംവിധാനങ്ങളും സേവനങ്ങളും നൽകി വരുന്ന വിഭാഗമാണിത്.

- ഒക്യുപ്പേഷണൽ തെറാപ്പിക്ക് അനുബന്ധമായി സ്പ്ലിൻറിംഗ് യൂണിറ്റ്, സെൻസറി ഗാർഡൻ, സെൻസറി പാർക്ക്, വെർച്ചൽ റീഹാബിലിറ്റേഷൻ യൂണിറ്റ്, ADL അപ്പാർട്ട്മെന്റ്, എർഗോ ലാബ്, ചൈൽഡ് സൈക്യാർട്രി, സെൻസറി ഇന്റഗ്രേഷൻ എന്നീ വിഭാഗങ്ങളും പ്രവർത്തിക്കുന്നു.
- ബിഹേവിയറൽ/ സൈക്കോ തെറാപ്പി : NIPMR ൽ ഇതര തെറാപ്പി സേവനങ്ങൾക്ക് എത്തുന്നവർക്ക് കാണപ്പെടുന്ന ബീഹേവിയറൽ പ്രശ്നങ്ങൾ മറികടക്കുന്നതിനായി സഹായിക്കുന്ന വിഭാഗമാണ് ബീഹേവിയറൽ തെറാപ്പിസ്റ്റുകൾ. ഡെവലപ്പ്മെന്റൽ തെറാപ്പി വഴി നേരത്തേയുള്ള ഇടപെടൽ പദ്ധതിയുടെ ഭാഗമായി ഭിന്നശേഷിക്കാരായ കുട്ടികളെ നേരത്തേ കണ്ടെത്തുന്നതിനും ആവശ്യമായ ചികിത്സാ സേവനങ്ങൾ നൽകി അവരെ സ്വയം പര്യാപ്തരാക്കാനും സഹായിക്കുന്ന വിഭാഗമാണിത്.
- കൂടാതെ ഡെവലപ്പ്മെന്റൽ തെറാപ്പി, പ്രോസ്തറ്റിക്സ് ആന്റ് ഓർത്തോറ്റിക്സ് സേവനങ്ങൾ, ഡയറ്റീഷ്യൻ, സോഷ്യൽ വർക്കർമാർ, ഡെവലപ്പ്മെന്റൽ പീഡിയാട്രിഷ്യൻ, ഫിസിയാട്രിസ്റ്റ്, RMO തുടങ്ങിയവരുടെ സേവനം ഈ സ്ഥാപനം നൽകി വരുന്നു.

### അക്കാദമിക്ക് പ്രോഗ്രാമുകൾ :

1. ബാച്ചിലർ ഓഫ് ഒക്യുപ്പേഷണൽ തെറാപ്പി : കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാലയുടെ അഫിലിയേഷനോടെ നടത്തുന്ന 4 ½ വർഷം ദൈർഘ്യമുള്ള പ്രൊഫഷണൽ ബിരുദ കോഴ്സ് ആണിത്. ഈ കോഴ്സിൽ LBS വഴി 20 സീറ്റുകളാണ് പ്രതിവർഷം പ്രവേശനം നൽകുന്നത്.
2. D.Ed സ്പെഷ്യൽ എഡ്യുക്കേഷൻ : റീഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യയുടെ അംഗീകാരത്തോടെ പ്രവർത്തിക്കുന്ന ദ്വിവത്സര ഡിപ്ലോമ കോഴ്സുകൾ NIPMR നടത്തുന്നു. ഇവിടെ വിജയകരമായി പഠനം പൂർത്തിയാക്കുന്നവർക്ക് ബഡ്സ് സ്ക്കൂളുകൾ, റീഹാബിലിറ്റേഷൻ സെന്ററുകൾ, DEIC, REIC കൾ എന്നിവിടങ്ങളിൽ സ്പെഷ്യൽ എഡ്യുക്കേറ്റർമാരായി സേവനം ചെയ്യുന്നവർക്കുള്ള ഏറ്റവും കുറഞ്ഞ യോഗ്യത RCI അംഗീകാരത്തോടെയുള്ള ഇത്തരം ദ്വിവത്സര ഡിപ്ലോമ കോഴ്സുകളാണ്.

## ❖ മറ്റ് സേവനങ്ങൾ :

1. സ്പെഷ്യൽ സ്കൂളുകൾ : ഭിന്നശേഷിക്കാരുടെ സമഗ്രമായ വികസനം ലക്ഷ്യം വെച്ച് സെറിബ്രൽ പാൾസി, ഓട്ടിസം, ഇന്റെലെക്ച്വൽ ഡിസെബിലിറ്റി (IDD) എന്നിവയിൽ മൂന്ന് സ്പെഷ്യൽ സ്കൂളുകൾ NIPMR-ൽ പ്രവർത്തിക്കുന്നു.
2. സ്പെഷ്യൽ സ്കൂൾ - ഇന്റെലെക്ച്വൽ ഡിസെബിലിറ്റി : ഇന്റെലെക്ച്വൽ ആന്റ് ഡെവലപ്പ്മെന്റൽ ഡിസെബിലിറ്റിയുള്ള കുട്ടികളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടു വരുന്നതിനും അവരുടെ ദിനചര്യകൾ, അവരുടെ പെരുമാറ്റ പ്രശ്നങ്ങൾ മാറ്റാൻ ശ്രമിക്കുക മറ്റുള്ളവരുമായി ഇടപഴകാൻ സഹായിക്കുക എന്നിവയുൾപ്പടെയുള്ള പ്രവർത്തനങ്ങളാണ് ഇവിടെ നടത്തുന്നത്.
3. റീജ്യണൽ ഓട്ടിസം റിഹാബിലിറ്റേഷൻ റിസർച്ച് സെൻറർ : ഓട്ടിസം പുനരധിവാസ പ്രവർത്തനങ്ങളുടെ ഭാഗമായി കേരള സാമൂഹ്യ സുരക്ഷാ മിഷൻ NIPMR ൽ നടപ്പിലാക്കുന്ന പദ്ധതിയാണിത്. 5 മുതൽ 14 വയസ്സ് വരെ പ്രായമുള്ള ഓട്ടിസം ബാധിതരായ കുട്ടികൾക്ക് പരിശീലനം നൽകുന്നു. വിദ്യാർത്ഥി കൾക്ക് ഭിന്നശേഷി കേന്ദ്രീകൃത സമീപനവും ദൈനംദിന ജീവിത നൈപുണ്യവും പഠിപ്പിക്കുകയും പരിശീലനം നൽകുകയും ചെയ്യുന്നതോടൊപ്പം സംഗീതം, നൃത്തം, യോഗ എന്നിവയും പരിശീലിപ്പിക്കുന്നു.
4. സെറിബ്രൽ പാൾസി റിഹാബിലിറ്റേഷൻ ആൻറ് റിസർച്ച് സെൻറർ (CPRRC) : കേരള സാമൂഹ്യ സുരക്ഷാമിഷന്റെ സാമ്പത്തിക സഹായത്തോടെ സെറിബ്രൽ പാൾസി ബാധിതരായ കുട്ടികളെ നേരത്തെ തന്നെ കണ്ടെത്തി അവർക്ക് ആവശ്യമായ വിദഗ്ദ്ധ ചികിത്സ ഒരുക്കുകയും കുട്ടികളെ പരിചരിക്കുന്നതിനാവശ്യമായ പ്രത്യേക പരിശീലനം രക്ഷിതാക്കൾക്ക് നൽകുകയും ചെയ്യുന്നു.
5. സ്പൈനൽ കോർഡ് ഇഞ്ച്വറി റീഹാബിലിറ്റേഷൻ യൂണിറ്റ് : നട്ടെല്ലിന് ക്ഷതം സംഭവിച്ചവർ, ബ്രെയിൻ ഇഞ്ച്വറി, അപകടം എന്നിവ മൂലം വീൽചെയറിൽ അല്ലെങ്കിൽ കിടക്കയിൽ ശിഷ്ടകാലം ജീവിക്കേണ്ട അവസ്ഥയുള്ളവരെ ജീവിതത്തിലേക്ക് തിരികെ കൊണ്ടുവരാൻ ആവശ്യമായ പുനരധിവാസ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനായി ഫിസിയാട്രിസ്റ്റ്, RMO എന്നിവരുൾപ്പെടുന്ന 24 മണിക്കൂറും പ്രവർത്തിക്കുന്ന ഒരു ടീം NIPMRൽ ഉണ്ട്.
6. Empowerment through Vocationalization(EM-VOC) : 18 വയസ് പൂർത്തിയായ ഭിന്നശേഷിക്കാർക്കായി തൊഴിൽ പരിശീലനം, ഫംഗ്ഷനൽ അക്കാദമിക്സ് എന്നിവയിൽ പരിശീലനം നൽകുന്നതിനും അതുവഴി അനുയോജ്യമായ തൊഴിൽ കണ്ടെത്താനും സ്വയം പര്യാപ്തരാകാനും സഹായിക്കുന്ന

പദ്ധതി. കമ്പ്യൂട്ടർ പരിശീലനം, സോപ്പ് നിർമ്മാണം, ബേക്കിംഗ് യൂണിറ്റ് വഴി കേക്കുകൾ, പാസ്റ്ററീസ് എന്നിവയും ശീതള പാനീയങ്ങളും, ഉണ്ടാക്കാനും, ഹോർട്ടികൾച്ചർ ട്രെയിനിംഗ് എന്നിവ ഇവരെ പഠിപ്പിക്കുന്നു.

7. പ്രോസ്തറ്റിക്സ് ആന്റ് ഓർത്തോറ്റിക്സ് യൂണിറ്റ് : ഭിന്നശേഷിക്കാർക്ക് ആവശ്യമായ സഹായക ഉപകരണങ്ങൾ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ടെണ്ടർ നടപടി കൂടാതെ പർച്ചേസ് ചെയ്യാൻ സർക്കാർ അനുമതിയുള്ള സ്ഥാപനമാണ് NIPMR. സഹായക ഉപകരണങ്ങൾ ആവശ്യമുള്ള വ്യക്തികൾക്ക് അവരുടെ ആവശ്യങ്ങൾ നിറവേറ്റുന്ന തരത്തിൽ രൂപമാറ്റം വരുത്തി നൽകാൻ ഇതിലൂടെ കഴിയും.

8. ഹൈഡ്രോ/ അക്വാട്ടിക് തെറാപ്പി യൂണിറ്റ് :. ഹൈഡ്രോ തെറാപ്പി, രോഗിയുടെ ശാരീരിക അവസ്ഥയിൽ വേഗത്തിൽ പുരോഗതിഉറപ്പ് നൽകുന്നു. സെറിബ്രൽ പാൾസി ബാധിതരായകുട്ടികൾക്കും, പക്ഷാഘാതം, അപകടങ്ങൾ എന്നിവ മൂലം ബുദ്ധിമുട്ടനുഭവിക്കുന്നവർക്കും ഈ ചികിത്സാ രീതി ഏറെ പ്രയോജനകരമാണ്.

9. സെൻസറി ഗാർഡൻ: ഭിന്നശേഷിക്കാർക്ക് പ്രകൃതിയെ അറിഞ്ഞ് ചുറ്റുപാടുകളെ കുറിച്ച് പഠിക്കാനും സ്പർശനം, മണം, കാഴ്ച്ച, കേൾവി തുടങ്ങിയ ഇന്ദ്രിയാനുഭാവങ്ങളെ ഉണർത്താനും പരിപോഷിപ്പിക്കാനും ഉപകാരപ്രദമാകും വിധം നിർമ്മിച്ചിരിക്കുന്ന ഉദ്യാനമാണ് സെൻസറി ഗാർഡൻ.

10. സെൻസറി പാർക്ക് : സെൻസറി പാർക്ക് ഭിന്നശേഷിക്കാരുടെ സംവേദനാത്മക പ്രേരണകളെ ഉത്തേജിപ്പിക്കുകയും സംവേദനാത്മക സമ്പുഷ്ടമായ അന്തരീക്ഷം സൃഷ്ടിക്കാൻ സഹായിക്കുകയും ചെയ്യുന്നു. ഇവരുടെ പെരുമാറ്റത്തിലെ പ്രശ്നങ്ങളും പ്രതികരണങ്ങളും നിയന്ത്രിക്കാൻ ഒരു തെറാപ്പി മാർഗ്ഗമായി ഇത് പ്രയോജനപ്പെടുത്തുന്നു.

11. മ്യൂസിക് ആൻറ് ഡാൻസ് തിയറ്റർ :ഭിന്നശേഷിക്കാരുടെ സർഗ്ഗശേഷി വികസിപ്പിക്കുന്നതിനും മാനസികവും ശാരീരികവും സാമൂഹികവുമായ ഇടപെടലുകൾ വളർത്താനും NIPMR ൽ ഒരു മ്യൂസിക് ആൻറ് ഡാൻസ് തിയറ്റർ സ്ഥാപിച്ചിട്ടുണ്ട്.

12. ചൈൽഡ് ഡെവലപ്പ്മെൻറ് ആൻറ് റിസർച്ച് സെൻറർ (CDRC) : ഭിന്നശേഷി പുനരധിവാസത്തിൽ നേരത്തേയുള്ള ഇടപെടൽ പദ്ധതികൾ മുൻനിർത്തിക്കൊണ്ടാണ് ശിശുവികസന- ഗവേഷണ കേന്ദ്രം (CDRC)ആരംഭിച്ചത്.

13. റീഹാബ് ഓൺ വീൽസ് : പെട്രോനെറ്റ് CCK യുടെ സാമ്പത്തിക സഹായത്തോടെ പർച്ചേസ് ചെയ്ത വാഹനവും വിവിധ തെറാപ്പി ഉപകരണങ്ങളും ഉപയോഗിച്ച് ഭിന്നശേഷിക്കാരെ നേരത്തേ കണ്ടെത്തുന്നതിനും ആവശ്യമായ ഇടപെടലുകൾ നടത്തി അവരെ സമൂഹത്തിൽ ഉൾച്ചേർക്കുന്ന തിനുമായി ഏറ്റെടുത്തിരിക്കുന്ന പദ്ധതിയാണിത്.

14. വീൽ ട്രാൻസ് പ്രോജക്റ്റ് (MLA-SDF): ഭിന്നശേഷിക്കാർക്ക് തടസ രഹിത പ്രവേശനവും സഞ്ചാരവും ഉറപ്പാക്കുന്നതിനായുള്ള രൂപമാറ്റം വരുത്തിയ ആംബുലൻസ് ആണ് വീൽ ട്രാൻസ്

15. റിഹാബ് എക്സ്പ്രസ്സ്: NIPMRന്റെയും KSSMന്റെയും സംയുക്ത പദ്ധതി. KSRTC യിൽ നിന്നും ഒരു ലോ ഫ്ലോർ ബസ് വാടകക്ക് എടുത്ത് ആവശ്യമായ രൂപ മാറ്റം വരുത്തി ഫിസിയോ തെറാപ്പി, സ്പീച്ച് തെറാപ്പി, ഒക്ക്യുപ്പേഷണൽ തെറാപ്പി, പ്രോസ്തറ്റിക്സ് ആന്റ് ഓർത്തോറ്റിക്സ് ഉപകരണങ്ങൾക്കുള്ള വിലയിരുത്തൽ എന്നിവക്ക് ആവശ്യമായ സൗകര്യം ഒരുക്കി, വിവിധ പ്രദേശങ്ങളിൽ ക്യാമ്പുകൾ നടത്തി ഭിന്നശേഷിക്കാർക്ക് സേവനം നൽകുകയാണ് പദ്ധതിയുടെ ലക്ഷ്യം.

16. ഭിന്നശേഷിസൗഹൃദ നിർമ്മിതികൾ :NIPMRൽ ഭിന്നശേഷി സൗഹൃദ നിർമ്മിതികൾ (Barrier Free Environment) നിർമ്മിക്കുന്ന തിനായി ആക്സിസിബിലിറ്റി ഓഡിറ്റ് നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ signage, tactile path ways, hand rails, accessible toilets and accessible parking space എന്നിവയോടെ NIPMR ലെ വിവിധ വിഭാഗങ്ങൾ, ഓഡിയോ ലാബ്, സെൻസറി ഇൻറഗ്രേഷൻ റൂം, വെർച്ചൽ റിഹാബിലിറ്റേഷൻ യൂണിറ്റ്, ഗെയ്റ്റ് ട്രെയിനിംഗ്, സ്പൈനൽ കോർഡ് ഇഞ്ച്യുറി റിഹാബിലിറ്റേഷൻ, തുടങ്ങി പ്രധാന കെട്ടിടത്തിന്റെ 7 നിലകളും ഭിന്നശേഷി സൗഹൃദമാക്കി ക്രമീകരിച്ചിട്ടുണ്ട്.

17. സിമുലേഷൻ സൂപ്പർ മാർക്കറ്റ് : ഭിന്നശേഷിക്കാരായ കുട്ടികൾക്ക് പണമിടപാട്, സാമൂഹ്യ ഇടപെടൽ, വിപണന തന്ത്രം, വ്യക്തിത്വ വികാസം എന്നിവ വളർത്തുന്നതിനും മെച്ചപ്പെടുത്തുന്നതിനും സിമുലേഷൻ മാതൃകയിൽ ഒരു സൂപ്പർ മാർക്കറ്റ് NIPMR നടപ്പിലാക്കുന്നു.

18. ഇൻസ്ട്രുമെൻറഡ് ഗെയ്റ്റ് ആൻറ് മോഷൻ അനാലിസിസ് ലാബ് : കമ്പ്യൂട്ടറുമായി ബന്ധിപ്പിച്ച നിരവധി ക്യാമറകളുടെ സഹായത്തോടെ ഓരോ വ്യക്തിയുടേയും ചലന പ്രശ്നങ്ങൾ രേഖപ്പെടുത്തുകയാണ് ഈ സംവിധാനത്തിലൂടെ ചെയ്യുന്നത്. EMG ഇലക്ട്രോഡുകൾ ശരീരത്തിന്റെ വിവിധ ഭാഗത്തിൽ ഘടിപ്പിച്ച് വ്യക്തിയുടെ ചലന പ്രശ്നങ്ങൾ പഠിക്കുന്നു. സെറിബ്രൽ പാൾസി ബാധിതരായവരുടെ ശാരീരിക ചലന പ്രശ്നങ്ങൾ പഠിക്കുന്നതിനുള്ള ഉത്തമ മാർഗ്ഗമാണിത്.

19. വെർച്ചൽ റിയാലിറ്റി ബേസ്ഡ് റിഹാബിലിറ്റേഷൻ സിസ്റ്റം : പ്രതീതി യാഥാർഥ്യം (Virtual Reality) അടിസ്ഥാനമാക്കിയുള്ള എക്സർസൈസുകളും ഓഗ്മെന്റർഡ് റിയാലിറ്റിയുടെയും കമ്പ്യൂട്ടർ സാങ്കേതിക വിദ്യയുടെയും സഹായത്തോടെയുള്ള ഒരു കൂട്ടം ക്ലിനിക്കൽ ഇടപെടലുകളാണ് ഇത്.

20. ന്യൂറോ ഫിസിയോ തെറാപ്പി യൂണിറ്റ് :നാഡീ സംബന്ധവും ന്യൂറോ വാസ്കുലാർ സംബന്ധവുമായ പ്രശ്നങ്ങൾ കാരണം

ചലന ശേഷിയിലും പ്രവർത്തന ക്ഷമതയിലും ബുദ്ധിമുട്ട് നേരിടുന്ന വ്യക്തികളെ ചികിത്സിക്കുന്ന രീതിയാണ് ന്യൂറോ ഫിസിയോ തെറാപ്പി. ഹ്യൂബർ 360 ഉൾപ്പടെയുള്ള ആധുനിക സംവിധാനങ്ങളാണ് ഇവിടെ ഒരുക്കിയിരിക്കുന്നത്.

21. ഔട്ട് ഡോർ ആക്സസ്, ആമ്പുലേഷൻ ട്രാക്ക് അക്വാട്ടിക് റിഹാബ് സംവിധാനം : റിക്രിയേഷൻ സംവിധാനത്തിലൂടെ തെറാപ്യൂട്ടിക്ക് സംവിധാനം തയ്യാറാക്കുന്നതിനായി ഔട്ട് ഡോർ ആക്സസ്, ആമ്പുലേഷൻ ട്രാക്ക് അക്വാട്ടിക് റിഹാബ് സംവിധാനം എന്നിവ ഒരുക്കുകയും ഇതുവഴി ഉല്ലാസകരമായ അന്തരീക്ഷത്തിലൂടെ തെറാപ്പികൾ നടത്തുക എന്ന ലക്ഷ്യം കൈവരിക്കാൻ ശ്രമിക്കുന്നതിനായുള്ള സംവിധാനമാണിത്.

22. ഭിന്നശേഷിക്കാർക്ക് സ്പോർട്സ് ആൻറ് ഗെയിം ആക്റ്റിവിറ്റി സോൺ : ഭിന്നശേഷിക്കാരുടെ മാനസീക ഉല്ലാസത്തിനൊപ്പം തെറാപ്പിയുടെ ഭാഗമായും ഉപയോഗിക്കാവുന്ന രീതിയിൽ സജ്ജീകരിച്ചിരിക്കുന്ന യൂണിറ്റാണ് സ്പോർട്സ് ആൻറ് ഗെയിം ആക്റ്റിവിറ്റി സോൺ.

23. സാറ്റലൈറ്റ് സെന്റർ അങ്കമാലി: NIPMR ന്റെ പ്രവർത്തനങ്ങൾ ഇതര ജില്ലകൾക്ക് കൂടി ലഭ്യമാക്കുന്നതിന്റെ ഭാഗമായി അങ്കമാലി ബ്ലോക്ക് പഞ്ചായത്തുമായി സഹകരിച്ച് ആഴ്ചയിൽ രണ്ടു ദിവസം ഫിസിയോ, സ്പീച്ച്, ഒക്യുപ്പേഷണൽ, ബിഹേവിയറൽ തെറാപ്പികൾ നൽകുന്നു.

24. ദന്ത പരിചരണ വിഭാഗം : NIPMR ന്റെ സേവനം പ്രയോജനപ്പെടുത്തുന്ന ഭിന്നശേഷിക്കാരായ കുട്ടികൾക്ക് ഡെൻറൽ ഹൈജീനിന്റെ ഭാഗമായി കൺസൾട്ടൻസി അടിസ്ഥാനത്തിൽ ഒരു ഡെൻറിസ്റ്റിന്റെ സേവനം ലഭ്യമാകുന്ന രീതിയിൽ സ്വാശ്രയ മാതൃകയിൽ ഈ യൂണിറ്റ് പ്രവർത്തിക്കുന്നു.

25. ഒപ്റ്റോമെട്രിക് യൂണിറ്റ്: NIPMR ന്റെ സേവനം പ്രയോജനപ്പെടുത്തുന്നവർക്ക് ഒരു ഒഫ്ത്താൽമോളജിസ്റ്റ്, ഒപ്റ്റോമെട്രിസ്റ്റ് എന്നിവരുടെ സേവനം ആഴ്ച്ചയിൽ ഒരിക്കൽ പ്രയോജനപ്പെടുത്തുന്നതും ഇതിലൂടെ കാഴ്ച്ചയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ നേരത്തേ കണ്ടെത്തുന്നതിനും ആവശ്യമായ ചികിത്സ പ്രാരംഭഘട്ടത്തിൽ തന്നെ നൽകുവാനും കഴിയുന്നു.

26. ആർട്ടെബിലിറ്റി സെൻറർ : പെയിന്റിംഗ്, ഡ്രോയിംഗ്, കളിമൺ മോഡലിംഗ്, പേപ്പർ, തുണി കരകൗശല വസ്തുക്കൾ തുടങ്ങി വിവിധ സൃഷ്ടിപരമായ കലാരൂപങ്ങളിൽ നിർമ്മിക്കാനുള്ള ഭിന്നശേഷിക്കാരുടെ കഴിവ് വികസിപ്പിക്കുന്നതിനായി NIPMR ൽ ആരംഭിച്ച കേന്ദ്രമാണ് ആർട്ടെബിലിറ്റി സെൻറർ. ഇതിനോടനുബന്ധമായി ചൂള, പോട്ടറി വീൽ എന്നിവ ഉൾപ്പെടെ ഒരു പോട്ടറി ആൻറ് സിറാമിക് വർക്ക്ഷോപ്പും സജ്ജീകരിച്ചിട്ടുണ്ട്. ഭിന്നശേഷിക്കാരുടെ ഫൈൻ മോട്ടോർ സ്കിൽസ് വികസിപ്പിക്കാനും ഇത് പ്രയോജനകരമാണ്.

## നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആന്റ് ഹിയറിങ് (നിഷ്)

www.nish.ac.in 0471 2944666

ഭിന്നശേഷിക്കാരായ കുട്ടികളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്കു കൊണ്ടുവരുക എന്നലക്ഷ്യത്തോടെ അവരുടെ വിദ്യാഭ്യാസ, പുനരധിവാസ പദ്ധതികൾ ഏറ്റെടുത്തു നടപ്പാക്കുന്നതിനു വേണ്ടി സംസ്ഥാന സർക്കാരിന്റെ സാമൂഹികനീതി വകുപ്പിനു കീഴിൽ സ്ഥാപിതമായതാണ് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആന്റ് ഹിയറിങ് (നിഷ്).

### ക്ലിനിക്കൽ സേവനങ്ങൾ

1. ഓഡിയോളജിക്കൽ സർവീസ്
(എല്ലാ പ്രവൃത്തി ദിവസങ്ങളിലും രാവിലെ 8.30 മുതൽ വൈകുന്നേരം 5 മണിവരെ).

കുട്ടികളുടെയും മുതിർന്ന വരുടെയും കേൾവിശക്തി പരിശോധിച്ച് അനുയോജ്യമായ ശ്രവണസഹായി നിർദ്ദേശിക്കുകയും ചെവിയുടെ അളവിനനുസരിച്ച് ഇയർമോൾഡ് നിർമ്മിച്ച് ശ്രവണ സഹായിഘടിപ്പിക്കുകയും ശ്രവണ പരിശീലനം നൽകുകയും ചെയ്യുന്നു. നവജാത ശിശുക്കളിലെ കേൾവിക്കുറവ് കണ്ടെത്തുന്നതിനുള്ള സംവിധാനവും ഇവിടെയുണ്ട്.

2. പീഡിയാട്രിക് ഓറൽ ഹാബിലിറ്റേഷൻ യൂണിറ്റ് (PHU):

0 മുതൽ 12 വയസ്സുവരെയുള്ള കേൾവിക്കുറവുള്ള കുട്ടികളുടെ പുനരധിവാസത്തിനായി യൂണിറ്റ് പ്രവർത്തിക്കുന്നു. ഓഡിറ്ററിവെർബൽ, ഓറൽ - ഓറൽ അല്ലെങ്കിൽ ടോട്ടൽ കമ്മ്യൂണിക്കേഷൻ തുടങ്ങിയ വിവിധ രീതികളിലൂടെ ശ്രവണ, സംസാര ഭാഷാകഴിവുകൾ മെച്ചപ്പെടുത്തുന്നത് സമൂഹവുമായി സംയോജിപ്പിക്കാൻ സഹായിക്കുന്നു. യൂണിറ്റിൽ അംഗമായ എല്ലാകുട്ടികളുടെയും പുരോഗതി നിരീക്ഷിക്കുകയും ഗുരുതരമായ സെൻസറി ന്യൂറൽ ശ്രവണനഷ്ടമുള്ള കുട്ടികളിൽ കോക്ലിയർഇംപ്ലാന്റേഷനുള്ള സ്ഥാനാർത്ഥിത്വം നിർണ്ണയിക്കാൻ സഹായിക്കുകയും ചെയ്യുന്നു.

3. അഡൾട്ട് ഓറൽറീഹാബിലിറ്റേഷൻ യൂണിറ്റ്

ശ്രവണസഹായികളും കോക്ലിയർ ഇംപ്ലാന്റുകളും ഘടിപ്പിച്ച മുതിർന്നവർക്കും പ്രായമായവർക്കും ഓഡിറ്ററി റീഹാബിലിറ്റേഷൻ നൽകുന്നതിനാണ് ഈ യൂണിറ്റ് വിഭാവനം ചെയ്തിരിക്കുന്നത്.

4. വെസ്റ്റിബുലാർ സയൻസ് ലാബ്

വ്യക്തികളിൽ കാണപ്പെടുന്ന തലകറക്കത്തിന്റെ കാരണങ്ങൾ കണ്ടെത്തുകയും വേണ്ട ചികിത്സാവിധികൾ നിർദ്ദേശിക്കുകയുമാണ് വെസ്റ്റിബുലാർ സയൻസ് ലാബിന്റെ പ്രവർത്തനം.

5. കോക്ലിയർ ഇംപ്ലാന്റ് യൂണിറ്റ്

കേരള സർക്കാരിന്റെ "ശ്രുതിതരംഗം" പദ്ധതിയിലൂടെയും അല്ലാതെയും കോക്ലിയർ ഇംപ്ലാന്റ് ശസ്ത്രക്രിയ നടത്തുന്ന കുട്ടികൾക്കായി ശസ്ത്രക്രിയയ്ക്ക് മുൻപും പിൻപുമുള്ള സേവനങ്ങൾ - കൗൺസിലിംഗ്, കേൾവി, സംസാരം, ഭാഷ എന്നിവയുടെ വിലയിരുത്തൽ, കോക്ലിയർ ഇംപ്ലാന്റ് സ്വിച്ച് ഓൺ ചെയ്യുക, മാപ്പിംഗ്- എന്നിവനൽകുന്നു.

6. സ്പീച്ച് ലാംഗ്വേജ് അസസ്മെന്റ്

കുട്ടികളിലും മുതിർന്നവരിലുമുള്ള സംസാര ഭാഷാപരമായപ്രശ്നങ്ങൾ വിവിധപരിശോധനകളിലൂടെ കണ്ടെത്തുകയും അവ പരിഹരിക്കുന്നതിനാവശ്യമായ തെറാപ്പി, കൗൺസിലിംഗ്, മറ്റ് നിർദ്ദേശങ്ങൾ എന്നിവ നൽകുകയും ചെയ്യുന്നു.

7. സ്പീച്ച് ലാംഗ്വിജ് ഇന്റർവെൻഷൻ

ഭാഷാപരമായ ബുദ്ധിമുട്ടുകൾ, നാഡീസംബന്ധമായ പ്രശ്നങ്ങൾ കൊണ്ടുള്ള സംസാരപരിമിതികൾ, ഉച്ചാരണ പിശകുകൾ, വിക്ക്, ശബ്ദസംബന്ധമായ പ്രശ്നങ്ങൾ എന്നിവയുള്ളവർക്ക് സംസാര പരിശീലനം നല്കുന്നു.

8. സ്പീച് സയൻസ് ലബോറട്ടറീസ്

ഉച്ചാരണ തെറ്റുകൾ ഉണ്ടാകാവുന്ന വ്യക്തികൾ, വോക്കൽ കോർഡ്സിന്റെ ഘടനയേയോ പ്രവർത്തനത്തെയോ ബാധിക്കുന്ന അവസ്ഥകൾ അതായത് സ്വരനാളത്തിൽ ഉണ്ടാകുന്ന ചെറിയമുഴകൾ, തടിപ്പുകൾ, സ്വരനാളത്തിലുണ്ടാകുന്ന പക്ഷാഘാതം എന്നിവ കാരണം ശബ്ദത്തിൽ/ സംസാരത്തിൽ തകരാർ ഉണ്ടാകാവുന്ന വ്യക്തികൾ, സ്ട്രോക്ക് അപകടങ്ങൾ, പാർക്കിൻസൺസ്, അൽഷിമേഴ്സ് എന്നീ രോഗങ്ങൾ കാരണം ആഹാരം കഴിക്കുന്നതിനു ബുദ്ധിമുട്ട് അനുഭവിക്കുന്ന വ്യക്തികൾ എന്നിവർക്ക് വിവിധതരത്തിലുള്ള ഉപകരണങ്ങളുടെ സഹായത്തോടുകൂടി പരിശോധന നടത്തുന്ന വിഭാഗമാണ് സ്പീച് സയൻസ് ലബോറട്ടറീസ് .

9. ഫ്ളുവൻസി യൂണിറ്റ്

വിക്കും സംസാര തടസ്സവും മാറാൻ സഹായിക്കുകയും ആത്മവിശ്വാസം വളർത്തിക്കൊണ്ടു വരുന്നതിന് തക്കതായ തെറാപ്പി നല്കുകയുമാണ് ഈ യൂണിറ്റ് ചെയ്യുന്നത്.

10. അക്വയേർഡ് ന്യൂറോകമ്മ്യൂണിക്കേഷൻ ഡിസോർഡേഴ്സ് യൂണിറ്റ് (AND):

സമഗ്രമായവിലയിരുത്തൽ, പുനരധിവാസത്തിനുള്ള മൾട്ടി ഡിസിപ്ലിനറി സമീപനം, പ്രീ&പോസ്റ്റ് അസസ്മെന്റ്

കൗൺസിലിംഗ് സെഷനുകൾ, കുട്ടികളിലും മുതിർന്നവരിലും ന്യൂറോ കമ്മ്യൂണിക്കേഷൻ ഡിസോർഡറുകളുടെ പുരോഗമനപരമായ വിലയിരുത്തൽ എന്നിവയിൽ AND യൂണിറ്റ് ശ്രദ്ധകേന്ദ്രീകരിക്കുന്നു.

11. സ്പീച്ച്, സൗണ്ട് ഡിസോഡേഴ്സ് യൂണിറ്റ് (SSD)

കുട്ടികളിലും മുതിർന്നവരിലുമുള്ള സംസാര വ്യക്തത സംബന്ധിച്ച ആശങ്കകൾ പരിഹരിക്കാനും അതുവഴി അവരുടെ ആശയവിനിമയശേഷി മെച്ചപ്പെടുത്താനും എസ്എസ്ഡി യൂണിറ്റ് ലക്ഷ്യമിടുന്നു. ആശയവിനിമയം പരമാവധി ഉച്ചാരണ കൃത്യതയോടെ മെച്ചപ്പെടുത്തുകയും ദൈനംദിന ആശയവിനിമയത്തിലെ തകരാറിന്റെ ആഘാതം കുറയ്ക്കുകയും ചെയ്യുക എന്നതാണ് SSD യൂണിറ്റിന്റെ പ്രാഥമികലക്ഷ്യം.

12. ഓഗ്മെന്റേറ്റീവ് ഓൾട്ടർനേറ്റീവ് കമ്മ്യൂണിക്കേഷൻ പ്രോഗ്രാം

ഗുരുതരമായ സംസാര പരിമിതിയുള്ള കുട്ടികളെ സഹായിക്കുന്നതിനായി സാങ്കേതിക വിദ്യകളുടെ സഹായ ത്തോടെ മറ്റ് ആശയ വിനിമയോപാധികൾ വികസിപ്പിക്കുകയും നിലവിലുള്ള സംവിധാനം മെച്ചപ്പെടുത്തുകയും ചെയ്യുന്നതിൽ ഈ യൂണിറ്റ് ശ്രദ്ധ കേന്ദ്രീകരിക്കുന്നു.

13. ഇ.എൻ.റ്റി. സേവനങ്ങൾ

കേൾവി പരിശോധനക്കായുള്ള മരുന്നിന്റെ അളവ് നിർദ്ദേശിക്കുക, ചെവിക്കായം നീക്കംചെയ്യൽ, അണുബാധകൾ, വെർട്ടിഗോ, മറ്റ് അവസ്ഥകൾ എന്നിവയുടെ ചികിത്സ. ഹിയറിംഗ് എയ്ഡ് ടെസ്റ്റിനു മുൻപുള്ള ഇ.എൻ.റ്റി പരിശോധന, സംസാര പ്രശ്നങ്ങൾക്ക് ചികിത്സനിർദ്ദേശിക്കുക, ജീവനക്കാർക്കും വിദ്യാർത്ഥികൾക്കും പൊതുവായ മെഡിക്കൽ കൺസൾട്ടേഷൻ നല്കുക, സി.ജി.എച്ച്.എസ് ആനുകൂല്യ മുള്ളവർക്കും മറ്റു വിവിധ സ്കീമുകൾക്കുമുള്ള essentiality certificates, ബധിരർക്ക് ഡ്രൈവിംഗ് ലൈസൻസ്, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ട് എന്നിവയ്ക്കായുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ് നൽകുക, സ്റ്റിബുലാർ ലാബിലെ വെസ്റ്റിബുലാർ മൂല്യനിർണ്ണയം, ലാറിംഗോസ്കോപ്പി & സ്ട്രോബോസ്കോപ്പി എന്നിവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ എന്നിവ ഇ.എൻ.റ്റി വിഭാഗം നടത്തിവരുന്നു. തിങ്കൾ മുതൽ വെള്ളി വരെ രാവിലെ 9 മണി മുതൽ വൈകുന്നേരം 3 വരെ ഈ സേവനം ലഭ്യമാണ്.

## ❖ ന്യൂറോ ഡെവലപ്മെന്റൽ സയൻസ് വിഭാഗം

ന്യൂറോ ഡെവലപ്മെന്റൽ സയൻസ് വിഭാഗം കുട്ടികളിലെ നാഡീവ്യൂഹ വളർച്ചയിൽ ഉണ്ടാകുന്ന വ്യതിയാനങ്ങളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് സേവനങ്ങൾ നൽകുന്നു.

- **ഓട്ടിസം സ്പെക്ട്രം ഡിസോർഡർ യൂണിറ്റ്**

ഓട്ടിസം സ്പെക്ട്രം, ഹൈപ്പർ ആക്ടിവിറ്റി തുടങ്ങിയ പ്രശ്നങ്ങളുള്ള കുട്ടികളുടെ ആശയവിനിമയം, സാമൂഹിക ഇടപെടൽ, പഠനസംബന്ധമായ കഴിവുകൾ എന്നിവയിൽ സമഗ്രമായ വിലയിരുത്തലും, പരിശീലനവും നൽകി അവരുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുവാൻ വേണ്ടി പ്രവർത്തിക്കുന്നു.

- **ചൈൽഡ് ലാംഗ്വിജ് ഡിസോർഡർ യൂണിറ്റ്**

ഭാഷാപരമായ പ്രശ്നങ്ങൾ നേരിടുന്ന കുട്ടികളുടെ ആശയവിനിമയത്തിലും, ഭാഷാവികസനത്തിലും ഉള്ള കാലതാമസം തരണം ചെയ്യാൻ വേണ്ടി പരിശീലനം നല്കുന്നു. ഇന്ദ്രിയ സംബന്ധമായോ, മാനസികമോ ശാരീരികമോ ആയ പ്രശ്നങ്ങൾ ഇല്ലാത്ത കുട്ടികളാണ് ഈ യൂണിറ്റിൽ പരിശീലന ത്തിനായി തിരഞ്ഞെടുക്കപ്പെടുന്നത്.

- **ലാംഗ്വിജ് ആൻഡ് ലിറ്ററസി എൻഹാൻസ്മെന്റ് ആൻഡ് റിസർച്ച് നെറ്റ് ലാബ് (LLEaRN Lab)**

പഠനവെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക്, എഴുതാനും വായിക്കാനും ആവശ്യമായ അടിസ്ഥാന കഴിവുകൾ ശാസ്ത്രീയമായ രീതിയിൽ പരിശീലിപ്പിച്ച് അവരുടെ പഠനത്തിൽ സഹായിക്കുക എന്നതാണ് ഈ യൂണിറ്റിന്റെ ലക്ഷ്യം.

- **ഗ്ലോബൽ ഡെവലെപ്മെന്റൽ ഡിലേയൂണിറ്റ്**

ശാരീരികവും ബൗദ്ധികവുമായ വികസന താമസവും വളർച്ചക്കുറവുമുള്ള കുട്ടികളുടെ ആശയവിനിമയം, മാനസിക, സാമൂഹികക്ഷമത, പഠനസംബന്ധമായ കഴിവുകൾ, ദൈനംദിന പ്രവർത്തികൾ എന്നിവ മെച്ചപ്പെടുത്തന്നതിനു വേണ്ടി മൾട്ടി ഡിസിപ്ലിനറി, ട്രാൻസ് ഡിസിപ്ലിനറി സമീപനംവഴി സമഗ്രമായ വിലയിരുത്തലും, തെറാപ്പിയും കൊടുത്തു അവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്താൻ സഹായിക്കുന്നു.

- **പീഡിയാട്രിക് ന്യൂറോജനിക് സ്പീച്ച്ആൻഡ് സോളോയിംഗ് ഡിസോർഡർ യൂണിറ്റ്**

ഗർഭകാലത്തോ, പ്രസവസമയത്തോ, ഒരു വയസ്സിന് താഴെയുള്ള കുട്ടിയുടെ വികസന കാലയളവിലോ തലച്ചോറിനേൽക്കുന്ന ആഘാതം കൊണ്ടുണ്ടാകാവുന്ന ചലനപരിമിതികൾ (സെറിബ്രൽപാൾസി, അപ്രാക്സിയ, സീഷർഡിസോർഡർ മുതലായവ) ഉള്ള കുട്ടികളെയാണ് ഇവിടെ ഉൾപ്പെടുത്തുന്നത്. ഇവരുടെ പേശികളിൽ ഉണ്ടാകാവുന്ന ബലക്കുറവോ, കൂടുതലോ കാരണം സംസാര- ഭാഷാ തകരാറുകൾ, ആശയവിനിമയത്തിനുള്ള ബുദ്ധിമുട്ട്, ഭക്ഷണം

ചവയ്ക്കാനോ ഇറക്കുവാനോ ഉള്ള പ്രയാസം തുടങ്ങിയ പ്രശ്നങ്ങൾ ഉണ്ടാകുന്നു. ഇത് മൾട്ടിഡിസ്സിപ്ലിനറി ടീം വഴിസമഗ്രമായി വിലയിരുത്തുകയും അതിനുവേണ്ട പരിശീലനം ശാസ്ത്രീയമായ രീതിയിൽ നൽകുകയും ചെയ്യുന്നു.

## ❖ ഏർലി ഇന്റർവെൻഷൻ പ്രോഗ്രാം

ശ്രവണപരിമിതിയുള്ള കുട്ടികൾക്കും അവരുടെ രക്ഷിതാക്കൾക്ക് പരിശീലനം നല്കിക്കൊണ്ട് കുട്ടികളിൽ പ്രായാനുസൃതമായ ആശയവിനിമയശേഷി വളർത്തിയെടുത്ത് അവരെ മുഖ്യധാരാ വിദ്യാഭ്യാസത്തിനു പ്രാപ്തരാക്കുകയാണ് ഏർലി ഇന്റർവെൻഷൻ പ്രോഗ്രാമിന്റെ ലക്ഷ്യം. 3 വയസ്സിൽ താഴെയുള്ള കുട്ടികൾക്കാണ് പ്രവേശനം.വർഷംമുഴുവൻ പ്രവേശനം ലഭ്യമാണ്.

3 വയസ്സിന് ശേഷമുള്ള കേൾവിക്കുറവുള്ള കുട്ടികൾക്കായുള്ള പ്രീ സ്കൂൾ വിദ്യാഭ്യാസം, 6 വയസ്സ് മുതൽ 10 വയസ്സ് വരെയുള്ള വിദ്യാർത്ഥികൾക്കായി വാരാന്ത്യത്തിലും, മധ്യവേനൽ അവധിക്കാലത്തും തുടർ പരിശീലനം എന്നിവയും ഏർലിഇന്റർവെൻഷൻ ഡിപ്പാർട്ട്മെന്റ് നടത്തിവരുന്നു.

ഓഡിറ്ററിഓറൽ, ഓഡിറ്ററിവെർബൽ, ഡ്യുവൽ ലാംഗ്വിജ് എന്നിവയിൽ നിന്നും കുട്ടിക്ക് അനുയോജ്യമായ മാധ്യമത്തിലൂടെ ആണ് പരിശീലനം നൽകുന്നത്.

## ❖ ഒക്യുപേഷണൽ തെറാപ്പി

ഭിന്നശേഷിക്കാരുടെ പുനരധിവാസ പ്രവർത്തനങ്ങൾ ലക്ഷ്യമിട്ട് വളരെവിപുലമായ രീതിയിൽ ഒക്യുപേഷണൽ തെറാപ്പിവിഭാഗം നിഷിൽ പ്രവർത്തിക്കുന്നു.

ഓട്ടിസം, നാഡീവികാസപരമായ തകരാറുകൾ, ജനിതക തകരാറുകൾ, പഠനപരിമിതികൾ, അറ്റൻഷൻ ഡെഫിസിറ്റ്, ഹൈപ്പർ ആക്റ്റിവിറ്റി ഡിസോർഡർ തുടങ്ങിയ പ്രശ്നങ്ങളുള്ള കുട്ടികൾക്ക് ശരിയായ പ്രതികരണ ശേഷിയും, പെരുമാറ്റരീതിയും വളർത്തിയെടുത്ത് ദൈനംദിന ജീവിതത്തിൽ സ്വയം പര്യാപ്തരാക്കാൻ പരിശീലിപ്പിക്കുന്നു. ശാരീരികമായും, മാനസികമായും വൈകാരികമായും പ്രയാസം അനുഭവിക്കുന്ന മുതിർന്ന വ്യക്തികളെയും ഉചിതമായ പരിശീലനം നല്കി സമൂഹത്തിന്റെ മുഖ്യധാരയിലേക്കെത്തിക്കുന്നു.

## ❖ സോഷ്യൽ വർക്ക് വിഭാഗം

ഭിന്നശേഷിക്കാർക്ക് നിഷ്-ലെ സേവനങ്ങൾ പ്രാപ്യമാക്കാനും, ഗവണ്മെന്റിന്റെ പദ്ധതികളെയും. ആനുകൂല്യങ്ങളെയും കുറിച്ച് അവരെ അവബോധരാക്കുവാനും ആനുകൂല്യങ്ങൾ അവരിലേക്കെത്തി എന്ന് ഉറപ്പാക്കാനും സുസജ്ജമായ സോഷ്യൽ വർക്ക് വിഭാഗം നിഷ്-ല് ഉണ്ട്. പരാതികൾക്ക് പരിഹാരം കണ്ടെത്തുക, ക്യാംപുകൾ സംഘടിപ്പിക്കുക, ഭിന്നശേഷിക്കാർക്ക് മാനസികവും, സാമൂഹികവുമായ പിന്തുണ ഉറപ്പാക്കുക, വിദ്യാർത്ഥികൾക്ക് അർഹമായ സ്കോളർഷിപ്പ് ലഭ്യമാക്കുക എന്നിവയെല്ലാം സോഷ്യൽ വർക്ക് വിഭാഗത്തിന്റെ ചുമതലയാണ്.

## അനുബന്ധ സേവനങ്ങൾ

## ❖ സൈക്കോളജി വിഭാഗം

ഓട്ടിസം, പഠനപരിമിതി, ബൗദ്ധിക വെല്ലുവിളി, കേൾവി- സംസാര പരിമിതി, വിക്ക്, സെറിബ്രൽ പാൾസി തുടങ്ങി നിരവധി ഭിന്നശേഷികൾക്കു വേണ്ട മനശാസ്ത്ര പിന്തുണ കൗൺസിലിംഗ് എന്നിവ ഉറപ്പാക്കുന്നു. വിഷാദരോഗം, വ്യക്തിത്വ പ്രശ്നങ്ങൾ, അപസ്മാരം അൽഷിമേഴ്സ് തുടങ്ങി ശാരീരികവും, മാനസികവും, വൈകാരികവുമായ പ്രശ്നങ്ങൾ ഉള്ളവർക്ക് വേണ്ട മാനസിക ചികിത്സ, ഭിന്നശേഷിക്കാർക്കും അല്ലാത്തവർക്കും വിവാഹത്തിന് മുൻപും, പിൻപും വേണ്ട കൗൺസിലിംഗ്, ഫാമിലി കൗൺസിലിംഗ്, ഓൺലൈൻ മാനസികാരോഗ്യ സേവനങ്ങൾ എന്നിവയെല്ലാം സൈക്കോളജി വിഭാഗം ചെയ്തുവരുന്നു.

## ❖ ഫിസിയോ തെറാപ്പി

ജന്മനാ തലച്ചോറിനുണ്ടാകുന്ന തകരാറുകൾ, ജനിതക വ്യതിയാനം എന്നിവമൂലം കുട്ടികളുടെ വളർച്ച ഘട്ടങ്ങളിലുണ്ടാകുന്ന കാലതാമസം, തലച്ചോറിനേറ്റ ക്ഷതം ഏതെങ്കിലും രോഗത്തിന്റെ ഫലമായി ശാരീരിക ശേഷിക്കോ ചലനത്തിനോ സംഭവിക്കുന്ന തകരാറുകൾ, പക്ഷാഘാതം തുടങ്ങിയ പ്രശ്നങ്ങൾ ഫിസിയോതെറാപ്പി വിഭാഗം കൈകാര്യം ചെയ്യുന്നു. രോഗിയുടെ സൗകര്യവും തെറാപ്പിസ്റ്റിന്റെ ലഭ്യതയും അനുസരിച്ചാണ് ഫിസിയോ തെറാപ്പിക്കുള്ള സമയം നിശ്ചയിക്കുന്നത് 45 മിനിട്ട് നീണ്ടുനില്ക്കുന്നതാണ് ഓരോ സെഷനും. വ്യക്തിയുടെ ശാരീരികനില പരിശോധിച്ച് വിലയിരുത്തിയ ശേഷം

ചലനക്ഷമത, പ്രവർത്തനശേഷി, ജീവിതനിലവാരം എന്നിവ മെച്ചപ്പെടുത്താനുതകുന്ന വ്യായാമങ്ങൾ നിർദ്ദേശിക്കുകയും, പരിശീലനം കൊടുക്കുകയും ചെയ്യുന്നു. പ്രായഭേദമന്യേ ഏതുവ്യക്തിക്കും ഈസേവനം ലഭ്യമാണ്.

## അക്കാഡമിക് സേവനങ്ങൾ

❖ **ശ്രവണപരിമിതർക്കായുള്ള ബിരുദ പഠന വിഭാഗം**

ശ്രവണപരിമിതിയുള്ള വർക്കായി കേരള യൂണിവേഴ്സിറ്റിയുടെ അംഗീകാരത്തോടെ കമ്പ്യൂട്ടർ സയൻസ്, ഫൈൻ ആർട്സ്, കൊമേഴ്സ് എന്നീ വിഷയങ്ങളിൽ ബിരുദ കോഴ്സുകൾ നടത്തുന്നു. ഭിന്നശേഷി മേഖലയിൽ മാനവ വിഭവശേഷി വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കേരളാ ആരോഗ്യ സർവ്വകലാശാലയുടെ അംഗീകാരത്തോടെ ബാച്ചിലർ ഓഫ് ഓഡിയോളജി ആന്റ്ഡ് സ്പീച്ച് ലാംഗ്വിജ് പത്തോളജി (BASLP) ബാച്ചിലർ ഓഫ് ഒക്കുപേഷണൽ തെറാപ്പി (BoT) MSc ഓഡിയോളജി & MSc. സ്പീച്ച് ലാംഗ്വിജ് പത്തോളജി എന്നീ കോഴ്സുകൾ നിഷ് നടത്തിവരുന്നു.

❖ **റീഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യയുടെ (RCI) അംഗീകാരമുള്ള ഡിപ്ലോമ കോഴ്സുകൾ**

കേൾവിക്കുറവുള്ള കുട്ടികളുടെ ഏർലി ഇന്റർവെൻഷൻ അധ്യാപകരെ വാർത്തെടുക്കാനുള്ള ഡിപ്ലോമ ഇൻ ഏർലി ചൈല്ഡ് ഹുഡ് സ്പെഷ്യൽ എഡ്യൂക്കേഷൻ (ഹിയറിംഗ് ഇംപയർമെന്റ്) DECSE (HI), ആംഗ്യഭാഷാ വിവർത്തകരെ രൂപപ്പെടുത്താനുള്ള ഡിപ്ലോമ ഇൻ ഇന്ത്യൻ സൈൻ ലാംഗ്വിജ് ഇന്റർപ്രട്ടേഷൻ (DISLI), വിദഗ്ധരായ ആംഗ്യ ഭാഷാ അധ്യാപകരെ സൃഷ്ടിക്കാനുള്ള ഡിപ്ലോമ ഇൻ ടീച്ചിംഗ് ഇന്ത്യൻ സൈൻ ലാംഗ്വിജ്

❖ **പൊതുജനങ്ങൾക്കായുള്ള കോഴ്സുകൾ**

മാസ്സീവ് ഓപ്പൺ ഓൺലൈൻ കോഴ്സ് ഇൻ ഇന്ത്യൻ സൈൻലാംഗ്വിജ്

❖ **സെന്റർ ഫോർ അസിസ്റ്റീവ് ടെക്നോളജി ആൻഡ് ഇന്നോവേഷൻ (CATI) & നാഷണൽ സെന്റർ ഫോർ അസിസ്റ്റീവ് ഹെൽത്ത് ടെക്നോളജി**

ഭിന്നശേഷിക്കാർക്ക് ആവശ്യമായ സഹായ ഉപകരണങ്ങൾ വികസിപ്പിക്കുന്നതിനായി ഫെഡറൽ ബാങ്കിന്റെ സി.എസ്.ആർ ധനസഹായത്തോടെ പ്രവർത്തിക്കുന്ന, ഇന്ത്യയിലെ ആദ്യ സമഗ്ര അസിസ്റ്റീവ് ടെക്നോളജി സെന്റർ ആണ് സെന്റർ ഫോർ അസിസ്റ്റീവ് ടെക്നോളജി ആൻഡ് ഇന്നോവേഷൻ. Assistive Technology Solutions എന്ന 6 മാസത്തെ സർട്ടിഫിക്കറ്റ് കോഴ്സ് CATI സംഘടിപ്പിച്ചുവരുന്നു. ഇന്ത്യക്കകത്തും പുറത്തും നിന്നുള്ള നിരവധി വിദ്യാർത്ഥികൾക്ക് ഈകോഴ്സ് പ്രയോജനം ചെയ്യുന്നു. കൂടാതെ, Accessibility and Assistive Technology Consultancy Services എന്നൊരു കൺസൽട്ടൻസി സർവീസും CATI നടത്തുന്നുണ്ട്.

## പദ്ധതികൾ, പ്രവർത്തനങ്ങൾ

❖ **സ്ട്രക്ചേർഡ് ആൻഡ് ടൈംലി എംപവർമെന്റ് ഓഫ് പേരന്റ്സ് ഓഫ് പേഴ്സൺസ് വിത്ത് ഡിസെബിലിറ്റി (STEPP) (ഭിന്നശേഷിക്കാരായ കുട്ടികളുടെ മാതാപിതാക്കളുടെ മാനസിക ക്ഷേമത്തിനായുള്ള പദ്ധതി)**

കുട്ടികളുടെ ഭിന്നശേഷി തിരിച്ചറിയുന്ന സമയത്തു മാതാപിതാക്കൾക്ക് ഉണ്ടായേക്കാവുന്ന മാനസിക ബുദ്ധിമുട്ടുകൾക്ക്, കൗൺസിലിംഗ് ലഭ്യമാക്കുന്നതിനു വേണ്ടിയാണ് STEPP നിലകൊള്ളുന്നത്. കുട്ടിയുടെ പുനരധിവാസ പ്രവർത്തനങ്ങൾക്കായി മാതാപിതാക്കളെ സഹായിക്കുകയും, അതു ഭിന്നശേഷി മേഖലയിൽ അവർക്കുള്ള വിജ്ഞാനം വർധിപ്പിക്കാനായി സെമിനാറുകളും, ശാക്തീകരണ പരിപാടികളും സംഘടിപ്പിക്കുകയും ചെയ്യുന്നു. കൂടാതെ മാതാപിതാക്കൾ അറിയേണ്ടതായിട്ടുള്ള വിഷയങ്ങളെ ക്കുറിച്ചുള്ള ലഘുലേഖകൾ നൽകാനും STEPP ശ്രദ്ധിക്കുന്നു.

❖ **സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുമായി ചേർന്ന് ഭിന്നശേഷിക്കാർക്കായുള്ള 24*7 ഹെൽപ്പ് ലൈൻ**

കാലാവസ്ഥാ വ്യതിയാനങ്ങൾ, പ്രകൃതിദുരന്തം എന്നിവയുമായി ബന്ധപ്പെട്ട് ശ്രവണ പരിമിതർക്കുണ്ടായേക്കാവുന്ന സംശയങ്ങൾക്കും അന്വേഷണങ്ങൾക്കും മറുപടിപറയാനും, ഈ സാഹചര്യങ്ങൾ എത്രത്തോളം കരുതലോടെ നേരിടണം എന്ന അവബോധം അവരിലേയ്ക്കെത്തിക്കാനും നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ആൻഡ് ഹിയറിംഗും, കേരള

ദുരന്തനിവാരണ അതോറിറ്റിയും സംയുക്തമായി 24 മണിക്കൂറും പ്രവർത്തിക്കുന്ന ഒരുഹെൽപ്പ് ലൈൻ സജ്ജീകരിച്ചു. ഭിന്നശേഷി, ആരോഗ്യം, ദുരന്ത നിവാരണം എന്നീമേഖലകളിലെ വിദഗ്ദ്ധരുടെ സേവനവും മാനസിക സമ്മർദ്ദം ലഘൂകരിക്കുന്നതിനുള്ള കൗൺസിലിംഗും ഇതിലൂടെ ലഭ്യമാണ്. ആംഗ്യ ഭാഷയിൽ ആശയവിനിമയം നടത്താവുന്നതാണ്. ഹെൽപ്പ് ലൈൻ സേവനങ്ങൾ ആവശ്യമുള്ളവർക്ക് 9446750983, 9496918178, 9249505723. എന്നീ നമ്പരുകളിലേയ്ക്ക് നേരിട്ട് വിളിക്കുകയോ, വീഡിയോകോൾ ചെയ്യുകയോ, മെസ്സേജ് അയയ്ക്കുകയോ ചെയ്യാം. കേരളത്തിലെ എല്ലാ ജില്ലകളിലും ആഴ്ചയിലെ എല്ലാദിവസവും ഈസേവനം ലഭ്യമാണ്.

❖ **ഇന്നോവേഷൻ ബൈ യൂത്ത് വിത്ത് ഡിസബിലിറ്റീസ് (I-YwD)**

സംസ്ഥാനത്തെ ഭിന്നശേഷിക്കാരായ വ്യക്തികളിൽ നിന്നും സമൂഹത്തിലെ നിലവിലുള്ള ഒരുപ്രശ്നം പരിഹരിക്കാൻ നൂതനആശയങ്ങൾ ഉള്ളവരെ കണ്ടെത്തി അവർക്ക് അവരുടെ ആശയങ്ങൾ വികസിപ്പിച്ചെടുക്കുവാനും ഒരുസംരംഭമാക്കി മാറ്റുവാനുമുള്ള പരിശീലനം നൽകുന്നതിനായി, കേരള ഡെവലപ്മെന്റ് ആൻഡ് ഇന്നൊവേഷൻസ് സ്ട്രാറ്റജി കൌൺസിൽ (കെ-ഡിഎസ്സി) വിഭാവനം ചെയ്ത് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആൻഡ് ഹിയറിംഗ് (നിഷ്) നടപ്പിലാക്കിയ ഒരു പദ്ധതിയാണ് ഇന്നോവേഷൻ ബൈ യൂത്ത് ഡിസബിലിറ്റീസ് (I-YwD) എന്ന കേരള ഗവൺമെന്റ് പ്രോജക്റ്റ്. പരിശീലന കാലയളവ് 3 വർഷമാണ്.

16-40 വയസ് ആണ് പ്രായപരിധി. താല്പര്യമുള്ളവർക്ക് 916238848716 എന്ന നമ്പറിൽ മെസ്സേജ് അയയ്ക്കുകയോ. iywd@nish.ac.in എന്ന ഇ-മെയിൽ വിലാസത്തിൽ കത്തുകൾ അയയ്ക്കുകയോ ചെയ്യാം.

# കേന്ദ്ര സർക്കാർ പദ്ധതികൾ

https://depwd.gov.in 01124364391

1995 ലെ ഭിന്നശേഷി നിയമത്തിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം ഭിന്നശേഷിക്കാരുടെ പുനരധിവാസത്തിനും തടസരഹിത പ്രവേശനത്തിനും വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനുമുള്ള സാമ്പത്തിക സഹായംകേന്ദ്രസർക്കാർ മുഖേന നൽകി വരുന്നു.സംസ്ഥാന സർക്കാരുകൾക്കും സ്വയംഭരണ സ്ഥാപനങ്ങളും സർവ്വകലാശാലകളും ഉൾപ്പെടെ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ രൂപീകരിക്കുന്ന വിവിധ സ്ഥാപനങ്ങൾക്കും, എൻ.ജി.ഒ കൾക്കും ഈ പദ്ധതി പ്രകാരം ഗ്രാന്റ്-ഇൻ-എയ്ഡ് നൽകുന്നു.

❖ Scheme for Implementation of the Rights of Persons with Disabilities Act, 2016 (SIPDA)

കേന്ദ്ര സർക്കാർ മുഖേന SIPDA സ്കീമിന് കീഴിൽ ചുവടെ പറയുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു.

- ഭിന്നശേഷിക്കാർക്കായി റാംപ്, റെയിൽ, ലിഫ്റ്റ്, വീൽച്ചെയർ സൗകര്യത്തോടു കൂടി ടോയിലറ്റുകൾ ഉൾപ്പെടെ തടസ്സരഹിത ചുറ്റുപാടുകൾ നിർമ്മിക്കൽ. ഓഫീസുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, പൊതു ഇടങ്ങൾ എന്നിവ ഭിന്നശേഷി സൗഹൃദമാക്കി മാറ്റുന്നതിനുള്ള നടപടികൾ
- കേന്ദ്ര/സംസ്ഥാന/ജില്ലാതല സർക്കാർ സംവിധാനങ്ങളുടെ ഭിന്നശേഷി സൗഹൃദ വെബ്സൈറ്റുകൾ
- ഭിന്നശേഷിക്കാർക്കുള്ള സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാം
- ഭിന്നശേഷി അവകാശനിയമം 2016 പ്രകാരം പ്രസ്തുത നിയമം നിലവിൽ വന്നു 5 വർഷ കാലയളവിൽ പൊതു ഇടങ്ങളെല്ലാം ഭിന്നശേഷി സൗഹൃദമാക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നു. ഇതിന്റെ ഭാഗമായി എല്ലാ സംസ്ഥാനങ്ങളിലെയും ക്യാപ്പിറ്റൽ സിറ്റി, പൊതു ഇടങ്ങൾ, കെട്ടിടങ്ങൾ, ഗതാഗതം വാർത്താവിനിമയ സംവിധാനങ്ങൾ മുതലായവ ഭിന്നശേഷി സൗഹൃദമാക്കുന്നതിനുള്ള ആക്സസിബിൾ ഇന്ത്യ ക്യാമ്പയിൻ നടപ്പിലാക്കുന്നു.
- പുനരധിവാസ കേന്ദ്രങ്ങളെ പിന്തുണക്കൽ, ഭിന്നശേഷി സർട്ടിഫിക്കറ്റ് വിതരണ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിന് സംസ്ഥാന സർക്കാരിനെ സഹായിക്കൽ, സ്റ്റേക്ക് ഹോൾഡേഴ്സിനുള്ള ബോധവൽക്കരണ പരിപാടികൾ നടപ്പിലാക്കൽ, ഭിന്നശേഷി കമ്മീഷണറുടെ ഓഫീസുകൾ ക്കുള്ള അടിസ്ഥാന സൗകര്യങ്ങൾക്കുള്ള ഗ്രാൻറ് നൽകൽ.

- സ്വന്തമായി ഭൂമിയുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും സർക്കാർ സ്ഥാപനങ്ങളിലും ഭിന്നശേഷിക്കാർക്കുള്ള പ്രത്യേ വിനോദസഞ്ചാര കേന്ദ്രങ്ങളുടെ നിർമ്മാണം എന്നീങ്ങനെ നിരവധി പദ്ധതികൾ SIPDA സ്കീമിന് കീഴിൽ നടപ്പിലാക്കി വരുന്നു.

### Assistance to Persons with Disabilities for Purchase/ Fitting of Aids / Appliances

വിവിധ സഹായ ഉപകരണങ്ങൾ വാങ്ങുന്നതിനും ഘടിപ്പിക്കുന്നതിനും ഭിന്നശേഷിക്കാരായ വ്യക്തികൾക്കുള്ള സഹായ പദ്ധതിയാണ് ADIP സ്കീം. കറക്ലീവ് സർജ്ജറി ആവശ്യമുള്ള പക്ഷം ആയത് നടത്താൻ പദ്ധതി വിഭാവനം ചെയ്യുന്നുണ്ട്. സഹായ ഉപകരണങ്ങൾ വാങ്ങുന്നതിനും വിതരണം ചെയ്യുന്നതിനുമായി വിവിധ നിർവ്വഹണ ഏജൻസികൾക്ക് ഗ്രാന്റ് ഇൻ എയ്ഡ് നൽകി വരുന്നു.

### ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്

PwD Act 1995, RPwD Act 2016 എന്നിവയുടെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാർ ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് പ്രീ-മെട്രിക്, പോസ്റ്റ് മെട്രിക്, ടോപ് ക്ലാസ്സ് എഡ്യൂക്കേഷൻ സ്കോളർഷിപ്പ് നൽകി വരുന്നു. www.scholarships.gov.in എന്ന നാഷണൽ സ്കോളർഷിപ്പ് പോർട്ടലിൽ അപേക്ഷ സമർപ്പിക്കണം. എല്ലാ വർഷവും നൽകുന്ന സ്കോളർഷിപ്പിന്റെ 50% പെൺകുട്ടികൾക്കായി മാറ്റി വച്ചിട്ടുണ്ട്. അർഹരായ പെൺകുട്ടികൾ ഇല്ലാത്ത പക്ഷം അർഹരായ ആൺകുട്ടികൾക്ക് അനുവദിക്കുന്നു.

### ഭിന്നശേഷിക്കാരുടെ അവകാശ നിയമം RPwD ACT - 2016

1995 ലെ ഭിന്നശേഷി നിയമം റദ്ദാക്കി അതിനു പകരമായാണ് ഭിന്നശേഷിയുള്ളവരുടെ അവകാശ നിയമം 2016 കേന്ദ്ര സർക്കാർ കൊണ്ടുവന്നത്. ഐക്യരാഷ്ട്രസഭയുടെ 2006 ലെ ഭിന്നശേഷിക്കാർക്കായുള്ള അന്താരാഷ്ട്ര കൺവെൻഷന്റെ ചുവടു പിടിച്ചാണ് ഭിന്നശേഷിക്കാരുടെ അവകാശത്തിലധിഷ്ഠിതമായ ഈ നിയമം പാർലമെന്റ് പാസാക്കിയത്. സ്ത്രീകളും കുട്ടികളുമുൾപ്പെടെ ഭിന്നശേഷിക്കാർക്ക് തുല്യതയും സമത്വവും ഉറപ്പു വരുത്തുന്നതിന് സർക്കാരും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും ഉത്തരവാദികളാണ്.

ഭിന്നശേഷിക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ, ദുരുപയോഗം എന്നിവ തടയുന്നതിനും അതിക്രമമുണ്ടായാൽ സംരക്ഷണം നൽകുന്നതിനും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നടപടി സ്വീകരിക്കേണ്ടതാണ്.

ഭിന്നശേഷിക്കാരനിൽ നിന്നും ടി പ്രദേശത്തെ പോലീസ് ഓഫീസർക്ക് പരാതി ലഭിക്കുന്ന പക്ഷം ടിയാൾക്ക് സൗജന്യ നിയമോപദേശം നൽകുന്നതിനും ടിയാളുടെ പരാതിയിൻ മേൽ തീർപ്പു കൽപ്പിക്കുന്നതിന് Executive Magistrate ന് മുമ്പാകെ പരാതി ബോധ്യപ്പെടുത്തേണ്ടതുമാണ്.

6 മുതൽ 18 വയസ്സു വരെയുള്ള 40% നു മുകളിൽ ഭിന്നശേഷിയുള്ള കുട്ടികൾക്ക് സൗജന്യ വിദ്യാഭ്യാസം ലഭ്യമാക്കൽ, സർക്കാർ ഉന്നത വിദ്യാഭ്യാസ മേഖലകളിൽ 5% ൽ കുറയാത്ത സംവരണം ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് ലഭ്യമാക്കൽ, ഭിന്നശേഷിക്കാർക്ക് അനുയോജ്യമായ തസ്തിക കണ്ടെത്തൽ, 4% തൊഴിൽ സംവരണം ഭിന്നശേഷിക്കാർക്ക് ഉറപ്പാക്കൽ, കൂടുതൽ ഭിന്നശേഷിക്കാർക്ക് തൊഴിൽനൽകുന്ന തൊഴിൽദാതാവിന് ആനുകൂല്യങ്ങൾ /ഇളവുകൾ നൽകൽ എന്നിവ അതാതു സർക്കാർ വകുപ്പുകളുടെ ഉത്തരവാദിത്തമാണ്.

❖ **ഭിന്നശേഷിക്കാർക്കായുള്ള സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്യൽ (Chapter IX Section 49-55)**

ഭിന്നശേഷിക്കാർക്കായി പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യേണ്ടതാണ്. Mental Health Act 1987 പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള മാനസിക രോഗ ബാധിതർക്കായുള്ള സ്ഥാപനങ്ങൾ ടി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യേണ്ടതില്ല. സ്ഥാപന രജിസ്ട്രേഷന് വേണ്ടി അപേക്ഷ സമർപ്പിക്കൽ, സ്ഥാപന പരിശോധന, സർട്ടിഫിക്കറ്റ് അനുവദിക്കൽ, അപ്പീൽ അപേക്ഷ സമർപ്പിക്കൽ എന്നിവ സംബന്ധിച്ച നടപടിക്രമങ്ങൾ സംസ്ഥാന ചട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യുന്ന സ്ഥാപനങ്ങൾക്ക് സർക്കാർ ധനസഹായത്തിന് അർഹതയുണ്ട്.

❖ **ഭിന്നശേഷിക്കാർക്ക് സർട്ടിഫിക്കറ്റ് നൽകൽ (Chapter X Section 56-59)**

ആക്ട് പ്രകാരം 21 ശാരീരിക മാനസിക അവസ്ഥകളെ വൈകല്യമായി നിശ്ചയിച്ചിട്ടുണ്ട്. ഭിന്നശേഷിക്കാർക്ക് സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനും സർട്ടിഫിക്കറ്റ് അനുവദിച്ച നടപടിയിൽ ആക്ഷേപമുണ്ടെങ്കിൽ അപ്പീൽ അപേക്ഷ നൽകുന്നതിന് ഭിന്നശേഷിക്കാരന് അവകാശമുണ്ട്.

❖ **നാഷണൽ ട്രസ്റ്റ് നിയമം**

ഓട്ടിസം, സെറിബ്രൽ പാൾസി, ബുദ്ധിമാന്ദ്യം, മൾട്ടിപ്പിൾ ഡിസെബിലിറ്റീസ് എന്നിവ ബാധിച്ച വ്യക്തികളുടെ ക്ഷേമത്തിനായുള്ള “നാഷണൽ ട്രസ്റ്റ് ”നിയമം (1994 ലെ നാൽപത്തി നാലാം നിയമം) 1999 ഡിസംബർ 30 ന് പ്രാബല്യത്തിൽ വന്നു. The National Trust for the welfare of Person with Autism, cerebral Palsy, Mental Retardation and Multiple Disabilities Act, 1999 എന്നതാണ് നിയമത്തിന്റെ പൂർണ്ണ നാമം.

### ❖ എന്താണ് നാഷണൽ ട്രസ്റ്റ്

നാഷണൽ ട്രസ്റ്റ് നിയമ പ്രകാരം ഭാരത സർക്കാരിന്റെ സാമൂഹ്യനീതി മന്ത്രാലയത്തിൻ കീഴിൽ രൂപീകരിച്ചിട്ടുള്ള നിയമപരമായ സ്ഥാപനമാണ് നാഷണൽ ട്രസ്റ്റ്

### ❖ സ്റ്റേറ്റ് നോഡൽ ഏജൻസി സെന്റർ

നാഷണൽ ട്രസ്റ്റിന് വളരെ ചുരുങ്ങിയ ജീവനക്കാരും മറ്റ് അനുബന്ധ സംവിധാനങ്ങളുമാണുള്ളത്. അതു കൊണ്ട് തന്നെ നാഷണൽ ട്രസ്റ്റിന്റെ വിവിധങ്ങളായ പ്രവർത്തനങ്ങൾ സംസ്ഥാന തലത്തിൽ രജിസ്റ്റർ ചെയ്ത സംഘടനകൾ വഴി നടപ്പിലാക്കുന്നതിനായി ഒരു പ്രതിനിധിയെ ആവശ്യമായി വരുന്നു. ഇവയാണ് സ്റ്റേറ്റ് നോഡൽ ഏജൻസി സെന്ററുകൾ (SNAC). അതതു സംസ്ഥാന സർക്കാരുകളുമായി ചേർന്നു പ്രവർത്തിച്ച്, രജിസ്റ്റർ ചെയ്ത സംഘടനകൾ വഴി നടപ്പിലാക്കുന്ന പദ്ധതികൾ, ലോക്കൽ ലെവൽ കമ്മിറ്റികളുടെ പ്രവർത്തനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട പുരോഗതി വിവരങ്ങൾ ട്രസ്റ്റിന് ലഭ്യമാക്കുക എന്നതാണ് ഇവയുടെ കർത്തവ്യം. SNAC യായി പ്രവർത്തിക്കുന്നതിന് 10 വർഷക്കാലം ഭിന്നശേഷിക്കാരുടെ ക്ഷേമത്തിനായുള്ള സ്ഥാപനം നടത്തി വരുന്നതും, ഇതിൽ ചുരുങ്ങിയത് 5 വർഷമെങ്കിലും ഏതെങ്കിലും ഒരു നാഷണൽ ട്രസ്റ്റ് വൈകല്യ മേഖലയിൽ സേവനം ചെയ്യുന്നതും, നാഷണൽ ട്രസ്റ്റിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതും ലാഭേച്ഛയില്ലാതെ പ്രവർത്തിക്കുന്നതുമായ സ്ഥാപനമായിരിക്കണം.

### ❖ ലോക്കൽ ലെവൽ കമ്മിറ്റികൾ

നാഷണൽ ട്രസ്റ്റിന്റെ ജില്ലാതലത്തിലെ പ്രധാന പ്രവർത്തന സ്ഥാപനമാണ് ലോക്കൽ ലെവൽ കമ്മിറ്റികൾ. ലീഗൽ ഗാർഡിയൻ സർട്ടിഫിക്കറ്റിനുള്ള അപേക്ഷകൾ ഇതിന്റെ ചെയർമാനായ ജില്ലാ കളക്ടർക്കാണ് സമർപ്പിക്കേണ്ടത്.

# മറ്റ് വകുപ്പുകൾ മുഖേന ഭിന്നശേഷിക്കാർക്കായി നടത്തുന്ന സേവനങ്ങൾ

## ❖ ആരോഗ്യ വകുപ്പ്

www.dhs.kerala.gov.in 04712302490

1. ആരോഗ്യവകുപ്പും സാമൂഹ്യ സുരക്ഷാ മിഷനുമായി ചേർന്ന് സംസ്ഥാനത്തെ ഭിന്നശേഷി വിഭാഗത്തിലുള്ളവർക്ക് UDID ലഭ്യമാക്കുന്നതിന് പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്.
2. ഭിന്നശേഷിയുള്ളവർക്ക് ഓൺലൈൻ വഴി അപേക്ഷ സ്വീകരിച്ചു പരിശോധന നടത്തി ഭിന്നശേഷി സർട്ടിഫിക്കറ്റ് നൽകി വരുന്നു.
3. ആരോഗ്യവകുപ്പിന് കീഴിലുള്ള ആശുപത്രികളിൽ ലഭ്യമായ സൗജന്യ ചികിൽസകൾ ഭിന്നശേഷി വിഭാഗത്തിലുള്ളവർക്ക് നൽകിവരുന്നു. ഭിന്നശേഷി സൗഹൃദ ആശുപത്രി എന്നത് നടപ്പിലാക്കി വരുന്നു.
4. ആരോഗ്യ വകുപ്പ് മുഖേന ഭിന്നശേഷി വിഭാഗത്തിലുള്ളവർക്ക് സ്പീച്ച് തെറാപ്പി യൂണിറ്റ്, ഫിസിയോ തെറാപ്പി യൂണിറ്റ്, ലിംപ് ഫിറ്റിങ് സെന്റർ & ഹെൽത്ത് എഡ്യുക്കേഷൻ എന്നീ പ്രവർത്തനങ്ങൾ ചെയ്തു വരുന്നു.
5. RPwD Act 2016 പ്രകാരം ആരോഗ്യ വകുപ്പിൽ ഭിന്നശേഷി വിഭാഗത്തിലുള്ളവർക്ക് വിവേചനരഹിതമായ തുല്യ അവസരങ്ങൾ ലഭ്യമാക്കുന്നത് നടപ്പിലാക്കുന്നതിനായി ശ്രമിച്ചു വരുന്നുണ്ട്.

## ❖ കോളേജ് വിദ്യാഭ്യാസ വകുപ്പ്

https://collegiateedu.kerala.gov.in/ 0471 2303548

ഭിന്നശേഷി വിദ്യാർത്ഥികൾക്കായി കോളേജ് വിദ്യാഭ്യാസ വകുപ്പ് മുഖേന നടത്തി വരുന്ന രണ്ടു സ്കോളർഷിപ്പുകൾ ആണ് ഭിന്നശേഷി സ്കോളർഷിപ്പ് (State scholarship) പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് ഫോർ സ്റ്റുഡൻസ് വിത്ത് ഡിസബിലിറ്റീസ് (National Scholarship) എന്നിവ.

1. ഭിന്നശേഷി സ്കോളർഷിപ്പ് (State scholarship) പ്ലസ് വൺ മുതൽ ബിരുദാനന്ത ബിരുദം വരെയും, ബി.എഡ്, എം.എഡ് കോഴ്സുകൾക്കും പഠിക്കുന്ന ഭിന്നശേഷി വിഭാഗം വിദ്യാർത്ഥികൾക്ക് വരുമാന പരിധി ഉപാധിയില്ലാതെ സ്ഥാപന മേധാവി മുഖേന ആവശ്യപ്പെടുന്ന ഫുൾ ഫീസ്, ഹോസ്റ്റൽ ചാർജ്ജ് (പരമാവധി 6000/ രൂപ പ്രതിമാസം), ഡേ സ്കോളർ വിദ്യാർത്ഥികൾക്ക് പ്രതിവർഷം 4000/ രൂപ ബോർഡിങ് ഗ്രാന്റായും ഈ സ്കോളർഷിപ്പ് നൽകുന്നു.

2. പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് ഫോർ സ്റ്റുഡൻസ് വിത്ത് ഡിസബിലിറ്റീസ് (National Scholarship) -പ്ലസ് വൺ മുതൽ ബിരുദാനന്ത ബിരുദം വരെ പഠനം നടത്തുന്ന 40 ശതമാനത്തിൽ കൂടുതൽ ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്കും, കുടുംബ വാർഷിക വരുമാനം രണ്ടര ലക്ഷത്തിൽ കവിയാത്തതുമായ വിദ്യാർത്ഥികൾക്ക് അപേക്ഷിക്കാം. കുറഞ്ഞത് 50 ശതമാനം സ്കോളർഷിപ്പുകൾ വിദ്യാർത്ഥിനികൾക്കായി മാറ്റിവച്ചിരിക്കുന്നു.

a. ട്യൂഷൻ ഫീസ്
b. ഡിസബിലിറ്റി അലവൻസ് : Rs. 2000 - 4000
c. ബുക്ക് അലവൻസ് : Rs. 1500 p.a
d. മെയിന്റനൻസ് അലവൻസ് (10 മാസം)

| Course | Hostler | Day Scholar |
|---|---|---|
| **Group I :** Engineering, Medicine, Agriculture, Management | 1600 | 750 |
| **Group II :** B Pharm, LLB, Hotel Management, Mass communication | 1100 | 700 |
| **Group III :** BA, Bsc, BCom | 950 | 650 |
| **Group IV :** Higher secondary, ITI, Polytechnic | 900 | 550 |

3. സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പ്രവേശനത്തിന് 5% സംവരണം നടപ്പിലാക്കി 03.09.2022 തീയതിയിലെ സ.ഉ (കൈ) നം. 438/2022/HEDN നം. പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

## ❖ തദ്ദേശസ്വയംഭരണ വകുപ്പ്

lsgkerala.gov.in 0471 2323286

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് ധനസഹായം നൽകുന്നതിന് വരുമാനപരിധിയില്ല. ഭിന്നശേഷിക്കാരായവരുടെ ഡാറ്റാബേസ് സൂക്ഷിക്കുന്നതിനും നവീകരിക്കുന്നതിനും വേണ്ട നടപടികൾ ഗ്രാമപഞ്ചായത്തുകൾ/നഗരഭരണ സ്ഥാപനങ്ങൾ സ്വീകരിക്കുന്നു.

### ♦ ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സഹായങ്ങൾ

1. സർജിക്കൽ ഷൂസ്, ആംഗിൽ ബൂട്ട്, മോൾഡ് ഷൂസ്, ഉയരവും അളവും അനുസരിച്ച് പ്രത്യേകം തയ്യാറാക്കിയ തുകൽ ചെരുപ്പ്/മൈക്രോ സെല്ലുലാർ റബ്ബർ സോൾ ഉള്ള ചെരുപ്പ്, അക്കോമഡേറ്റ് പാദരക്ഷകൾ.
2. ഓർത്തോപീടിക് ഉപകരണങ്ങൾ, വിവിധതരം കറക്റ്റീവ് ഷൂസുകൾ
3. വിവിധതരം കൃത്രിമ അവയവങ്ങൾ - കാൽ,കൈ എന്നിവ
4. സഞ്ചാര സഹായകങ്ങൾ - വിവിധ തരം ക്രച്ചസ് വാക്കേഴ്സ്
5. ലംബാർ കോർസെറ്റ്, സ്പൈനൽ ബ്രേസ്, ജാക്കറ്റ്, നിബേസ് സ്റ്റാറ്റിക് അല്ലെങ്കിൽ ഡൈനാമിക് സ്പിന്റ്സ്, വീൽചെയർ, കൈകൊണ്ട് ഉപയോഗിക്കുന്നതോ മോട്ടോർ മുഖേന പ്രവർത്തിക്കുന്നതോ ആയ പ്രത്യേകം രൂപകൽപ്പന ചെയ്ത ട്രൈ സൈക്കിളുകൾ.
6. സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ, ഇലക്ട്രിക്ക് സ്കൂട്ടർ എന്നിവ നൽകുന്നു.

### ♦ കേൾവി ശക്തി കുറഞ്ഞവർ

1. കേൾവി ശക്തി കുറഞ്ഞ കുട്ടികൾക്ക് കോക്ലിയർ ഇംപ്ലാന്റിന് ശേഷമുള്ള കേൾവി സഹായികളും മറ്റ് ഉപകരണങ്ങളും നൽകുന്നു.
2. കോക്ലിയർ ഇംപ്ലാന്റ് ചെയ്ത ഒരു കുട്ടിക്ക് ഉപകരണങ്ങളുടെ കാലാകാലങ്ങളിലുള്ള റിപ്പയറിംഗിന് ഓരോ വർഷവും 50,000 രൂപ നിരക്കിൽ ആകെ കുട്ടികൾക്ക് വേണ്ട തുക കണക്കാക്കി കുട്ടികളുടെ ലിസ്റ്റ് സഹിതം സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് ഗ്രാമപഞ്ചായത്തുകളും നഗരഭരണ സ്ഥാപനങ്ങളും നൽകുന്നു.

### ♦ മാനസിക വെല്ലുവിളി നേരിടുന്നവർ

1. മാനസിക വെല്ലുവിളി നേരിടുന്നവർക്ക് ഡോക്ടറുടെ നിർദ്ദേശാനുസരണം ഉള്ള കൗൺസിലിംഗ്, മരുന്നുകൾ എന്നിവ നൽകുന്നു.

## ♦ കാഴ്ച കുറഞ്ഞവർ

1. ചലനത്തിനായുള്ള പ്രത്യേക ഉപകരണങ്ങൾ, വൈറ്റ് കെയിൻ
2. ഹാൻഡ് ഹെൽഡ് സ്റ്റാൻഡ് ലൈറ്റ് ഉള്ളവയും അല്ലാത്തതുമായ മാഗ്നിഫയേഴ്സ്, സ്പീച്ച് സിന്തസൈസേഴ്സ്, കമ്പ്യൂട്ടർ/ലാപ്ടോപ്പ് ഇവയ്ക്ക് ആവശ്യമായ ബ്രെയിലി അറ്റാച്ച് മെന്റുകൾ, ടോക്കിംഗ് ഹിയറിംഗ സോഫ്റ്റ് വെയർ ഉള്ള ലാപ്ടോപ്പും കമ്പ്യൂട്ടറുകളും മറ്റ് അനുബന്ധ ഉപകരണങ്ങൾ.
3. കാഴ്ച കുറഞ്ഞവർക്കും കേൾവി ശക്തി കുറഞ്ഞവർക്കുമായി ടെലിഫോണിൽ ഘടിപ്പിക്കുന്ന ബ്രെയിലി അറ്റാച്ച്മെന്റുകൾ
4. ബ്രെയിലി എഴുത്തിന് ഉപകരിക്കുന്ന ഉപകരണങ്ങൾ - ഷോർട്ട് ഹാൻഡ് ബ്രെയിലി മെഷീൻ, പത്താം ക്ലാസ് ജയിച്ച വിദ്യാർത്ഥികൾക്ക് ബ്രെയിലി ടൈപ്പ് റൈറ്റർ, ടോക്കിംഗ് സൗകര്യത്തോടു കൂടിയ ലാപ്ടോപ്പ്/കമ്പ്യൂട്ടർ, കാൽക്കുലേറ്റർ, റെയ്സ്ഡ് മാപ്പ്, ഗ്ലോബ് തുടങ്ങിയവ.
5. പ്രത്യേക പഠന സാമഗ്രികൾ
6. കാഴ്ച ശക്തി ഇല്ലാത്തവർക്ക് ഉപയോഗിക്കാൻ കഴിയുന്ന തരത്തിലുള്ള വാച്ച്.

## ♦ ഭിന്നശേഷിയുള്ളവർക്ക് വേണ്ടിയുള്ള പ്രത്യേക പദ്ധതി

1. ഭിന്നശേഷിയുള്ളവർക്ക് വേണ്ടിയുള്ള ക്ഷേമ പരിപാടികളും പുനരധിവാസ- വികസന പരിപാടികളും പ്രത്യേക പദ്ധതിയുടെ ഭാഗമായി ഏറ്റെടുക്കുന്നു.
2. ഭിന്നശേഷിയുള്ളവർക്ക് അനുവദനീയമായ സ്കോളർഷിപ്പും ബത്തയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൽകി വരുന്നു.
3. 2016 ലെ ഭിന്നശേഷി അവകാശ നിയമപ്രകാരമുള്ള എല്ലാ വിഭാഗങ്ങളിലും ഉൾപ്പെട്ട വ്യക്തികൾക്ക്, ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള പ്രൊജക്റ്റുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു.
4. 2016 ലെ ഭിന്നശേഷി അവകാശ നിയമത്തെപറ്റി ഗ്രാമപഞ്ചായത്ത് തലത്തിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നു.
5. ഭിന്നശേഷിയുള്ളവർക്ക് വേണ്ടിയുള്ള തൊഴിൽ പരിശീലന കേന്ദ്രങ്ങൾ നടത്തുന്നു
6. തദ്ദേശസ്വയംഭരണ സ്ഥപനത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ ഭിന്നശേഷി സൗഹൃദമാക്കി മാറ്റുന്നതിനുള്ള പ്രൊജക്റ്റുകളും ഏറ്റെടുക്കുന്നു.

## ♦ സാമൂഹ്യ സുരക്ഷാ പെൻഷൻ

അർഹരായ എല്ലാ ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന ഗുണഭോക്താക്കൾക്കും സാമൂഹ്യ സുരക്ഷാ പെൻഷൻ (ഡിസബിലിറ്റി പെൻഷൻ) അനുവദിച്ചു വരുന്നു.

## ❖ കുടുംബശ്രീ

www.kudumbashree.org 04712554714

ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന അംഗങ്ങളുള്ള കുടുംബങ്ങൾക്ക് അവരുടെ പ്രത്യേക ആവശ്യങ്ങൾ നിറവേറ്റാനുള്ള സാഹചര്യങ്ങൾ കണക്കിലെടുത്തു കൊണ്ട് ഒരു പരിഹാരം കാണുക എന്ന ലക്ഷ്യത്തോടെയാണ് കുടുംബശ്രീ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് ബൗദ്ധിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായി ബഡ്സ് സ്കൂൾ എന്ന ആശയം നടപ്പിലാക്കിയത്. 18 വയസ്സിന് മുകളിലുള്ള ബുദ്ധിപരമായി വെല്ലുവിളി നേരിടുന്നവരെ പരിചരിക്കുന്നതിനും പുനരധിവസിപ്പിക്കുന്നതിനുമായി ഇവരുടെ തൊഴിലിനും ഉപജീവന പരിശീലനത്തിനും മുൻഗണന നൽകിക്കൊണ്ട് ബഡ്സ് പുനരധിവാസ കേന്ദ്രങ്ങളും (ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ) ആരംഭിച്ചു.

നിലവിൽ 359 ബഡ്സ് സ്ഥാപനങ്ങൾ (163 ബഡ്സ് സ്കൂളുകളും 192 റീഹാബിലിറ്റേഷൻ സെന്ററുകളും) സംസ്ഥാനത്തുടനീളം പ്രവർത്തിക്കുന്നു. ഈ സ്ഥാപനങ്ങളിലൂടെ 11500 പരിശീലനാർത്ഥികൾക്ക് അവരുടെ ദൈനംദിന ജീവിതം, പുനരധിവാസം, തൊഴിൽ പരിശീലനം എന്നിവയ്ക്ക് പിന്തുണ ലഭിക്കുന്നു. RCI രജിസ്ട്രേഷനോടൊപ്പം ഭിന്നശേഷിക്കാരുടെ വിദ്യാഭ്യാസത്തിനും പരിശീലനത്തിനും പ്രത്യേക യോഗ്യത നേടിയിട്ടുള്ള അധ്യാപകർ ഈ സ്ഥാപനങ്ങളിൽ സേവനം അനുഷ്ഠിക്കുന്നു.

### ♦ പ്രത്യേക ഉപജീവന പദ്ധതി

പ്രത്യേക ഉപജീവന പദ്ധതിയുടെ ഭാഗമായി ബഡ്സ് സ്ഥാപനങ്ങളിലെ കുട്ടികൾക്കും മാതാപിതാക്കൾക്കും ഉപജീവനം നൽകുക എന്ന ലക്ഷ്യത്തോടെ 162 സ്ഥാപനങ്ങളിൽ തൊഴിൽ പരിശീലനങ്ങൾ ആരംഭിച്ചു. തിരുവനന്തപുരം ജില്ലയിൽ ജില്ലാ ഭരണകൂടത്തിന്റെ സഹായത്തോടെ 'ഇതൾ' എന്ന പേരിൽ ബ്രാന്റ് ചെയ്ത് ഇവരുടെ ഉൽപ്പന്നങ്ങൾ വിപണിയിലെത്തിച്ചിട്ടുണ്ട്.

### ♦ ബഡ്സ് കലോത്സവം

ബഡ്സ് സ്ഥാപനങ്ങളിൽ പഠിക്കുന്ന കുട്ടികളുടെ മാനസിക ഉന്മേഷത്തിനും കുട്ടികൾക്ക് തങ്ങളുടെ കഴിവുകൾ പ്രദർശിപ്പിക്കാനും കുടുംബശ്രീ ബഡ്സ് കലോത്സവം സംഘടിപ്പിക്കുന്നു.

### ♦ ബഡ്സ് ദിനാഘോഷം

കേരളത്തിലെ ആദ്യത്തെ ബഡ്സ് സ്കൂൾ വെങ്ങാനൂർ ഗ്രാമപഞ്ചായത്തിൽ ഔദ്യോഗികമായി ഉദ്ഘാടനം ചെയ്യപ്പെട്ട ദിവസമായ ആഗസ്റ്റ് 16 ബഡ്സ് ഡേ ആയി ആഘോഷിച്ചു വരുന്നു.

### ♦ അമ്മമാർക്കും കുട്ടികൾക്കുമായി സൂക്ഷ്മ സംരംഭങ്ങൾ

2018-19 സാമ്പത്തിക വർഷത്തിൽ കുടുംബശ്രീയുടെ സൂക്ഷ്മ സംരംഭ പദ്ധതിയിൽ ഉൾപ്പെടുത്തി കുട്ടികൾക്കും അമ്മമാർക്കുമായി സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇത്തരം സൂക്ഷ്മ സംരംഭങ്ങൾ വളരെ മികച്ച രീതിയിലാണ് ബഡ്സ് സ്ഥാപനങ്ങളിൽ നടന്നുവരുന്നത്.

### ♦ സഞ്ജീവനി അഗ്രിതെറാപ്പി

ചെറു തോതിൽ കൃഷി ചെയ്ത് അതിൽ കുട്ടികൾ വ്യാപൃതരാകുമ്പോൾ അവർക്ക് മാനസികോല്ലാസവും ശാരീരിക വ്യായാമവും ലഭിക്കുന്നു. കേരളത്തിലെ എല്ലാ ബഡ്സ് സ്ഥാപനങ്ങളിലും ഈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

### ♦ സ്പെഷ്യൽ ബാലസഭകൾ

ഒന്നോ അതിൽ അധികമോ അയൽക്കൂട്ട പരിധിയിൽ ഉൾപ്പെടുന്നതും 15 മുതൽ 30 വരെകുട്ടികൾ (5 മുതൽ 18 വയസ്സ്) ചേർന്ന് രൂപപ്പെടുത്തുന്നതുമായ പ്രാദേശിക സംഘങ്ങൾ ആണ് ബാലസഭകൾ. വിവിധ ശിശു കേന്ദ്രീകൃത പരിപാടികളിലൂടെ അവരുടെ കഴിവുകളുംശേഷികളും വിപുലപ്പെടുത്തുന്നതിനു അവസരങ്ങൾ ഇതിലൂടെ സൃഷ്ടിക്കപ്പെടുന്നു.പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളായ എസ്.സി / എസ്.ടി, തീരദേശം, സ്പെഷ്യൽ ഹോമിലെ അന്തേവാസികൾ, ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർ എന്നിവർക്കായി സ്പെഷ്യൽ ബാലസഭകൾ രൂപീകരിച്ചു പ്രവർത്തിക്കുന്നു

## ❖ വ്യവസായ വാണിജ്യ വകുപ്പ്

https://industry.kerala.gov.in/ 04712302722

വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖേന നടപ്പിലാക്കിവരുന്ന ചെറുകിട യൂണിറ്റുകൾക്ക് നൽകുന്ന മാർജിൻമണി ഗ്രാന്റ് ( Margin Money Grant to Nano Units) പദ്ധതിയിൽ ഭിന്ന ശേഷിക്കാർക്ക് മുൻഗണന നൽകുന്നുണ്ട്. പദ്ധതി പ്രകാരം ഭിന്നശേഷി വിഭാഗക്കാർക്ക് മാർജിൻ മണി ഗ്രാന്റ് ആകെ പ്രൊജക്റ്റ് ചെലവിന്റെ 40% ഉം ഗുണഭോക്തൃ വിഹിതം കുറഞ്ഞത് 20%ഉം

ബാങ്ക് വായ്പ 40%ഉം ആയിരിക്കും. ഈ പദ്ധതിയിലൂടെ നൽകുന്ന പരമാവധി സഹായം 4 ലക്ഷം രൂപ ആണ്. വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖേന നടപ്പിലാക്കിവരുന്ന സംരംഭക സഹായ പദ്ധതി (ഇ.എസ്.എസ്.), ഒരു കുടുംബം ഒരു സംരംഭം പദ്ധതി , മാനുഫാക്ചറിംഗ് മേഖലയിലെ സ്റ്റാർട്ടപ്പുകൾക്കുള്ള സഹായ പദ്ധതി, നിലവിലുള്ള എം.എസ്.എം.ഇ കളില് സൂക്ഷ്മ സംരംഭങ്ങളില് നിന്ന് ചെറുകിട സംരംഭങ്ങളായും ചെറുകിട സംരംഭങ്ങളില് നിന്നും ഇടത്തരം സംരംഭങ്ങളായും ഉയര്ത്തിക്കൊണ്ട് വരുന്നതിനു സഹായം നൽകുന്ന പദ്ധതി , പ്രധാനമന്ത്രിയുടെ തൊഴില്ദായക പദ്ധതി (PMEGP) എന്നിവയ്ക്കും ഭിന്നശേഷിക്കാർക്ക് പദ്ധതി പ്രകാരം ഉള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നതാണ്.

❖ പൊതു വിദ്യാഭ്യാസ വകുപ്പ്

education.kerala.gov.in 04712325106

പൊതു വിദ്യാഭ്യാസ വകുപ്പ് മുഖാന്തരം ഭിന്നശേഷിക്കാരായ കുട്ടികൾക്ക് നൽകിവരുന്ന ആനുകൂല്യങ്ങൾ സംബന്ധിച്ച വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു

1. ഒന്നു മുതൽ എട്ട് വരെ ക്ലാസ്സുകളിൽ പഠിക്കുന്ന ഭിന്നശേഷിക്കാരായ കുട്ടികൾക്കുള്ള സാമ്പത്തികസഹായം

40% മോ അതിലധികമോ ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്കാണ് പ്രസ്തുത സാമ്പത്തിക സഹായത്തിന് അർഹതയുള്ളത്.

| ഇനം | ധന സഹായ തുക | വിഭാഗം |
|---|---|---|
| ബുക്ക് &സ്റ്റേഷനറി | പ്രതിവർഷം 1500 രൂപ | ശ്രവണവൈകല്യം(HI),കാഴ്ച ക്കുറവ്(VI),അസ്ഥിസംബന്ധ മായ വൈകല്യം (OH) ബുദ്ധി പരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ (MR) ഓട്ടിസം (Autism) എന്നിവർക്ക് മാത്രം |
| മെഡിക്കൽ കെയർ & ഹെൽത്ത് സപ്പോർട്ട് അലവൻസ് | പ്രതിവർഷം 2500 / രൂപ | ശ്രവണവൈകല്യം(HI),കാഴ് ക്കുറവ്(VI),അസ്ഥിസംബ ന്ധ മായ വൈകല്യം (OH) ബുദ്ധി പരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ (MR) ഓട്ടിസം (Autism) എന്നിവർക്ക് മാത്രം |

| ഇനം | ധന സഹായ തുക | വിഭാഗം |
|---|---|---|
| സ്പെഷ്യൽ അലവൻസ് റ്റു ബെഡ് റിഡൻ | പ്രതിവർഷം 2500 / രൂപ | കിടപ്പിലായ കുട്ടികൾക്കു മാത്രമായി നിജപ്പെടുത്തിയിരിക്കുന്നു |
| അലവൻസ് റ്റു പർച്ചെയ്സ് ബ്രെയിൽ ലേണിംഗ് മെറ്റീരിയൽസ് | പ്രതിവർഷം 2500/ രൂപ (ഒന്നുമുതൽ അഞ്ച് വരെയുള്ള ക്ലാസ്സുകളിലെ കുട്ടികൾക്ക്) പ്രതിവർഷം 4500/ രൂപ (6,7,8 ക്ലാസ്സിലെ കുട്ടികൾക്ക്) | കാഴ്ചക്കുറവുള്ള (VI) കുട്ടികൾക്ക് മാത്രമായി നിജപ്പെടുത്തിയിരിക്കുന്നു. |

2. മോഡൽ ഇൻക്ലൂസീവ് സ്കൂൾ

2022-23 സാമ്പത്തിക വർഷം മുതൽ പൊതു വിദ്യാഭ്യാസ വകുപ്പ് മുഖാന്തരം നടപ്പിലാക്കിയ പദ്ധതിയാണ് മോഡൽ ഇൻക്ലൂസീവ് സ്കൂൾ '.ഭിന്നശേഷിക്കാരായ കുട്ടികളെ ഉൾച്ചേരൽ വിദ്യാഭ്യാസത്തിലൂടെ സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കുന്നതിനാവശ്യമായ പിന്തുണ നൽകുക എന്ന ലക്ഷ്യത്തോടെയാണ് ഈ പദ്ധതി ആരംഭിച്ചിരിക്കുന്നത്. ഈ പദ്ധതിയിലൂടെ ഭിന്നശേഷിക്കാരായ കുട്ടികൾക്ക് ആവശ്യമായ തെറാപ്പി സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും, രക്ഷാകർത്താക്കൾക്കും ഇത്തരം കുട്ടികളുടെ സഹപാഠികൾക്കും അവബോധം നൽകുന്നതിനും സാധ്യമാകുന്നു. ബാരിയർ ഫ്രീ ക്ലാസ്സ് റൂം അറേഞ്ച്മെന്റ്, ഫർണിച്ചർ, ഫിക്സ്ചേഴ്സ്, മെഡിക്കൽ ചെക്ക്-അപ്പ്, ഇൻഡിവിജ്വൽ കെയർ പ്ലാൻ & റെക്കോർഡ്സ്, ടീച്ചിംഗ് ലേണിംഗ് എയ്ഡ്സ്, ബോധവൽക്കരണ-ശാക്തീകരണ പരിപാടികൾ, മ്യൂസിക്കൽ/ സ്പോർട്സ്/ ആർട്സ്, ക്രാഫ്റ്റ് ഐറ്റംസ്, സെൽഫ് ഡിഫൻസ് & എക്സ്പോഷർ ട്രിപ്പ്, ഡോക്യുമെന്റേഷൻ എന്നീ പ്രവർത്തനങ്ങൾ മേൽ പദ്ധതിയുടെ ഭാഗമായി ഉൾക്കൊള്ളിച്ചിട്ടുള്ളതാണ്.

3. വിവിധ പരീക്ഷാനുകൂല്യങ്ങൾ

പരീക്ഷ ഭവൻ നടത്തുന്ന വിവിധ പരീക്ഷകൾക്ക് (എസ്.എസ്.എൽ.സി. കെ.ജി.ടി.ഇ., ഡി.എൽ.എഡ്, പത്താംതരം തുല്യതാ പരീക്ഷ തുടങ്ങിയ പരീക്ഷകൾ) 40% മോ

അതിലധികമോ വൈകല്യമുള്ള (ശ്രവണവൈകല്യം, കാഴ്ചക്കുറവ്, അസ്ഥിസംബന്ധമായ വൈകല്യം, ഓട്ടിസം, ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ എന്നീ വിഭാഗം) വിദ്യാർത്ഥികൾക്ക് സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ പരീക്ഷാനുകൂല്യങ്ങൾ അനുവദിച്ചു നൽകുന്നുണ്ട്. ഇതിനു പുറമേ 21 തരം വൈകല്യങ്ങൾ അനുഭവിക്കുന്നവർക്ക് സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പ് നടത്തുന്ന എല്ലാ പൊതു പരീക്ഷകൾക്കും അർഹമായ പരീക്ഷാനുകൂല്യങ്ങളും നൽകി വരുന്നുണ്ട്. 40% മോ അതിലധികമോ വൈകല്യങ്ങൾ ഉള്ളവർക്കാണ് ഇത്തരത്തിലുള്ള സഹായങ്ങൾ നൽകുന്നത്.

2022-23 വർഷം എസ്.എസ്.എൽ.സി. പരീക്ഷയെഴുതിയ, RPwD Act 2016 ന്റെ പരിധിയിൽ വരുന്ന ഭിന്നശേഷിക്കാരായ (ശ്രവണവൈകല്യം, കാഴ്ചക്കുറവ്, അസ്ഥിസംബന്ധമായ വൈകല്യം, ഓട്ടിസം, ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ എന്നീ വിഭാഗം) വിദ്യാർത്ഥികൾക്കു പുറമേ പഠനവൈകല്യം, മെന്റൽ ഇൽനസ്സ്, ആക്സിഡന്റ്, ഹീമോഫീലിയ, എപ്പിലെപ്സി, സിക്കിൾസെൽ ഡിസീസ്, തലാസ്സീമിയ തുടങ്ങിയ 21 വിഭാഗങ്ങളിൽപ്പെട്ട അർഹരായ കുട്ടികൾക്കും പരീക്ഷാനുകൂല്യങ്ങൾ അനുവദിച്ചിരുന്നു.

4. ഓട്ടിസം പാർക്ക്

ഓട്ടിസം ഒരു ആജീവനാന്ത ന്യൂറോളജിക്കൽ ഡിസോർഡർ ആയതിനാൽ തന്നെ ഏത് വിദ്യാഭ്യാസ രീതിയിലും കുട്ടികൾക്ക് നിരന്തരമായ പിന്തുണ ആവശ്യമാണ്. അധ്യാപകരുടെ പ്രൊഫഷണൽ സമീപനവും ഗാർഹിക പരിസരത്തെ മനസ്സിലാക്കലും ഈ പ്രക്രിയയിൽ നിർണായകമാണ്. ഇതിലേക്കായി കേരളത്തിലെ 8 ജില്ലകളിൽ ഓട്ടിസം സെന്ററുകൾ ആരംഭിക്കാൻ സർക്കാർ തീരുമാനിക്കുകയും. അതിൻ പ്രകാരം മലപ്പുറം ജില്ലയിൽ ഓട്ടിസം പാർക്കിന്റെ നിർമാണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

5. സ്പെഷ്യൽ സ്കൂൾ പാക്കേജ്

സംസ്ഥാനത്ത് ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ പഠിക്കുന്ന സ്പെഷ്യൽസ്കൂളുകൾക്ക് പൊതുവിദ്യാഭ്യാസ വകപ്പ് മുഖാന്തരം സർക്കാർ പ്രത്യേക സാമ്പത്തിക സഹായം നൽകി വരുന്നു. പ്രസ്തുത പദ്ധതി പ്രകാരം സ്പെഷ്യൽ സ്കൂളുകളുടെ അടിസ്ഥാന സൗകര്യങ്ങൾ, ജീവനക്കാരുടെ യോഗ്യത, സ്കൂളുകൾ നൽകി വരുന്ന സേവനങ്ങൾ, കുട്ടികളുടെ എണ്ണം എന്നിവ പരിഗണിച്ച് സർക്കാർ നൽകുന്ന തുക സ്പെഷ്യൽ സ്കൂളുകൾക്കായി അനുവദിക്കുന്നു.

## ❖ സമഗ്ര ശിക്ഷ കേരള

https://ssakerala.in/ 0471-2320826

### പ്രത്യേക പരിഗണന അർഹിക്കുന്നവരുടെ വിദ്യാഭ്യാസം (ഉൾച്ചേർക്കൽ വിദ്യാഭ്യാസം)

1. **Purchase/Development of Instructional Training Materials**

പഠന/ബോധനപ്രക്രിയകൾ കൂടുതൽ രസകരമാക്കുന്നതിനും ഭിന്നശേഷി സൗഹൃദമൊരു ക്കുന്നതിനും ആധുനിക /ഡിജിറ്റൽ സാധ്യതകൾ പ്രയോജനപ്പെടുത്തി ക്ലാസ് മുറിയിലെ പഠനപ്രവർത്തനങ്ങൾ കൂടുതൽ ഭിന്നശേഷി സൗഹൃദമാക്കുന്നതിനായി അധ്യാപകർ ഉപയോഗിക്കുന്ന ബോധനസാമഗ്രികളും പരിശീലന പഠനസാമഗ്രികളും അനുരൂപീകൃത സാധ്യത പരിഗണിച്ചുകൊണ്ട് തയ്യാറാക്കുകയും, ആവശ്യമായവ വാങ്ങുകയും ചെയ്യുന്നു.

2. **Sports & Exposure Visit**

അനുരൂപീകൃത സാധ്യതകൾ പരിഗണിച്ച് പുതിയ സ്പോർട്സ് മാന്വൽ എസ്.സി.ഇ.ആർ.ടിയും, എസ്.എസ്.കെ.യും സംയുക്തമായി വികസിപ്പിക്കാൻ തീരുമാനിക്കുകയും ഇതിന്റെ ഭാഗമായി നിലവിലുള്ള കളികളും കായിക ഇനങ്ങളും ഭിന്നശേഷിക്കാർക്കു കൂടി അനുയോജ്യമാക്കുന്നതോടൊപ്പം പുതിയ ഇനങ്ങളും രൂപകല്പന ചെയ്ത് വരുന്നു. ബി.ആർ.സി.കൾ കേന്ദ്രീകരിച്ച് ഹെൽത്ത്, സ്പോർട്സ് ആൻറ് കൾച്ചറൽ ക്ലബ് രൂപീകരിച്ച് കലാകായിക ഇനങ്ങളിൽ പരിശീലനം നൽകി വരുന്നു. ഭിന്നശേഷി കുട്ടികൾക്ക് മാനസിക ഉല്ലാസത്തോടൊപ്പം നേരറിവ് സമ്പാദിക്കുന്നതിന് ആവശ്യമായ പ്രധാന പ്രവർത്തനമാണ് എക്സ്പോഷർ വിസിറ്റ്. ഇത്തരം പ്രവർത്തനങ്ങൾ വഴി ഇവരിൽ അറിവ് നിർമാണം, സാമൂഹ്യവൽക്കരണം ഇവ സാധ്യമാകുന്നു.

3. **തെറാപ്പി സേവനങ്ങൾ**

ശാരീരിക മാനസിക പരിമിതികളെ മറികടക്കുന്നതിനും ആത്മവിശ്വാസത്തോടെ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനും സഹായകമായ തെറാപ്പി സേവനങ്ങൾ ബി.ആർ.സി. തലത്തിൽ നൽകിവരുന്നു. മെഡിക്കൽ ക്യാമ്പിലെ വിദഗ്ധർ നിർദ്ദേശിച്ച പ്രകാരം ഫിസിയോതെറാപ്പി, സ്പീച്ച് തെറാപ്പി, ബിഹേവിയറൽ തെറാപ്പി, ഒക്കുപേഷനൽ തെറാപ്പി, മ്യൂസിക് തെറാപ്പി, ഹോർട്ടി കൾച്ചറൽ തെറാപ്പി, സ്മൈൽ തെറാപ്പി എന്നീ തെറാപ്പികൾ തെറാപ്പിസ്റ്റിന്റെ ലഭ്യതയ്ക്കനുസരിച്ചു ബി.ആർ.സി.കൾ ക്രമീകരിക്കുന്നു. പ്രീ പ്രൈമറി മുതൽ ഹയർ സെക്കണ്ടറിതലം വരെയുള്ള കുട്ടികൾക്കും തെറാപ്പി

സേവനങ്ങൾ ലഭ്യമാക്കും. ഓട്ടിസം സെന്ററുകൾ കേന്ദ്രീകരിച്ചാണ് പ്രധാനമായും തെറാപ്പി സേവനങ്ങൾ ലഭ്യമാക്കിവരുന്നത്.

### 4. പ്രധാനാധ്യാപകർ ഉൾപ്പടെയുള്ള വിവിധ ഭരണകർത്താക്കളുടെ പരിശീലനം

ഭിന്നശേഷി കുട്ടികളുടെ അവകാശങ്ങൾ, സവിശേഷതകൾ, ലഭ്യമായ ആനുകൂല്യങ്ങൾ, സഹായങ്ങൾ എന്നിവയെ സംബന്ധിക്കുന്ന ശാസ്ത്രീയ ധാരണ പ്രധാനാധ്യാപകരിൽ രൂപപ്പെടുത്തുന്നതിനായുള്ള പരിശീലനങ്ങൾ നൽകി വരുന്നു.

### 5. ചങ്ങാതിക്കൂട്ടം

സ്കൂളുകളിൽ വരാൻ സാധിക്കാത്തവിധം കിടപ്പിലായ കുട്ടികൾക്ക് സമഗ്ര ശിക്ഷാ കേരളയുടെ നേതൃത്വത്തിൽ ഗൃഹാധിഷ്ഠിത വിദ്യാഭ്യാസം നൽകി വരുന്നുണ്ട്. ഈ കുട്ടികൾക്ക് വിദ്യാലയ നേരനുഭവ സാധ്യതകൾ നൽകുന്നതിനും കൂട്ടുകൂടലിന്റെ മധുരമറിയുന്നതിനും വിദ്യാലയ പ്രവർത്തനങ്ങളുമായി കൂട്ടുകാർ വീട്ടിലേക്കെത്തി കുട്ടിയോടൊപ്പം അവധി ദിനങ്ങളും വിശേഷ ദിനങ്ങളും ചെലവഴിക്കുന്ന രീതിയിലാണ് ചങ്ങാതിക്കൂട്ടം രൂപപ്പെടുത്തി യിട്ടുള്ളത്.

### 6. സവിശേഷ പരിഗണന അർഹിക്കുന്ന കുട്ടികളുടെ സർവേ

പ്രീ -പ്രൈമറി തലം മുതൽ സവിശേഷ പരിഗണന അർഹിക്കുന്ന കുട്ടികൾക്കുള്ള പഠനവിടവ് തിരിച്ചറിയുന്നതിന് ശാസ്ത്രീയമായ സർവേ നടത്തുകയും സർവേയ്ക്കു ശേഷം ബ്ലോക്ക് തലത്തിൽ ബ്രിഡ്ജ് കോഴ്സ് പ്രവർത്തനങ്ങളും ആസൂത്രണം ചെയ്തു നടപ്പിലാക്കുകയും ചെയ്യുന്നു.

### 7. പഠന സാമഗ്രികൾ വികസിപ്പിക്കൽ

പ്രീ-പ്രൈമറി മുതൽ ഹയർ സെക്കൻററി വരെയുള്ള ക്ലാസ്സുകളിലെ കുട്ടികൾക്ക് പഠനത്തിൽ താല്പര്യം ജനിപ്പിക്കുന്നതിനും, നിർദ്ദിഷ്ട പഠനനേട്ടങ്ങൾ ഉറപ്പാക്കുന്നതിനും പ്രായവും ബൗദ്ധിക ശേഷിയും പരിഗണിച്ചു കൊണ്ടുള്ള പഠനസാമഗ്രികൾ ഒരുക്കുകയും. പഠനപ്രക്രിയ കൂടുതൽ സൗഹൃദമാക്കുന്നതിനായി ഡിജിറ്റൽ സഹായക ഉപകരണങ്ങൾ കുട്ടികൾക്ക് ലഭ്യമാക്കുകയും ചെയ്യുന്നു.

### 8. എൺവയോൺമെൻറ് ബിൽഡിംങ് പ്രോഗ്രാം

സമൂഹ കാഴ്ചപ്പാടിൽ അഭിലഷണീയമായ മാറ്റം ഉണ്ടാക്കുന്നതിനായി സ്വാഭാവികമായ സാഹചര്യങ്ങളും നേരനുഭവങ്ങളും സമൂഹത്തിനു ലഭ്യമാക്കുന്നതിനായാണ് എൻവയോൺമെൻറ് ബിൽഡിംങ് പ്രോഗ്രാം നടപ്പിലാക്കുന്നത്.

അതിനായി പ്രത്യേകം തയ്യാറാക്കപ്പെട്ട വീഡിയോകൾ, തെരുവ് നാടകങ്ങൾ, സ്കൂൾതല സ്ക്രിപ്റ്റ് രചനമത്സരങ്ങൾ, ഷോർട്ട് ഫിലിം മത്സരങ്ങൾ, ഫേസ്ബുക്ക് പോലുള്ള സാമൂഹ്യമാധ്യമ സാധ്യതകൾ, റേഡിയോ, ടെലിവിഷൻ പ്രക്ഷേപണ സാധ്യതകൾ എന്നിവ അതിനായി പ്രയോജനപ്പെടുത്തുന്നു.

8.1 രക്ഷാകർതൃ ശാക്തീകരണ പരിപാടികൾ – ഭിന്നശേഷി വിഭാഗത്തിലെ ഓരോ കാറ്റഗറിയേയും പ്രത്യേകം പരിഗണിച്ച് അതത് മേഖലയിലെ വിദഗ്ധരെ പങ്കെടുപ്പിച്ച് രക്ഷാകർതൃ ശാക്തീകരണ പരിപാടികൾ നടത്തുന്നു.

8.2 Scouts and Guides, JRC, NSS – വിദ്യാലയത്തിലെ സ്കൗട്സ് ആന്റ് ഗൈഡ്സ്, ജൂനിയർ റെഡ് ക്രോസ്, നാഷണൽ സർവീസ് സ്കീം എന്നിവയിൽ ഭിന്നശേഷിക്കാരായ കുട്ടികളുടെ പങ്കാളിത്തം ഉറപ്പുവരുത്തണം. ഇത് അവരിൽ ആത്മവിശ്വാസം വളർത്തുന്നതിനും, സാമൂഹ്യവത്കരണ ത്തിനും സഹായിക്കും. ഉദ്ദേശ്യപൂർണ്ണമായ ഉൾപ്പെടുത്ത ലിലൂടെ (Purposeful inclusion) കുട്ടികളുടെ പങ്കാളിത്തം ഉറപ്പിക്കാനാകും. സ്വഭാവ രൂപീകരണത്തിനും, നല്ല ശീലങ്ങൾ, സഹകരണം, സ്വയംനിയന്ത്രണം, നേതൃത്വപാടവം, സംഘാടനം, സഹവർത്തിത്തം എന്നീ ഗുണങ്ങൾ വളർത്തിയെടുക്കു ന്നതിനും സഹപാഠികളിൽ നല്ല മനോഭാവം ഉറപ്പാക്കുന്നതിനും ഇത് സഹായിക്കും.

8.3 ഫിലിം ഫെസ്റ്റിവൽ – ഭിന്നശേഷിക്കാരുടെ കഴിവുകൾ പ്രകടിപ്പിക്കുന്നതും സമൂഹത്തിന്റെ/ കുടുംബത്തിന്റെ/ വ്യക്തികളുടെ ഇടപെടൽ മൂലം ഭിന്നശേഷിക്കാരായ വ്യക്തികൾക്കുണ്ടായ മാറ്റങ്ങൾ പ്രകടമാക്കുന്നതുമായ സിനിമകൾ മുഴുവൻ ബി. ആർ.സികളിലും പ്രദർശിപ്പിക്കണം.

8.4 പ്രതിഭാസംഗമം – ഭിന്നശേഷിക്കാരായ കുട്ടികളുടെ സർഗാത്മക കഴിവുകൾ വർദ്ധിപ്പിക്കുന്നതിനുള്ള അവസരം നൽകുന്നു.

8.5 ഫ്ളവേഴ്സ് (ഭിന്നശേഷി കുട്ടികളുടെ ഫെസ്റ്റിവൽ) – ഭിന്നശേഷി വാരാചരണത്തോടനുബന്ധിച്ച് കുട്ടികളുടെ ചിത്രങ്ങൾ/പെയിൻറിംഗുകൾ/ക്രാഫ്റ്റ് വർക്കുകൾ മറ്റു ഉല്പ്പന്നങ്ങൾ എന്നിവ പ്രദർശിപ്പിക്കുന്ന പ്രവർത്തനമാണ് ഇതിലൂടെ ലക്ഷ്യം വെക്കുന്നത്. കുട്ടികളുടെ പെർഫോമൻസിനും അവസരം നല്കേണ്ടതുണ്ട്.

8.6 ജാലകങ്ങൾക്കപ്പുറം – കോവിഡ് കാലത്ത് സമഗ്രശിക്ഷ ഭിന്നശേഷി കുട്ടികൾക്ക് വേണ്ടി നടത്തിയ പ്രധാന ഇടപെടലാണ്

ജാലകങ്ങൾക്കപ്പുറം. ഓൺലൈനായി ജില്ലയിലെ ബി.ആർ.സികൾ മറ്റു ജില്ലകളിലെ ബി.ആർ.സി.കളുമായാണ് ട്വിന്നിംഗ് നടത്തിയിരുന്നത്.

8.7 ഭിന്നശേഷി സൗഹൃദവിദ്യാലയം – 1 മുതൽ 14 വയസുവരെയുള്ള കുട്ടികൾക്ക് സൗജന്യവും സാർവത്രികവും ഗുണമേന്മയുള്ളതുമായ വിദ്യാഭ്യാസം ഉറപ്പുവരുത്താൻ വിദ്യാഭ്യാസ അവകാശ നിയമം ആവശ്യപ്പെടുന്നു. കേരളത്തിലെ മുഴുവൻ വിദ്യാലയങ്ങളും ഭിന്നശേഷി സൗഹൃദമാക്കുക എന്ന ലക്ഷ്യമാണ്. സമഗ്രശിക്ഷ ഈ വർഷം മുന്നോട്ടു വെക്കുന്നത്. ഭിന്നശേഷി സൗഹൃദ വിദ്യാലയത്തിന്റെ സൂചകങ്ങൾ സ്കൂളിന് കൈമാറുകയും പരമാവധി സൂചകങ്ങൾ വിദ്യാലയങ്ങൾ നടപ്പിലാക്കുകയും 'എന്റെ വിദ്യാലയം ഭിന്നശേഷി സൗഹൃദം' എന്ന പ്രഖ്യാപനം നടത്തുകയും ബോർഡ് സ്ഥാപിക്കുകയും ചെയ്യേണ്ടതുണ്ട്. മികച്ച പ്രവർത്തനം നടത്തിയ വിദ്യാലയങ്ങൾക്ക് പുരസ്കാരം നൽകുകയും വേണം. ഗേറ്റ് മുതൽ സ്കൂൾ പരിസരം മുഴുവനും ക്ലാസ് മുറിയിലും ശുചിമുറിയിലും കൈ കഴുകുന്ന സ്ഥലത്തും തടസ്സരഹിതമായി സഞ്ചരിക്കുവാൻ ഭിന്നശേഷി കുട്ടികൾക്ക് അവസരമൊരുക്കേണ്ടതുണ്ട്.

## 9. ഹെൽപ്പർ/ആയ/അറ്റൻഡൻറ്

ഓട്ടിസം സെന്ററുകളിൽ എത്തിച്ചേരുന്ന കുട്ടികളിൽ ഭൂരിഭാഗം പേരും പ്രാഥമികാവശ്യങ്ങൾ പോലും നിർവഹിക്കാൻ സ്വയം പര്യാപ്തരല്ല. ഈ സാഹചര്യത്തിൽ അവിടെ ആയമാരുടെ സേവനം ലഭ്യമാക്കി അവരെ സഹായിക്കേണ്ടതുണ്ട്. അതുകൊണ്ടാണ് കേരളത്തിലെ മുഴുവൻ ഓട്ടിസം സെന്ററുകളിലും ആയമാരുടെ സേവനം മുൻ വർഷങ്ങളിൽ സമഗ്ര ശിക്ഷ ഉറപ്പാക്കിയിട്ടുള്ളത്. ഓട്ടിസം കുട്ടികളുടെ രക്ഷകർത്താക്കൾക്കാണ് ആയമാരുടെ തസ്തികയിൽ ജോലി നൽകിയിട്ടുള്ളത്. കൂടാതെ ആയമാരുടെ സേവനം ആവശ്യം ഉള്ള കുട്ടികൾ പഠിക്കുന്ന വിദ്യാലയങ്ങളിലായി 60 ആയമാരുടെ സേവനവും ഉറപ്പാക്കിയിട്ടുണ്ട്.

## 10. ഓഗ്മെന്റേഷൻ ഓഫ് ഓട്ടിസം സെന്റേർസ്

സംസ്ഥാനത്ത് ആകെ 168 ഓട്ടിസം സെൻററുകൾ വിവിധ ബി.ആർ.സി കളിലായി പ്രവർത്തിച്ചുവരുന്നു. ഓട്ടിസം വിഭാഗത്തിൽപ്പെട്ട കുട്ടികൾക്കാണ് പ്രാധാന്യം നൽകുന്നത്. വ്യക്തിഗത പരിശീലന രീതിയാണ് സ്വീകരിച്ചിട്ടുള്ളത്. വിവിധങ്ങളായ തെറാപ്പികൾ, ഡോക്ടർമാർ, തെറാപ്പിസ്റ്റുകൾ, ആയ തുടങ്ങിയവയുടെ സേവനങ്ങൾ ലഭ്യമാണ്. വ്യക്തിഗത ശ്രദ്ധയോടൊപ്പം പരിചരണവും പരിശീലനവും ഉറപ്പുവരുത്തുന്നതിന് സാധിക്കുന്നു. രക്ഷിതാക്കൾക്ക് തൊഴിൽ പരിശീലനങ്ങളും ചെറുവിപണന സാധ്യതയ്ക്കുള്ള അവസരവും സെന്റർ

കേന്ദ്രീകരിച്ച് ഉറപ്പുവരുത്തുന്നു. എല്ലാ ഓട്ടിസം കേന്ദ്രങ്ങളിലും ഓട്ടിസം വിഭാഗത്തിൽ സ്പെഷ്യൽ ട്രെയിനിംഗ് നേടിയ സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ സേവനം ഉറപ്പാക്കിയിട്ടുണ്ട്. Senosry Integration Therapy, Occupational Therapy, Speech Therapy, Behaviour Therapy എന്നിവയിലാണ് പ്രധാനമായും പരിശീലനം നല്കി വരുന്നത്.

11. **സോഷ്യൽ ഇൻക്ലൂഷൻ പ്രോഗ്രാം**

സവിശേഷ പരിഗണന അർഹിക്കുന്ന കുട്ടിയെ സ്വാഭാവികമായി സമൂഹത്തിലേക്ക് ഉൾച്ചേർക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് സോഷ്യൽ ഇൻക്ലൂഷൻ പ്രോഗ്രാമിന്റെ ഭാഗമായി ഒരുക്കുക. ഭിന്നശേഷി ദിനാചരണം, മറ്റു ദിനാചരണങ്ങൾ, രക്ഷാകർതൃ അവബോധ പരിപാടികൾ, രക്ഷാകർതൃ തൊഴിൽ പരിശീലനങ്ങൾ എന്നിങ്ങനെയുള്ള പ്രവർത്തനങ്ങളാണ് സോഷ്യൽ ഇൻക്ല്യൂഷൻ പ്രോഗ്രാമിന്റെ ഭാഗമായി നടത്തപ്പെടുക.

12. **എസ്കോർട്ട് അലവെൻസ്**

പ്രൊഫൗണ്ട് വിഭാഗത്തിൽ വരുന്ന കുട്ടികളെ വിദ്യാലയങ്ങളിലേക്കും തെറാപ്പി സെന്ററുകളിലേക്കും എത്തിക്കുന്നതിനായി രക്ഷിതാവ് കൂടെ വരേണ്ട സാഹചര്യമുണ്ട്. ഇത്തരം കുട്ടികളെ സ്കൂളിലേയ്ക്ക് എത്തിക്കുന്നതിനും വിദ്യാലയ പ്രവേശനം ഉറപ്പുവരുത്തുന്നതിനും മെഡിക്കൽ ക്യാമ്പിലൂടെ അർഹരായ കുട്ടികളെ കണ്ടെത്തി എസ്കോർട്ട് അലവൻസ് അനുവദിക്കുന്നു.

13. **റീഡർ അലവൻസ്**

കാഴ്ച പരിമിതിയുള്ള കുട്ടികൾക്ക് വായനയുടെ മാധുര്യം അറിയുന്നതിനായി റീഡറുടെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്. പാഠങ്ങൾ വായിച്ചു നല്കുന്നതിലൂടെ കൂടുതൽ പഠനനേട്ടങ്ങൾ ആർജിക്കുവാൻ കുട്ടിക്ക് സാധ്യമാകും.

14. **ട്രാൻസ്പോർട്ട് അലവെൻസ്**

സവിശേഷ പരിഗണന അർഹിക്കുന്നവർക്കായി പ്രത്യേകം വാഹന സൗകര്യങ്ങൾ ലഭ്യമാക്കേണ്ടത് അത്യാവശ്യമാണ്. ട്രാൻസ്പോർട്ട് അലവൻസിന് ആവശ്യമായ കുട്ടികളുടെ ലിസ്റ്റ് തയ്യാറാക്കി കുട്ടിയുടെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്പോർട്ട് അലവൻസ് എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നു.

15. **പെൺകുട്ടികൾക്കുള്ള സ്റ്റൈപ്പൻറ്**

സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന, 40 ശതമാനത്തിലധികം പരിമിതിയുള്ള പെൺകുട്ടികൾക്കാണ്

സ്കോളർഷിപ്പ് അനുവദിക്കുക. എലിമെൻററി വിഭാഗത്തിലും സെക്കൻററി വിഭാഗത്തിലും ഉള്ള പെൺകുട്ടികൾക്ക് 2000/ രൂപ വീതം ഇത്തരത്തിൽ അനുവദിക്കുന്നു.

## 16. ഗൃഹാധിഷ്ഠിത വിദ്യാഭ്യാസം

കേരളത്തിൽ ഗൃഹാധിഷ്ഠിത വിദ്യാഭ്യാസം നൽകേണ്ട 8427 കുട്ടികളുണ്ട്. ഈ കുട്ടികൾക്കും പഠനസാഹചര്യങ്ങളും പഠനാനുഭവങ്ങളും വ്യക്തിഗത ആവശ്യമനുസരിച്ച് ഉറപ്പാക്കേണ്ടതുണ്ട്. ഓരോ വർഷവും ആയിരത്തോളം കുട്ടികൾ വർധിക്കുന്ന സാഹചര്യത്തിൽ പഞ്ചായത്ത്തല വെൽഫെയർ കമ്മിറ്റികളുടെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തണം. നിലവിൽ ടാബ് സൗകര്യങ്ങൾ നല്കിയിട്ടുള്ള ഹോം ബേസ്ഡ് കുട്ടിയുടെ സ്കൂളിൽ ക്യാമറ സൗകര്യങ്ങൾ കൂടി ഏർപ്പെടുത്തിയാൽ ക്ലാസ്സ് റൂം നേരനുഭവം നൽകാനാവും. അതിനായി അധ്യാപകർക്ക് പ്രത്യേകം പരിശീലനം നൽകണം. ഹോം ബേസ്ഡ് കുട്ടികൾക്കായി സ്പെഷ്യൽ എഡ്യൂക്കേറ്റർ നല്കുന്ന സേവനങ്ങൾ ശാസ്ത്രീയമായി നിശ്ചയിച്ചു നൽകും. ഒപ്പം മറ്റ് വകുപ്പുകളെയും ഏജൻസികളെയും സംയോജിപ്പിച്ച് ഗൃഹാധിഷ്ഠിത വിദ്യാഭ്യാസത്തിനായി സമഗ്രമായ പദ്ധതി തയാറാക്കി, സർക്കാർ അനുമതിയോടെ പ്രാവർത്തികമാക്കും. കിടപ്പിലായ Educable-Trainable ആയ, സ്കൂളിൽ എത്തിച്ചേരാൻ കഴിയാത്ത മുഴുവൻ കുട്ടികളെയും കണ്ടെത്തി സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ നേതൃത്വത്തിൽ വീടുകളിൽ എത്തി അക്കാദമിക പിന്തുണ ഉറപ്പാക്കുന്നു. പ്രയോഗ പരീക്ഷണം എന്ന നിലയിൽ 1 ബി.ആർ.സി.യിലെ 2 കുട്ടികളുടെ കിടപ്പുമുറികളിൽ വെർച്ചൽ ക്ലാസ് റൂം തയാറാക്കിയിട്ടുണ്ട്.

## 17. ബ്രെയ്‌ലി മെറ്റീരിയലുകളുടെ വിതരണം (Braille Stationery Material)

കാഴ്ചപരിമിതിയുള്ള കുട്ടികൾക്ക് ആത്മവിശ്വാസത്തോടെ പഠന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനായി അക്ഷരങ്ങൾ തൊട്ടറിയുന്നതിനുള്ള പുസ്തകങ്ങളിലൂടെയും ടോക്കിങ് ടെക്സ്റ്റുകളിലൂടെയും പിന്തുണ നൽകേണ്ടതുണ്ട്. കാഴ്ച്ച പരിമിതരായ കുട്ടികളെ കണ്ടെത്തി ലിസ്റ്റ് തയ്യാറാക്കി കുട്ടികളുടെ ആവശ്യകത പരിഗണിച്ച് വേണ്ട സഹായ ഉപകരണങ്ങൾ, പുസ്തകങ്ങൾ ഡിജിറ്റൽ സാധ്യത പരിഗണിച്ച് വേണ്ട സോഫ്റ്റ് വെയർ, ആപ്പ് തുടങ്ങിയ ഉപകരണങ്ങൾ ഉൾപ്പെടെ നൽകുന്നു.

## 18. സഹായ ഉപകരണങ്ങളുടെ വിതരണം (Providing Aids & Appliances)

സവിശേഷ പരിഗണന അർഹിക്കുന്ന കുട്ടികളുടെ സ്കൂൾ അനുരൂപീകൃത പ്രവർത്തനങ്ങൾക്കു ഗുണപരമാകും വിധം മെഡിക്കൽ ക്യാമ്പിലൂടെ കണ്ടെത്തുന്ന മുഴുവൻ കുട്ടികൾക്കും ഡോക്ടർമാർ നിർദേശിക്കുന്ന സഹായക ഉപകരണങ്ങൾ നല്കുന്നു. (ശ്രവണസഹായി, ഓർത്തോ ഉപകരണങ്ങൾ, കണ്ണട)

19. **മെഡിക്കൽ ക്യാമ്പ്**

പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന കുട്ടികളിൽ ഉൾച്ചേർന്നു വിദ്യാഭ്യാസത്തിന്റെ ഭാഗമാകേണ്ട മുഴുവൻ കുട്ടികളെയും സർവേയിലൂടെ സ്പെഷ്യൽ എഡ്യൂക്കേറ്റർമാർ കണ്ടെത്തുകയും അവർക്കായി ബി.ആർ.സി.തലത്തിൽ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുകയും ചെയ്യുന്നു. സഹായഉപകരണങ്ങൾ, വിവിധ തെറാപ്പികൾ, വിവിധ തരത്തിലുള്ള അക്കാദമിക പിന്തുണ, വിവിധ അലവൻസുകൾ എന്നിവയ്ക്ക് അർഹരായവരെ കണ്ടെത്തുന്നു.

20. **In-service Training for Special Educators**

സംസ്ഥാനത്ത് എലിമെന്ററി, സെക്കന്ററി എഡ്യൂക്കേറ്റേഴ്സും ഉൾപ്പെടെ ആകെ 2886 സ്പെഷ്യൽ എഡ്യുക്കേറ്റർമാർ ആണുള്ളത്. പാഠഭാഗത്തിന്റെ അനുരൂപീകരണ സാധ്യത കണ്ടെത്തി ടി.എൽ.എം. തയ്യാറാക്കുമ്പോൾ ആധുനിക സാങ്കേതികവിദ്യയുടെ സഹായം പ്രയോജനപ്പെടുത്തുന്നതിനും സഹായ ഉപകരണങ്ങൾ കൈകാര്യം ചെയ്യുന്നതിൽ പ്രാവീണ്യം വർദ്ധിപ്പിക്കുന്നതിനും സഹായിക്കുന്ന പരിശീലനവും നൽകിവരുന്നു.

21. **സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ നിയമനം**

സംസ്ഥാനത്ത് 1521 എലിമെന്ററി സ്പെഷ്യൽ എഡ്യൂക്കേറ്റർമാരും, 1365 സെക്കന്ററി സ്പെഷ്യൽ എഡ്യൂക്കേറ്റർമാരും കൂടി ആകെ 2886 അധ്യാപകരെ കരാറടിസ്ഥാനത്തിൽ നിയമിച്ചു. ഈ അധ്യാപകരെ സംസ്ഥാനത്തെ 168 ബി.ആർ.സി.കളിലും 169 ഓട്ടിസം സെന്ററുകളിലുമായി വിന്യസിച്ചിട്ടുണ്ട്. ഇവരുടെ പ്രവർത്തനങ്ങൾ ഭിന്നശേഷി കുട്ടികൾ പഠിക്കുന്ന വിദ്യാലയങ്ങളിലായി ക്രമീകരിച്ചിട്ടുണ്ട്.

22. **Early Identification and Intervention**

വ്യത്യസ്തങ്ങളായ സാഹചര്യങ്ങളിൽ ജനിക്കുന്ന ഓരോ കുട്ടിയുടേയും സ്വാഭാവികമായ വളർച്ചക്കും വികാസത്തിനും വിഘാതമായി വരുന്ന ഘടകങ്ങളെ കഴിയുന്നത്ര വേഗത്തിൽ തിരിച്ചറിയുകയും അവ മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ ഒഴിവാക്കുകയും ചെയ്യാനും വേണ്ട പരിരക്ഷ നൽകാനും ശാസ്ത്രീയമായ അറിവുകളുടെ പിൻബലത്തോടെ ഘട്ടം ഘട്ടമായി ജീവിത വഴിയിലേക്ക് കൈപിടിച്ചുയർത്താനും ഇതിനൊക്കെയുള്ള മാർഗനിർദ്ദേശം നൽകലാണ് ഈ ഭാഗം കൊണ്ട് ലക്ഷ്യമാക്കുന്നത്.

## സാമൂഹ്യനീതി വകുപ്പിന് കീഴിലുള്ള ഓഫീസുകളുടെ പേരും വിലാസവും

| Index | Name of Office | Address | Contact No | Email ID |
|---|---|---|---|---|
| 1. | Directorate of Social Justice | Directorate of Social Justice, Vikas Bhavan, 5thFloor, Tvpm | 0471-2306040 | swdkerala@gmail.com |
| 2. | State Commissionerate for Persons with Disabilities | Ground Floor, Anjaneya Building, T.C 9/1023(1), Sasthamangalam, Tvpm - 695010 | 0471 -2347704 | scpwdkerala@gmail.com |
| 3. | Kerala Social Security Mission | Poojappura, Tvpm Kerala - 695012 | 0471-2341200 | socialsecuritymission@gmail |
| 4. | NISH – National Institute of Speech &Hearing | NISH Road, Sreekariyam P.O., Tvpm - 695 017 | 0471-2944666 | nishinfo@nish.ac.in |
| 5. | Kerala State Handicapped Persons' Welfare Corporation | Poojappura, Tvpm - 695012 | 0471-2347768 | Ks_kshpwc@yahoo.com |
| 6. | National Institute of Physical Medicine And Rehabilitation | Kallettumkara P.O, Thrissur -680683 | 0480-288-1959 | info@nipmr.org.in |

### ജില്ലാ സാമൂഹ്യനീതി ഓഫീസ്

| | | | | |
|---|---|---|---|---|
| 1. | District Social Justice Office, Thiruvananthapuram | Institution Complex, Near Vocational Training Centre & KSSM, Poojappura, Thiruvananthapuram | 0471-2343241 | dswotvmswd@gmail.com |
| 2. | District Social Justice Office, Kollam | Civil Station, Kollam | 0474 -2790971 | dsjosjdklm@gmail.com |
| 3. | District Social Justice Office, Pathanamthitta | Kappil Arcade, Doctor's Lane, College Road, Pathanamthitta | 0468-2325168 | dsjopta@gmail.com |
| 4. | District Social Justice Office, Pathanamthitta | Building of Federation of Blind, Near General Hospital, Palace ward Iron Bridge P.O., Alappuzha | 0477-2253870 | dswoalp@gmail.com |
| 5. | District Social Justice Office, Kottayam | Mini Civil Station, Thirunakkara, Kottayam | 0481-2563980 | dsjoktm@gmail.com |
| 6. | District Social Justice Office, Idukki | Thodupuzha P.O, Idukki | 0486-2228160 | dsjoidukki@gmail.com |

| | | | | |
|---|---|---|---|---|
| 7. | District Social Justice Office, Ernakulam | Civil Station, Kakkanad, Ernakulam, 682030 | 0484-2425377 | dsjoekm@gmail.com |
| 8. | District Social Justice Office,Thrissur | Mini Civil Station, Chembukkavu P.O, Thrissur | 0487-2321702 | dswotsrswd@gmail.com |
| 9. | District Social Justice Office, Palakkad | Civil station, Palakkad | 0491-2505791 | dswopkdswd@gmail.com |
| 10. | District Social Justice Office, Malappuram | District Social Justice Office, Civil Station, Malappuram | 0483-2735324 | dsjompm@gmail.com |
| 11. | District Social Justice Office, Wayanad | District Social Justice Office, Civil Station, Wayanad, Kalpetta | 0493-6205307 | dsjowyd@gmail.com |
| 12. | District Social Justice Office, Kannur | District Social Justice Office, Civil Station, F Block, Kannur | 0497-2997811 | dswoknrswd@gmail.com |
| 13. | District Social Justice Office, Kasargod | Civil station, Vidyanagar, Kasargod | 0499-4255074 | dswokgdswd@gmail.com |
| 14. | District Social Justice Office, Kozhikode | Civil Station, Kozhikode | 0495-2371911 | dsjokkd@gmail.com |


## ഭിന്നശേഷിക്കാർക്കുള്ള സ്ഥാപനങ്ങൾ

| Sl.No | Name of Office | Address | Contact No | Email ID |
|---|---|---|---|---|
| 1. | Asha Bhavan (Men), Thiruvananthapuram | Poojappura, Tvpm-695012 | 0471-2341955 | ashas5335@gmail.com |
| 2. | Asha Bhavan (Women), Thiruvananthapuram | Poojappura, Tvpm-695012 | 0471-2341944 | ashabhavanwomen@gmail.com |
| 3. | Home for Physically Handicapped, Thiruvananthapuram | Social Justice Institution Complex Poojappura, Tvpm - 695012 | 0471-2341090 | hph4womentvpm@gmail.com |
| 4. | Old Age Home for Physically Handicapped, Alappuzha | Mayithara P.O., Cherthala | 0478-2816696 | hphmayithara@gmail.com |
| 5. | Care Home for Disabled Children, Alappuzha | Alissery Ward, Civil Station P.O., Alappuzha - 688001 | 0477-2251291 | chdcalp@gmail.com |
| 6. | Old age Home for Physically Handicapped, Idukki | Muthalakkodam P.O., Pazhukkakulam, Thodupuzha via, Idukki District | 04862-297821 | hphforthe@gmail.com |
| 7. | Asha Bhavan (Men), Ernakulam | Kusumagiri P.O., Near IMG, Kakkanad, Ernakulam - 682030 | 4842428308 | ashabhavanekm@gmail.com |
| 8. | Home for Physically Handicapped (women), Ernakulam | Thevara Ferry, Kochi, Pin -682013 | 0484-2663688 | hphwekmswd@gmail.com |

| | | | | |
|---|---|---|---|---|
| 9. | Prathyasa Bhavan, Thrissur | Prathyasa Bhavan, Thrissur | 0487-2325863 | prathyashabhavanrvm@gmail.com |
| 10. | Old Age Home for Physically Handicapped and Aged, Palakkad | Thottakkattu Thara, Koduvayur, Palakkad | 4923251341 | hpholdagepkd@gmail.com |
| 11. | Pratheeksha Bhavan (Custodial Care Home), Malappuram | Pratheeksha Bhavan, Thrikkannapuram, Thavanur, Malappuram | 0494-2699050 | Pratheeshabhavanthavanurmlp@gmail.com |
| 12. | Old Age Home for Physically Handicapped, Wayanad | Home for Physically Handicapped (old age Home) Palli | 04936-285900 | hphwayanad@gmail.com |
| 13. | Vocational Training Centre (VTC), Kozhikode | Ozukkara, Mayanad (PO) Medical College (Via), Kozhikode | 0495-2351403 | vtckkd@gmail.com |
| 14. | Home for Physically Handicapped (HPH), Kozhikode | Bhinnasheshi sadanam, Ozhukkara, Mayanadu (P.O) Medical College (Via), Kozhikode | 0495-2355698 | hphclt@gmail.com |
| 15. | Government Asha Bhavan (Men), Kozhikode | Social welfare Complex, Marykunnu P.O Vellimadukunnu, Pin -673012, Kozhikode | 0495-2732454 | ashabhavanmenkkd@gmail.com |
| 16. | Home For Mentally Deficient Children (HMDC), Kozhikode | Social Justice Complex Vellimadukunnu P.O, Marikunnu, Kozhikode | 4952731632 | superintendent.hmdc64@gmail.com |
| 17. | Vocational Training Centre for Physically Handicapped, Tvpm | T.C 42/C-50, Poojapura, Thiruvananthapuram | 471234361 | vtctvm3618@gmail.com |
| 18. | Govt. Oldage Home & Fulltime Dementia care Centre, Edavanakkad | Oldage Home & Fulltimd Dementia care Centre, illathupady, Edavanakkad | 0484-2506990 | edavanakkadoldagehome@gmail.com |

SOCIAL JUSTICE DEPARTMENT
care, protection & empowerment

# സുനീതി പോർട്ടൽ




സംസ്ഥാന സർക്കാരിന്റെ പ്രഖ്യാപിത നയമായ ‘ സർക്കാർ സേവനങ്ങൾ വീട്ടുപടിക്കൽ’ എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി സാമൂഹ്യനീതി വകുപ്പ് മുഖേന നൽകുന്ന സേവനങ്ങൾ താമസംവിനാ ഗുണ ഭോക്താക്കൾക്ക് ലഭ്യമാക്കുക എന്നതാണ് ‘ സുനീതി’ പോർട്ടൽ കൊണ്ട് വിഭാവനം ചെയ്യുന്നത്. പൊതുജന ങ്ങൾക്ക് വകുപ്പിന്റെ വ്യക്തിഗത ഗുണഭോക്തൃ പദ്ധതി കളെ സംബന്ധിക്കുന്ന വിശദാംശങ്ങൾ അറിയുവാനും അപേക്ഷകൾ ഓൺലൈൻ വഴി സമർപ്പിക്കുവാനും പ്രസ്തുത പോർട്ടൽ മുഖേന സാധ്യമാകും. അപേക്ഷ കരിൽ നിന്നും അർഹരായവരെ തെരഞ്ഞെടുത്ത് സുതാര്യമായും സമയക്ലിപ്തത പാലിച്ചുകൊണ്ടും വകുപ്പിന്റെ ആനുകൂല്യങ്ങൾ നേരിട്ട് ഗുണഭോക്താ ക്കൾക്ക് ലഭ്യമാക്കുവാനും ഈ സംവിധാനത്തിലൂടെ സാധിക്കും.

**suneethi.sjd.kerala.gov.in**



SOCIAL JUSTICE DEPARTMENT
care, protection & empowerment

Web site : sjd.kerala.gov.in, Phone : 0471-2306040

Print @ SRI CHITRA HOME